കേരള സർക്കാർ

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

# സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ വാർഷിക ഭരണ റിപ്പോർട്ട്

# 2022-23

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ചത്, 2025.

# സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ

# വാർഷിക ഭരണ റിപ്പോർട്ട്

# 2022-23

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ 2022-23 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.9/2025/P&EA തീയതി,തിരുവനന്തപുരം, 31-07-2025

---

പരാമർശം:- സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 04/04/2025ലെ ഡിഇഎസ്/1641/2023/പിബി1 നമ്പർ കത്ത്

ഉത്തരവ്

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ 2022-23 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് ഉത്തരവാകുന്നു. ഭരണ റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
3. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം.
4. ഡയറക്ടർ, ഐ.എം.ജി, തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇന്ദ്രപ്രസ്ഥ എസ്റ്റേറ്റ്, റിംഗ് റോഡ്, ന്യൂ ഡൽഹി - 2
6. പൊതുഭരണ (പാർലമെന്റ്) വകുപ്പ്
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

## അദ്ധ്യായം : 1

## ആമുഖം

### 1.1 വകുപ്പ് രൂപീകരണം

സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളിലെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച്, ക്രോഡീകരിച്ച്, അപഗ്രഥിച്ച്, പ്രചരിപ്പിക്കുന്നതിൽ മുഖ്യപങ്കാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നിർവ്വഹിക്കുന്നത്. 1949-ൽ തിരുവിതാംകൂർ സർവ്വകലാശാലയുടെ ഗവേഷണ വകുപ്പിന്റെ കീഴിൽ ആരംഭിച്ച ഇംപ്രൂവ്മെന്റ് ഓഫ് അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് എന്ന പദ്ധതിയിലൂടെയാണ് വകുപ്പ് പ്രവർത്തനം ആരംഭിച്ചത്.

തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങളുടെ സംയോജനത്തിന് ശേഷം 1951-ൽ സംസ്ഥാന സർക്കാർ "ബോർഡ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ്" രൂപീകരിച്ചു. ഇതിന്റെ ചെയർമാനായി സർവ്വകലാശാല ഗവേഷണവകുപ്പ് ഡയറക്ടറേയും അംഗങ്ങളായി ഭക്ഷ്യ കാർഷിക വകുപ്പ് ഗവ.സെക്രട്ടറിയേയും സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പ്രൊഫസറേയും നിയോഗിച്ചു. സാങ്കേതിക കാര്യങ്ങളിൽ ബോർഡിന് ഉപദേശങ്ങൾ നൽകിയിരുന്നത് ബോർഡ് അംഗം കൂടിയായിരുന്ന സ്റ്റാറ്റിസ്റ്റിക്സ് പ്രൊഫസറായിരുന്നു. 1954-ൽ ബോർഡ് ഓഫ് സ്റ്റാറ്റിസ്റ്റിക്സിനെ 'സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്' ആയി പുനഃസംഘടിപ്പിക്കുകയും വകുപ്പ് തലവനെ സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറായി നാമകരണം ചെയ്യുകയും ചെയ്തു. തിരുവിതാംകൂർ യൂണിവേഴ്സിറ്റിയിലെ സ്റ്റാറ്റിസ്റ്റിക്സ് പ്രൊഫസർക്ക് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറുടെ അധിക ചുമതല കൂടി നൽകിയിരുന്നു.

1956-ൽ തിരു-കൊച്ചി സംസ്ഥാനത്ത് 4 ജില്ലകളിൽ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകൾ രൂപീകരിച്ചു. 1957-ൽ മലബാർ മേഖലകളിൽ കൂടി ജില്ലാ ഓഫീസുകളും താലൂക്ക് ഓഫീസുകളും രൂപീകരിച്ചു.

സംസ്ഥാന സമ്പദ്ഘടനയുടെ വ്യത്യസ്ത മേഖലകളെക്കുറിച്ചുള്ള ഗവേഷണങ്ങൾക്കും സാമ്പത്തിക വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനുമായി 1958-ൽ 'ബ്യൂറോ ഓഫ് ഇക്കണോമിക് സ്റ്റഡീസ്' രൂപീകരിക്കുകയുണ്ടായി. തുടർന്ന് 1963-ൽ 'ബ്യൂറോ ഓഫ് ഇക്കണോമിക് സ്റ്റഡീസ്', 'സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്' എന്നീ വകുപ്പുകൾ സംയോജിപ്പിച്ച് 'ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്' രൂപീകരിച്ചു.

1967 'ബ്യൂറോ ഓഫ് ഇക്കണോമിക്സ് സ്റ്റഡീസ് ഡയറക്ടറെ മെമ്പർ സെക്രട്ടറിയായി ഉൾപ്പെടുത്തി പ്ലാനിംഗ് ബോർഡ് രൂപീകൃതമായി. 1980-ൽ 'ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്' എന്ന വകുപ്പിനെ 'ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്' എന്ന് പുനർനാമകരണം ചെയ്തു.

| ഓഫീസിന്റെ പേര് | സ്ഥാപിതമായ തീയതി | ഉത്തരവ് | ഉദ്ദേശ്യ ലക്ഷ്യം |
|---|---|---|---|
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് | 08/08/1980 | G.O (Rt) 366/80/Plg dt. 08/08/1980 | കാർഷിക, സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ശേഖരണം, ക്രോഡീകരണം, അപഗ്രഥനം, പ്രചരിപ്പിക്കൽ |

1.2 വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ

- സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളിലെ സ്ഥിതിവിവരക്കണക്ക് ശേഖരണം, തരം തിരിക്കൽ, വിശകലനം, പ്രചരണം.
- കാലികപ്രസക്തിയുള്ള വിഷയാധിഷ്ഠിത ഹ്രസ്വ സർവേകൾ, ഗ്രാമവികസന പരിപാടികളുടെ ദ്രുതാവലോകനം, പ്രാദേശികതല വിവരശേഖരണം.
- ഭാരത സർക്കാരിന്റേയും മറ്റ് സംസ്ഥാന സർക്കാരിന്റേയും സ്ഥിതിവിവരക്കണക്ക് ഏജൻസികളുമായി ആശയവിനിമയം.
- സാമൂഹ്യ-സാമ്പത്തിക മേഖലകളിലെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പങ്കാളികളാകുക.
- ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി/പദ്ധതിയേതര പരിപാടികൾക്ക് ആവശ്യമായ സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം.
- വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഏകോപിപ്പിക്കുക
- സർവേ/പഠനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

1.3 കളക്ഷൻ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആക്ട്-2008

രാജ്യത്തെ സ്ഥിതിവിവരക്കണക്ക് ശേഖരണത്തിന് കൂടുതൽ നിയമപരമായ പിന്തുണ നൽകികൊണ്ട് 2008-ൽ സ്ഥിതിവിവരക്കണക്ക് ശേഖരണ ആക്ടും തുടർന്ന് 2011-ൽ ഇതിൻ പ്രകാരമുള്ള ചട്ടങ്ങളും നിലവിൽ വന്നു. ഈ നിയമം നടപ്പാക്കുന്നതിനു മുൻപ്

നിലനിന്നിരുന്ന 1953-ലെ സ്ഥിതിവിവരക്കണക്ക് ശേഖരണ ആക്ടിൽ വാണിജ്യം, വ്യവസായം എന്നീ മേഖലകളിലെ വിവരശേഖരണത്തിനുള്ള നിയമപരമായ പിന്തുണ മാത്രമാണുണ്ടായിരുന്നത്. ഡോ.സി.രംഗരാജന്റെ അധ്യക്ഷതയിലുള്ള നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ 1953-ലെ സ്ഥിതിവിവരശേഖരണ ആക്ടിന്റെ പരിമിതികളെ സംബന്ധിച്ച് സുപ്രധാന നിരീക്ഷണങ്ങൾ നടത്തി, അതിന്റെ വ്യാപ്തി വിപുലീകരിച്ചുകൊണ്ട് ഒരു പുതിയ ആക്ട് പാസാക്കുന്നതിന് ശിപാർശ ചെയ്തു. ഈ ശിപാർശകൾക്കനുസൃതമായി കേന്ദ്രസർക്കാർ കളക്ഷൻ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആക്ട് - 2008 എന്ന പുതിയ നിയമ നിർമ്മാണം നടത്തുകയും 09/01/2009 - ന് ഇത് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

വകുപ്പ് നടത്തിവരുന്ന ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ്, എൻ.എസ്.എസ്. റൗണ്ട് സർവേകൾ തുടങ്ങിയവയുടെ വിവരശേഖരണത്തിന് ഈ നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു.

## 1.4 കേരള സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാൻ

സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും വിവരശേഖരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിനായി മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇന്ത്യാ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രങ്തനിംഗ് പ്രോജക്ട്. സംസ്ഥാനത്തെ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സർക്കാർ തലത്തിൽ പോളിസികൾ ആവിഷ്കരിക്കുന്നതിനുമായി കൃത്യവും കാലികവുമായ സ്ഥിതിവിവരക്കണക്കുകൾ അനിവാര്യമാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ടിൽ പങ്കാളിയാകുവാനും അതുവഴി സ്ഥിതിവിവരക്കണക്ക് സംവിധാനം മെച്ചപ്പെടുത്തുവാനും സംസ്ഥാന സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിനെ പദ്ധതിയുടെ നോഡൽ ഏജൻസിയായി സംസ്ഥാന സർക്കാർ നിയോഗിച്ചു.

## അദ്ധ്യായം : 2
## വകുപ്പ്ഘടന

### 2.1 ആമുഖം

സംസ്ഥാനത്തെ ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകളുടെ പ്രധാന സ്രോതസ്സാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്. സംസ്ഥാന സർക്കാരിന്റെ സ്റ്റാറ്റിസ്റ്റിക്കൽ ഏജൻസിയായി പ്രവർത്തിക്കുന്നതിനാൽ സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലെയും വിവരശേഖരണം, ക്രോഡീകരണം, അപഗ്രഥനം, പ്രചരണം എന്നിവ ഈ വകുപ്പ് നിർവഹിക്കുന്നു. വകുപ്പ് ആസ്ഥാനമായ ഡയറക്ടറേറ്റിൽ ഭരണനിർവഹണ വിഭാഗത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും സാങ്കേതിക വിഭാഗത്തിൽ മൂന്ന് അഡീഷണൽ ഡയറക്ടർമാരും ഡയറക്ടറെ സഹായിക്കുന്നു.

സ്ഥിതിവിവരക്കണക്ക് സംബന്ധമായ ജോലികൾ കൈകാര്യം ചെയ്യുന്നതിനായി ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർമാരുടെ നേതൃത്വത്തിൽ വിവിധ വിഭാഗങ്ങളും ജോയിന്റ് ഡയറക്ടർമാരുടെ നിയന്ത്രണത്തിൽ ഉപവിഭാഗങ്ങളും പ്രവർത്തിക്കുന്നു. ഈ ഉപവിഭാഗങ്ങളെ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ യൂണിറ്റുകളായി തിരിച്ച് ഓരോ യൂണിറ്റിന്റേയും ചുമതല ഡെപ്യൂട്ടി ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ/റിസർച്ച് ഓഫീസർ എന്നിവർക്ക് നൽകിയിരിക്കുന്നു. ജോലി ഭാരം, സ്വഭാവം എന്നിവ കണക്കിലെടുത്ത് ഓരോ സാങ്കേതിക യൂണിറ്റിലും റിസർച്ച് ഓഫീസർ, റിസർച്ച് അസിസ്റ്റന്റ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് എന്നിവർ ഉണ്ടായിരിക്കും. ഭരണ നിർവ്വഹണ വിഭാഗത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് എന്നിവരും സഹായിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ 14 ജില്ലാ ഓഫീസുകളും താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ നിയന്ത്രണത്തിൽ 62 താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളും പ്രവർത്തിക്കുന്നു. ജില്ലാ ഓഫീസുകളിൽ ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിൽ ജില്ലാ ഓഫീസർ, അഡീഷണൽ ജില്ലാ ഓഫീസർ, റിസർച്ച് ഓഫീസർ, റിസർച്ച് അസിസ്റ്റന്റ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് എന്നിവരും താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ കീഴിൽ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ, ഇൻവെസ്റ്റിഗേറ്റർമാർ എന്നിവരും പ്രവർത്തിച്ചു വരുന്നു.

സ്ഥിതിവിവരക്കണക്ക് സംബന്ധമായ ജോലികൾക്കായി റിസർച്ച് ഓഫീസർ മുതൽ ജോയിന്റ് ഡയറക്ടർ വരെയുള്ളവരുടെ നേതൃത്വത്തിൽ ഇതരവകുപ്പുകളിൽ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ പ്രവർത്തിക്കുന്നു. ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ നിയന്ത്രണത്തിൽ എല്ലാ ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും റിസർച്ച് അസിസ്റ്റന്റ് തസ്തികയ്ക്ക് സമാനമായ എക്സ്റ്റൻഷൻ ഓഫീസർ (പി&എം) സേവനം അനുഷ്ഠിച്ചു വരുന്നു.

**2.2 സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA)**

സംസ്ഥാനങ്ങളിലെ സ്ഥിതിവിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ (MOSPI) പദ്ധതിയായ ഇന്ത്യാ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്തനിംഗ് പ്രോജക്ടിന്റെ (ISSP) ഭാഗമായി 2011 - 12 ൽ സംസ്ഥാനത്ത് ആരംഭിച്ച പദ്ധതിയാണ് കേരള സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാൻ (KLSSSP). സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജീവനക്കാർക്ക് അന്തർദേശീയ നിലവാരത്തിലുള്ള ഒരു പരിശീലന സ്ഥാപനം ഈ പദ്ധതിയിൽ ശിപാർശ ചെയ്തിരുന്നു. ആയതിൻ പ്രകാരം സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA) 06/08/2015 ലെ ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പിന്റെ 7501/ബി1/15/പ്ലാനിംഗ് നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 30/09/2015-ൽ കാട്ടാക്കടയിൽ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് 01/03/2017 ലെ ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പിന്റെ G.O(Rt.)No.87/17/Plg. നമ്പർ ഗവൺമെന്റ് ഓർഡർ പ്രകാരം 01/06/2017 മുതൽ SASA തിരുവനന്തപുരം ജില്ലയിൽ കൈമനത്ത് പ്രവർത്തിച്ചുവരുന്നു.

**റിപ്പോർട്ട് വർഷത്തെ പ്രധാന ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ**

| തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം | 2022-23 കാലയളവിൽ ജോലി ചെയ്യുവരുടെ എണ്ണം | നിയമന രീതി |
|---|---|---|---|
| ഡയറക്ടർ | 1 | 1 | അഡീഷണൽ ചാർജ്ജ് |
| ഡെപ്യൂട്ടി ഡയറക്ടർ | 1 | 1 | അഡീഷണൽ ചാർജ്ജ് |
| റിസർച്ച് ഓഫീസർ | 1 | 1 | വർക്കിംഗ് അറേഞ്ച്മെന്റ് |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II | 1 | 1 | വർക്കിംഗ് അറേഞ്ച്മെന്റ് |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I | 1 | 1 | വർക്കിംഗ് അറേഞ്ച്മെന്റ് |
| യു.ഡി.ടൈപ്പിസ്റ്റ് | 1 | 1 | വർക്കിംഗ് അറേഞ്ച്മെന്റ് |
| ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 2 | 2 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് |
| കാഷ്വൽ സ്വീപ്പർ (താൽക്കാലികം) | 2 | 2 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് |

2.3 കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മിഷൻ

വകുപ്പിലെയും മറ്റ് വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലേയും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ വിവിധ വിഷയങ്ങളിൽ ആവശ്യമായ പരിശീലനങ്ങൾ നൽകുക, സ്ഥിതിവിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന ശില്പശാലകൾ/സെമിനാറുകൾ സംഘടിപ്പിക്കുക, പഠന ഗവേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുക, ഇതര സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും സാങ്കേതിക ഉപദേശം നൽകുക തുടങ്ങിയവയാണ് കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ. കേരളത്തിന്റെ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വരുമാനം, കൃഷി, വ്യവസായം, പശ്ചാത്തല സൗകര്യം എന്നീ മേഖലകളിലെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ദാരിദ്ര്യം, ലിംഗനീതിവിശകലനം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, ജോലി, പരിസ്ഥിതി എന്നീ മേഖലകളിലെ സാമൂഹിക പാരിസ്ഥിതിക സ്ഥിതിവിവരക്കണക്ക് പൊതുമണ്ഡലത്തിൽ വരുത്തുന്നതിനും, സെൻസസ്, സാമ്പിൾ സർവേകൾ, സ്ഥിതിവിവരക്കണക്ക് വിശകലനം, സ്റ്റാറ്റിസ്റ്റിക്കൽ ഇൻഫർമേഷൻ സിസ്റ്റം എന്നീ രംഗങ്ങളിലെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വിദ്യകളുടെ പ്രയോഗം നമ്മുടെ സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന് വേണ്ടിയും, രൂപീകരിച്ചിട്ടുള്ളതാണ് കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മിഷൻ. സ്ഥിതിവിവരക്കണക്ക് മേഖലയിൽ വൈദഗ്ധ്യമുള്ളവർ അടങ്ങുന്ന മൂന്ന് വർഷം കാലാവധിയുള്ള കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മിഷൻ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.പി.സി.മോഹനനൻ ചെയർമാനായും, ശ്രീ.എ.മീരാ സാഹിബ് റിട്ട.ഡയറക്ടർ (സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്) ഫുൾടൈം അംഗമായും പ്രൊഫ.മധുരസ്വാമിനാഥൻ (പ്രൊഫസർ, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബാംഗ്ലൂർ), ഡോ.വി.സുർജിത് വിക്രമൻ (അസ്സോസിയേറ്റ് പ്രൊഫസർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റ്, ഹൈദരാബാദ്)എന്നിവർ പാർട്ട്ടൈം അംഗങ്ങളായും 14/03/2020 ലെ G.O(Ms)NO.11/2020/Plg നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ളതാണ് നിലവിലെ കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മിഷൻ.

മനുഷ്യവിഭവശേഷി

| തസ്തികയുടെ പേര് | അനുവദിച്ചിട്ടുള്ള തസ്തികയുടെ എണ്ണം സ.ഉ.(സാധാ)നം 36/2023/P&EA തീയതി. 28/01/2023 സർക്കാർ ഉത്തരവ് പ്രകാരം | ടി കാലയളവിൽ ജോലി ചെയ്യുവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| സെക്രട്ടറി | 1 | 1 | ഫുൾ ടൈം വർക്കിങ് അറേഞ്ച്മെന്റ് |
| അസിസ്റ്റന്റ് ഡയറക്ടർ | 1 | 1 | ഫുൾ ടൈം വർക്കിങ് അറേഞ്ച്മെന്റ് |
| റിസർച്ച് ഓഫീസർ | 1 | 1 | ഫുൾ ടൈം വർക്കിങ് അറേഞ്ച്മെന്റ് (03.02.2023 മുതൽ 31.03.2023 വരെ) |
| റിസർച്ച് അസിസ്റ്റന്റ് | 1 | 1 | ഫുൾ ടൈം വർക്കിങ് അറേഞ്ച്മെന്റ് (03.02.2023 മുതൽ 31.03.2023 വരെ) |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I | 1 | 1 | ഫുൾ ടൈം വർക്കിങ് അറേഞ്ച്മെന്റ് (1.04.2022 മുതൽ 31.03.2023 വരെ) |
| ഓഫീസ് അറ്റൻഡന്റ് | 1 | 1 | ഫുൾ ടൈം വർക്കിങ് അറേഞ്ച്മെന്റ് (1.04.2022 മുതൽ 31.03.2023 വരെ) |

2.4 വകുപ്പിലെ പ്രധാന ഓഫീസുകളുടെ പേരും അഡ്രസും

I. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം

| ക്രമനം. | തസ്തിക | പേരും കാലയളവും | ഫോൺ/ഫാക്സ് |
|---|---|---|---|
| 1 | ഡയറക്ടർ | ശ്രീ.സജീവ്.പി.പി | Ph:0471-2305318<br>Fax:0471-2305317 |
| 2 | അഡീഷണൽ ഡയറക്ടർ (ജനറൽ) | ശ്രീ.സജീവ്.പി.പി<br>(അധിക ചുമതല)<br>01/04/2022-09/05/2022) | Ph: 0471-2304711 |
| | | ശ്രീമതി.ലതാകുമാരി.സി.എസ്<br>09/05/2022 മുതൽ | |
| 3 | അഡീഷണൽ ഡയറക്ടർ (സ്റ്റേറ്റ് ഇൻകം) | ശ്രീമതി.ലതാകുമാരി.സി.എസ്<br>05/05/2022 വരെ | |
| | | ശ്രീ.പി.ഡി.സന്തോഷ്കുമാർ<br>05/05/2022 മുതൽ | Ph:0471-2306039 |
| 4 | അഡീഷണൽ ഡയറക്ടർ (പ്രൈസസ്) | ശ്രീ.പി.ഡി.സന്തോഷ്കുമാർ<br>05/05/2022 വരെ | |
| | | ശ്രീ.ശ്രീകുമാർ.ബി<br>26/07/2022 മുതൽ<br>(06/05/2022 മുതൽ<br>26/07/2022 വരെ<br>സെക്രട്ടറിയേറ്റിലെ PIE&MD<br>വിഭാഗത്തിൽ<br>സേവനമനുഷ്ഠിച്ചു ) | Ph: 0471-2306039 |
| 5 | സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ശ്രീ.നിപുൺ ജോസഫ് | Ph:0471-2303935 |

II. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്: ജില്ലാ ഓഫീസുകൾ, ഓഫീസ് തലവന്മാർ (ഡെപ്യൂട്ടി ഡയറക്ടർ)

| ക്രമനം. | ജില്ല | പേരും കാലയളവും | ഫോൺ/ഫാക്സ് |
|---|---|---|---|
| 1 | തിരുവനന്തപുരം | ശ്രീ.അനീഷ്കുമാർ.ബി | Ph.0471-2533727<br>Fax:0471-2533727 |
| 2 | കൊല്ലം | ശ്രീ.വിജയകുമാർ.ബി | Ph:0474-2793418<br>Fax:0474-2793418 |

| | | | |
|---|---|---|---|
| 3 | പത്തനംതിട്ട | ശ്രീമതി.ശാലിനി.പി.കെ<br>01/09/2022 വരെ<br>ശ്രീമതി.ജ്യോതിലക്ഷ്മി.പി.കെ<br>01/09/2022 മുതൽ | Ph.0468-2322748<br>Fax.0468-2322748 |
| 4 | ആലപ്പുഴ | ശ്രീ.അബ്ദുൽസലാം.എസ് | Ph.0477-2252312<br>Fax.0477-2252312 |
| 5 | കോട്ടയം | ശ്രീമതി.മേരി ജോർജ്ജ്<br>20/08/2022 വരെ<br>ശ്രീ.അജിത്കുമാർ.പി.കെ<br>20/08/2022 മുതൽ | Ph.0481-2562073<br>Fax.0481-2562073 |
| 6 | ഇടുക്കി | ശ്രീ.അജിത്കുമാർ.പി.കെ<br>19/08/2022 വരെ<br>ശ്രീ.സി.എൻ.രാധാകൃഷ്ണൻ<br>ജില്ലാ ഓഫീസർ<br>(അധിക ചുമതല)<br>(20/08/2022 മുതൽ 29/08/2022 വരെ)<br>ശ്രീമതി.മേരി ജോർജ്ജ്<br>30/08/2022 മുതൽ | Ph. 04862-222856<br>Fax.04862-222856 |
| 7 | എറണാകുളം | ശ്രീമതി.സിൻസിമോൾ ആന്റണി.കെ<br>29/08/2022 വരെ<br>ശ്രീ.ഷോജൻ.എ.പി<br>29/08/2022 മുതൽ | Ph. 0484-2422533<br>Fax. 0484-2427705 |
| 8 | തൃശ്ശൂർ | ശ്രീ.ഷോജൻ.എ.പി<br>26/08/2022 വരെ<br>ശ്രീമതി.ലേഖ.കെ.റ്റി<br>ജില്ലാ ഓഫീസർ (അധിക ചുമതല)<br>(27/08/2022 31/08/2022)<br>ശ്രീമതി.സിൻസിമോൾ ആന്റണി.കെ<br>01/09/2022 മുതൽ | Ph. 0487-2361339<br>Fax.0487-2361339 |
| 9 | പാലക്കാട് | ശ്രീമതി.സിനി കാസിം | Ph. 0491-2505106<br>Fax.0491-2505106 |
| 10 | മലപ്പുറം | ശ്രീമതി.ധന്യ.എ<br>19/05/2022 വരെ<br>ശ്രീമതി.ശ്രീജയ.പി.കെ<br>20/05/2022 മുതൽ | Ph.0483-2734939<br>Fax. 0483-2734939 |
| 11 | കോഴിക്കോട് | ശ്രീ.വി.രാജേഷ് | Ph.0495-2370343<br>Fax.0495-2370343 |

| | | | |
|---|---|---|---|
| 12 | വയനാട് | ശ്രീമതി.ഷീന.പി | Ph.04936-202633<br>Fax.04936-202633 |
| 13 | കണ്ണൂർ | ശ്രീ.ഇ.വി.പ്രേമരാജൻ | Ph.04972-700405<br>Fax.04972-700405 |
| 14 | കാസർഗോഡ് | ശ്രീ.അഭിനേഷ്.എസ്.എസ് | Ph. 04994-256474<br>Fax. 04994-256474 |

### III. ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

| ക്രമനം. | ജില്ല | പേരും കാലയളവും | ഫോൺ/ഫാക്സ് |
|---|---|---|---|
| 1 | സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA) | ശ്രീ.സജീവ്.പി.പി | Ph: 0471-2493800<br>Fax:0471-2493880 |

### വിവരാവകാശ നിയമം 2005 നടപ്പിലാക്കിയത് സംബന്ധിച്ച്

വിവരാവകാശ നിയമം 2005 പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിൽ ഒരു സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറേയും ഒരു അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറേയും ഒരു അപ്പീൽ അധികാരിയേയും നിയമിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ വിവരാവകാശ അപ്പീൽ അധികാരിയായി പ്രവർത്തിച്ചത് ശ്രീ.സന്തോഷ്കുമാർ.പി.ഡി (അഡീഷണൽ ഡയറക്ടർ-സ്റ്റേറ്റ് ഇൻകം) ആയിരുന്നു.

### 2.5 ഇതര വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ

സംസ്ഥാനത്തെ പ്രധാന വകുപ്പുകളിൽ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും ഡാറ്റ വിശകലനത്തിനും ബന്ധപ്പെട്ട വകുപ്പുകളെ സഹായിക്കുന്നതിലേയ്ക്കായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ സെല്ലുകൾ നിലവിൽ 42 വകുപ്പുകളിൽ / സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു വരുന്നു. ഈ സെല്ലുകൾ അതത് വകുപ്പുകളുമായി ബന്ധപ്പെട്ട വിവരശേഖരണം നടത്തി ആസൂത്രണത്തിനും നയരൂപീകരണത്തിനും പദ്ധതി മോണിറ്ററിംഗിനും ആവശ്യമായ സ്ഥിതിവിവരക്കണക്ക് തയ്യാറാക്കുന്നു. കൂടാതെ ഇതര വകുപ്പുകളുമായുള്ള സ്റ്റാറ്റിസ്റ്റിക്കൽ കോ-ഓർഡിനേഷനും ഈ സെല്ലുകൾ മുഖേനയാണ് നടത്തപ്പെടുന്നത്. വിവിധ വകുപ്പുകളിൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് തയ്യാറാക്കുന്ന ഇക്കണോമിക് റിവ്യൂവിന് ആവശ്യമായ ഡാറ്റ നൽകുന്നതും സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട് തയ്യാറാക്കുന്നതിനാവശ്യമായ ഡാറ്റ ശേഖരിച്ചു നൽകുന്നതും അതത് വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ മുഖേനയാണ്.

പട്ടിക 2.5.1 സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ സെൽ പ്രവർത്തിക്കുന്ന വകുപ്പുകൾ/സ്ഥാപനങ്ങൾ

| ക്രമ. നം. | വകുപ്പുകളുടെ പേര് | സ്റ്റാറ്റിസ്റ്റിക് സെല്ലിന്റെ തലവൻ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 46 |
| 2. | മൃഗസംരക്ഷണ വകുപ്പ് | ജോയിന്റ് ഡയറക്ടർ | 62 |
| 3. | ഭക്ഷ്യപൊതുവിതരണ വകുപ്പ് | സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | 1 |
| 4. | ക്ഷീരവികസന വകുപ്പ് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I | 2 |
| 5. | മത്സ്യബന്ധന വകുപ്പ് | ഡെപ്യൂട്ടി ഡയറക്ടർ (2) | 9 |
| 6. | വനം-വന്യജീവി വകുപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 38 |
| 7. | പൊതു വിദ്യാഭ്യാസ വകുപ്പ് | ജോയിന്റ് ഡയറക്ടർ | 45 |
| 8. | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്/ ജില്ലാ മെഡിക്കൽ ഓഫീസ് | ഡെമോഗ്രാഫർ | 65 |
| 9. | സ്റ്റേറ്റ്/ഡിസ്ട്രിക്ട് റ്റി.ബി. ഡെമോൺസ്ട്രേഷൻ ആന്റ് ട്രെയിനിംഗ് സെൽ | റിസർച്ച് അസിസ്റ്റന്റ് | 18 |
| 10. | ആരോഗ്യ-കുടുംബക്ഷേമ പരിശീലന സെന്റർ (തിരുവനന്തപുരം, കോഴിക്കോട്) | റിസർച്ച് ഓഫീസർ | 2 |
| 11. | അപ്ലൈഡ് ന്യൂട്രീഷൻ പ്രോഗ്രാം ഓഫീസർ | റിസർച്ച് അസിസ്റ്റന്റ് | 1 |
| 12. | ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I | 1 |
| 13. | ഗവ. അനലിറ്റിക്കൽ ലബോറട്ടറി | റിസർച്ച് അസിസ്റ്റന്റ് | 2 |
| 14. | ടെക്നിക്കൽ എഡ്യുക്കേഷൻ ഡയറക്ടറേറ്റ് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II | 1 |
| 15. | ഗവ. എഞ്ചിനീയറിംഗ് കോളേജുകൾ: തിരുവനന്തപുരം/തൃശ്ശൂർ | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I/II | 2 |
| 16. | കോളേജ് വിദ്യാഭ്യാസ വകുപ്പ് | റിസർച്ച് അസിസ്റ്റന്റ് | 2 |
| 17. | സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോ ഹെഡ്ക്വാർട്ടേഴ്സ് | സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | 2 |
| 18. | വ്യവസായ വാണിജ്യ വകുപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 39 |
| 19. | കൈത്തറി ആന്റ് ടെക്സ്റ്റൈൽസ് വകുപ്പ് | അസിസ്റ്റന്റ് ഡയറക്ടർ | 8 |

| | | | |
|---|---|---|---|
| 20. | ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് ഡിപ്പാർട്ട്മെന്റ് | റിസർച്ച് അസിസ്റ്റന്റ് | 3 |
| 21. | ലേബർ കമ്മീഷണറേറ്റ് | റിസർച്ച് ഓഫീസർ | 4 |
| 22. | നഗരകാര്യ വകുപ്പ് | റിസർച്ച് അസിസ്റ്റന്റ് | 3 |
| 23. | കോർപ്പറേഷൻ/മുനിസിപ്പാലിറ്റിസ് | റിസർച്ച് അസിസ്റ്റന്റ് | 44 |
| 24. | റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് | ഡെപ്യൂട്ടി ഡയറക്ടർ | 158 |
| 25. | പഞ്ചായത്ത് വകുപ്പ് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I | 1 |
| 26. | നഗരാസൂത്രണ വകുപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 40 |
| 27. | ആസൂത്രണ സാമ്പത്തിക കാര്യ(പി) വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ് | റിസർച്ച് ഓഫീസർ | 1 |
| 28. | പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ & മോണിറ്ററിംഗ് വകുപ്പ് (PIE&MD) ഗവ.സെക്രട്ടേറിയറ്റ് | ജോയിന്റ് ഡയറക്ടർ | 8 |
| 29. | സംസ്ഥാന ഭൂവിനിയോഗ ബോർഡ്, വികാസ് ഭവൻ | ഡെപ്യൂട്ടി ഡയറക്ടർ | 1 |
| 30. | പൊതു മരാമത്ത് വകുപ്പ് (ബിൽഡിംഗ് വിഭാഗം) | റിസർച്ച് ഓഫീസർ | 5 |
| 31. | പട്ടികജാതി വികസന വകുപ്പ് | റിസർച്ച് അസിസ്റ്റന്റ് | 29 |
| 32. | പട്ടികവർഗ്ഗവികസന വകുപ്പ് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I | 13 |
| 33. | വനിതാ-ശിശു വികസന വകുപ്പ് | ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | 16 |
| 34. | ചരക്ക് സേവന നികുതി വകുപ്പ് | സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | 4 |
| 35. | വിനോദ സഞ്ചാരവകുപ്പ് | റിസർച്ച് ഓഫീസർ | 3 |
| 36. | ഗതാഗത വകുപ്പ് | സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | 1 |
| 37. | ചീഫ് എഞ്ചിനീയറുടെ ഓഫീസ്, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ | റിസർച്ച് ഓഫീസർ | 2 |
| 38. | ചീഫ് എഞ്ചിനീയറുടെ ഓഫീസ്, ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി) | ഡെപ്യൂട്ടി ഡയറക്ടർ (2) | 11 |

| | | | |
|---|---|---|---|
| 39. | ചെറുകിട ജലസേചന പദ്ധതി (ആർ.എം.ഐ.എസ്) | ജോയിന്റ് ഡയറക്ടർ | 16 |
| 40. | സഹകരണ രജിസ്ട്രാർ ഓഫീസ് | റിസർച്ച് ഓഫീസർ | 6 |
| 41. | ജില്ലാ പഞ്ചായത്ത് | ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | 14 |
| 42. | സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡ് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I | 3 |

**സാമ്പത്തിക സ്ഥിതിവിവരക്കണക്കു വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ**

18/02/2022-ലെ സ.ഉ (കൈ) നം.4/2022/പി&ഇഎ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ കട്ടപ്പന ആസ്ഥാനമാക്കി പുതിയ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

പുതുതായി രൂപീകരിച്ച ഇടുക്കി താലൂക്ക് ഓഫീസിന്റെ ഉദ്ഘാടനം 17/08/2022-ന് ശ്രീ.റോഷി അഗസ്റ്റിൻ (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) നിർവഹിച്ചു.

31/03/2023-ലെ G.O.(Rt.)No.138/2023/P&EA ഉത്തരവ് പ്രകാരം കട്ടപ്പന ആസ്ഥാനമാക്കി ആരംഭിച്ച ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ പ്രവർത്തനത്തിനായി ഗസറ്റഡ് ആന്റ് നോൺ-ഗസറ്റഡ് തസ്തികകൾ ഷിഫ്റ്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 04/08/2022-ലെ ഡി.ഇ.എസ്/3165/2022-ഇബി(6) നമ്പർ ഉത്തരവ് പ്രകാരം ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലേയ്ക്ക് താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ 6 സോണുകളിൽ ഇ.എ.ആർ.എ.എസ് ജോലികൾ നടത്തുന്നതിനും മാർക്കറ്റ് ഇന്റലിജൻസ് (എം.ഐ.പ്രൈസ്) വിലശേഖരണം/ലീവ് റിസർവ്വ് ജോലികൾ നിർവ്വഹിക്കുന്നതിലേയ്ക്കായും ആകെ 7 ഇൻവെസ്റ്റിഗേറ്റർ തസ്തികകൾ ഇടുക്കി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന് കൈമാറിയിട്ടുണ്ട്.

## അദ്ധ്യായം 3
## മാനവവിഭവശേഷി

### ആമുഖം

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഗസറ്റഡ് തസ്തികകളിലും നോൺ ഗസറ്റഡ് തസ്തികകളിലും അനുവദിച്ചിട്ടുള്ള 2503 ജീവനക്കാരിൽ (സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഉൾപ്പെടെ 2504 പേരും) 253 പേർ വകുപ്പ് ഡയറക്ടറേറ്റിലും((സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഉൾപ്പെടെ 254) ജില്ലാ/താലൂക്ക് ഓഫീസുകളിലായി 1518 പേരും, 732 പേർ മറ്റു വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലും ജോലി ചെയ്യുന്നു. ഡയറക്ടറേറ്റിലും ജില്ലാ താലൂക്ക് ഓഫീസുകളിലും മറ്റ് സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലെയും ഉദ്യോഗസ്ഥരുടെ എണ്ണം, വകുപ്പിൽ കോൺട്രാക്ട്, ദിവസവേതനം, അതിഥി എന്നീ അടിസ്ഥാനത്തിൽ ജോലി ചെയ്യുവരുടെ 2022-23 കാലയളവിലെ നിയമനങ്ങൾ, വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ, ഈ കാലയളവിൽ വകുപ്പിൽ നിന്നും അച്ചടക്കനടപടി നേരിട്ടതും സസ്പെന്റ് ചെയ്യപ്പെട്ടതുമായ ജീവനക്കാരുടെ വിവരങ്ങൾ, വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ എന്നിവയുടെ പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക 3.1**

**2022-23 സാമ്പത്തിക വർഷത്തിൽ ഡിപ്പാർട്ട്മെന്റിലെ ജീവനക്കാരെ സംബന്ധിക്കുന്ന വിവരം**

| തസ്തികയുടെ പേര് | അനുവദിച്ചിട്ടുള്ള തസ്തികയുടെ എണ്ണം | ടി കാലയളവിൽ ജോലി ചെയ്യുവരുടെ എണ്ണം | സ്ഥിരം/താല്കാലികം |
|---|---|---|---|
| ഡയറക്ടർ | 1 | 1 | സ്ഥിരം |
| അഡീഷണൽ ഡയറക്ടർ | 3 | 1 | സ്ഥിരം |
| | | 2 | താത്കാലികം |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | 1 | സ്ഥിരം |
| ജോയിന്റ് ഡയറക്ടർ | 4 | 1 | സ്ഥിരം |
| | | 3 | താത്കാലികം |
| ജോയിന്റ് ഡയറക്ടർ (മറ്റ് വകുപ്പ്) | 4 | 3 | സ്ഥിരം |
| | | 1 | താത്കാലികം |
| ഡെപ്യൂട്ടി ഡയറക്ടർ | 19 | 8 | സ്ഥിരം |
| | | 11 | താത്കാലികം |

| | | | |
|---|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ (മറ്റ് വകുപ്പ്) | 24 | 24 | സ്ഥിരം |
| അസിസ്റ്റന്റ് ഡയറക്ടർ | 11 | 7 | സ്ഥിരം |
| | | 4 | താത്കാലികം |
| അസിസ്റ്റന്റ് ഡയറക്ടർ (മറ്റ് വകുപ്പ്) | 6 | 6 | സ്ഥിരം |
| ജില്ലാ ഓഫീസർ/റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/ സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | 21 | 19 | സ്ഥിരം |
| | | 2 | താത്കാലികം |
| സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (ജില്ലാ ഓഫീസർ കേഡർ) (മറ്റ് വകുപ്പുകൾ) | 2 | 2 | സ്ഥിരം |
| റിസർച്ച് ഓഫീസർ | 41 | 31 | സ്ഥിരം |
| | | 10 | താത്കാലികം |
| റിസർച്ച് ഓഫീസർ (മറ്റ് വകുപ്പുകൾ) | 24 | 24 | സ്ഥിരം |
| അഡീഷണൽ ജില്ലാ ആഫീസർ/സ്ക്രൂട്ടിനി ആഫീസർ | 27 | 16 | സ്ഥിരം |
| | | 11 | താത്കാലികം |
| സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സീനിയർ റിസർച്ച് അസിസ്റ്റന്റ്/അഡീഷണൽ ജില്ലാ ഓഫീസർ കേഡർ (മറ്റ് വകുപ്പുകൾ) | 5 | 5 | സ്ഥിരം |
| താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (അഡ്മിനിസ്ട്രേഷൻ) /സീനിയർ സൂപ്പർവൈസർ (കമ്പ്യൂട്ടർ) | 65 | 64 | സ്ഥിരം |
| | | 1 | താത്കാലികം |
| സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ കേഡർ) (മറ്റ് വകുപ്പുകൾ) | 1 | 1 | |
| റിസർച്ച് അസിസ്റ്റന്റ്/സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | 161 | 73 | സ്ഥിരം |
| | | 88 | താത്കാലികം |

| | | | |
|---|---|---|---|
| | | | |
| റിസർച്ച് അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ (മറ്റ് വകുപ്പുകൾ) | 270 | 268 | സ്ഥിരം |
| | | 2 | താത്കാലികം |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I | 548 | 246 | സ്ഥിരം |
| | | 302 | താത്കാലികം |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I (മറ്റ് വകുപ്പുകൾ) | 260 | 248 | സ്ഥിരം |
| | | 12 | താത്കാലികം |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II | 658 | 169 | സ്ഥിരം |
| | | 489 | താത്കാലികം |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II (മറ്റ് വകുപ്പുകൾ) | 130 | 129 | സ്ഥിരം |
| | | 1 | താത്കാലികം |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 6 | 4 | സ്ഥിരം |
| | | 2 | താത്കാലികം |
| ഫെയർകോപ്പി സൂപ്രണ്ട് | 3 | 2 | സ്ഥിരം |
| | | 1 | താത്കാലികം |
| സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 12 | 8 | സ്ഥിരം |
| | | 4 | താത്കാലികം |
| സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 12 | 12 | സ്ഥിരം |
| യു.ഡി ടൈപ്പിസ്റ്റ് | 12 | 7 | സ്ഥിരം |
| | | 5 | താത്കാലികം |
| എൽ.ഡി ടൈപ്പിസ്റ്റ് | 11 | 7 | സ്ഥിരം |
| | | 4 | താത്കാലികം |

| | | | |
|---|---|---|---|
| എൽ.ഡി ടൈപ്പിസ്റ്റ് (മറ്റ് വകുപ്പുകൾ) | 2 | 2 | സ്ഥിരം |
| ഡ്രാഫ്റ്റ്സ്മാൻ | 1 | 1 | സ്ഥിരം |
| ഡ്രൈവർ | 17 | 5 | സ്ഥിരം |
| | | 12 | താത്കാലികം |
| ദഫേദാർ | 1 | 1 | സ്ഥിരം |
| ഓഫീസ് അറ്റൻഡന്റ് | 78 | 37 | സ്ഥിരം |
| | | 41 | താത്കാലികം |
| ഓഫീസ് അറ്റൻഡന്റ് (മറ്റ് വകുപ്പുകൾ) | 3 | 2 | സ്ഥിരം |
| | | 1 | താത്കാലികം |
| പാർട്ട്ടൈം സ്വീപ്പർ | 59 | 59 | സ്ഥിരം |
| നൈറ്റ് വാച്ച്മാൻ | 1 | 1 | സ്ഥിരം |

കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ **1975** മുതൽ ഘട്ടം ഘട്ടമായി **1036** താത്ക്കാലിക തസ്തികകൾ സൃഷ്ടിച്ചിരുന്നു. **872** തസ്തികകൾ കേന്ദ്ര പ്ലാൻ ശീർഷകത്തിലും ഒരു തസ്തിക സംസ്ഥാന പ്ലാൻ ശീർഷകത്തിലും (ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം) **163** തസ്തികകൾ നോൺ പ്ലാൻ ശീർഷകത്തിലും ആണ് ഉള്ളത്. **22/11/2019**-ാം തീയതിയിലെ സ.ഉ.(കൈ)നം. **30/2019**/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വയനാട്, കാസറഗോഡ് ജില്ലാ ഓഫീസുകളിലെ **24** താത്കാലിക തസ്തികകൾ റെഗുലർ തസ്തികകൾ ആക്കികൊണ്ടും ശേഷിക്കുന്ന **1012** താത്ക്കാലിക തസ്തികകൾക്ക് **01/10/2018** മുതൽ **31/12/2019** വരെ തുടർച്ചാനുമതി അനുവദിച്ചുകൊണ്ടും, **18/05/2020**-ാം തീയതിയിലെ സ.ഉ.(കൈ)നം. **13/2020**/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത തസ്തികകൾക്ക് **01/01/2020** മുതൽ **31/03/2021** വരെയും തുടർച്ചാനുമതി ലഭിച്ചിട്ടുണ്ട്. ആസൂത്രണ സാമ്പത്തികകാര്യ(ബി) വകുപ്പിന്റെ **13/07/2023** ലെ **14/2023/P&EA** നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര പ്ലാൻ ശീർഷകത്തിലെ (**100%** കേന്ദ്രസഹായം) **872** തസ്തികകളും സംസ്ഥാന പ്ലാൻ ശീർഷകത്തിലെ ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തികയും സംസ്ഥാന നോൺ പ്ലാൻ ശീർഷകത്തിലെ **139** തസ്തികകളും ഉൾപ്പെടെ ആകെ **1012** തസ്തികകൾക്ക് **01/04/2022** മുതൽ **31/03/2023** വരെ തുടർച്ചാനുമതി ലഭിച്ചിട്ടുണ്ട്.

പട്ടിക 3.2

**2022-23 സാമ്പത്തിക വർഷത്തിൽ താത്കാലിക/ദിവസവേതന/ കോൺട്രാക്ട്/ അതിഥി എന്ന നിലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദ വിവരം**

| ഓഫീസ് | തസ്തികയുടെ പേര് | കോൺട്രാക്ട്/ ദിവസവേതനം/അതിഥി |
|---|---|---|
| സാമ്പത്തികസ്ഥിതി വിവരക്കണക്ക് ഡയറക്ടറേറ്റ് | സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്- II | 52 (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്) |

പട്ടിക 3.3

**2022-23 കാലയളവിലെ നിയമനങ്ങളെ സംബന്ധിക്കുന്ന വിവരം**

| തസ്തികയുടെ പേര് | നിയമനം | |
|---|---|---|
| | ജനറൽ | ആശ്രിതം |
| സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് -II | 12 | - |
| എൽ.ഡി.ടൈപ്പിസ്റ്റ് | - | - |
| ഡ്രൈവർ ഗ്രേഡ് - II | - | - |
| ഓഫീസ് അറ്റൻഡന്റ് | 5 | - |
| നൈറ്റ് വാച്ച്മാൻ | 1 | - |
| പാർട്ട്ടൈം സ്വീപ്പർ | 1 | - |

പട്ടിക 3.4

**2022-23 കാലയളവിൽ വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരെ സംബന്ധിച്ച വിവരം**

| ക്രമ നം. | തസ്തികയുടെ പേര് | വിരമിച്ചവരുടെ എണ്ണം | V.R.S എടുത്തവരുടെ എണ്ണം |
|---|---|---|---|
| 1 | ഡയറക്ടർ | - | NIL |
| 2 | അഡീഷണൽ ഡയറക്ടർ | - | - |
| 3 | ജോയിന്റ് ഡയറക്ടർ | 1 | - |
| 4 | ഡെപ്യൂട്ടി ഡയറക്ടർ | - | - |
| 5 | അസിസ്റ്റന്റ് ഡയറക്ടർ | 7 | - |
| 6 | ജില്ലാ ഓഫീസർ | 5 | |
| 7 | റിസർച്ച് ഓഫീസർ | 3 | - |
| 8 | അഡീഷണൽ ജില്ലാ ഓഫീസർ | 10 | - |
| 9 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | 8 | - |
| 10 | റിസർച്ച് അസിസ്റ്റന്റ്/ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ/എക്സ്റ്റൻഷൻ ഓഫീസർ (P&M) | 13 | - |
| 11 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് | 1 | - |
| 12 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I | - | - |
| 13 | ഫെയർ കോപ്പി സൂപ്രണ്ട് | 1 | - |
| 14 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | - | - |
| 15 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് -II | - | |
| 16 | ഡ്രൈവർ ഗ്രേഡ് - II | - | |
| 17 | പാർട്ട്ടൈം സ്വീപ്പർ | 1 | - |

## പട്ടിക 3.5

## 2022-23 കാലയളവിൽ വിവിധ അച്ചടക്ക നടപടിയ്ക്ക് വിധേയരായ ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം | ഓഫീസിന്റെ പേര് | പിരിച്ചുവിടൽ | | സസ്പെൻഷൻ | | അച്ചടക്ക നടപടി | |
|---|---|---|---|---|---|---|---|
| | | തസ്തികയുടെ പേര് | ജീവനക്കാരന്റെ പേര് | തസ്തികയുടെ പേര് | ജീവനക്കാരന്റെ പേര് | തസ്തികയുടെ പേര് | ജീവനക്കാരന്റെ പേര് |
| 1 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, മൂവാറ്റുപുഴ | | | സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 | ശ്രീ.മുജീബുദ്ദീൻ.സി.കെ | | |
| 2 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, കൊല്ലം | | | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | ശ്രീ.അനീഷ്.ജി | | |
| 3 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, അടൂർ | | | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | ശ്രീ.സുഷ്യത്ത്.കെ | | |
| 4 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, തിരുവല്ല | | | | | സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | ശ്രീ. ഗോപകുമാർ.എം |
| 5 | ജില്ലാ പട്ടികജാതി വികസന ഓഫീസ്. കാസറഗോഡ് | | | | | റിസർച്ച് അസിസ്റ്റന്റ് | ശ്രീ.ഖാലിദ് കീരൻകത്ത് |
| 6 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, അടൂർ | | | | | സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I | ശ്രീ.രാകേഷ് മുരളി |
| 7 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, അടൂർ | | | | | സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | ശ്രീ.ജയൻ.എം.ബി |

പട്ടിക 3.6

**2022-23 കാലയളവിൽ ഈ ഡിപ്പാർട്ട്മെന്റിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ പേരു വിവരങ്ങൾ**

| ക്രമ നം. | തസ്തികയുടെ പേര് | ജീവനക്കാരന്റെ പേര് | ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസിലെ ഉദ്യോഗപ്പേര് | ഡെപ്യൂട്ടേഷൻ കാലാവധി |
|---|---|---|---|---|
| 1 | റിസർച്ച് അസിസ്റ്റന്റ് | മധുക്കുട്ടൻ വി.ജി | പേഴ്സണൽ അസിസ്റ്റന്റ്, പ്രൈവറ്റ് സെക്രട്ടറി, മാത്യു ടി തോമസ് എം.എൽ.എ | 1 വർഷം |
| 2 | റിസർച്ച് അസിസ്റ്റന്റ് | സുനിൽ ബാബു.കെ | പേഴ്സണൽ അസിസ്റ്റന്റ് ഓഫ് ഡെപ്യൂട്ടി സ്പീക്കർ | 1 വർഷം |
| 3 | റിസർച്ച് അസിസ്റ്റന്റ് | ജയചന്ദ്രൻ.എ.ഡി | ജൂനിയർ അക്കൗണ്ട്സ് ഓഫീസർ | 1 വർഷം |
| 4 | റിസർച്ച് അസിസ്റ്റന്റ് | മഹേഷ്.വി.എസ് | ഡെപ്യൂട്ടി സ്പീക്കറുടെ അഡീഷണൽ പി എ | 1 വർഷം |
| 5 | റിസർച്ച് ഓഫീസർ | പ്രദീപ്.എ.വി | അക്കൗണ്ട്സ് ഓഫീസർ കേരള ഈറ്റ, തഴ, കാട്ടുവള്ളി, തൊഴിലാളി ക്ഷേമനിധി ബോർഡ് അങ്കമാലി, എറണാകുളം | 1 വർഷം |
| 6 | റിസർച്ച് ഓഫീസർ | പി.മൻസൂർ | പേഴ്സണൽ അസിസ്റ്റന്റ് ഓഫ് കെ.റ്റി. ജലീൽ | 1 വർഷം |
| 7 | റിസർച്ച് ഓഫീസർ | അജയകുമാർ. എസ് | പേഴ്സണൽ അസിസ്റ്റന്റ് ഓഫ് അഡ്വ. അടൂർപ്രകാശ്.എം.പി | 1 വർഷം |
| 8 | അസിസ്റ്റന്റ് ഡയറക്ടർ | അഭിലാഷ് കെ ദിവാകർ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, കോട്ടയം | 1 വർഷം |

| | | | | |
|---|---|---|---|---|
| 9 | അസിസ്റ്റന്റ് ഡയറക്ടർ | ശ്രീലേഖ പി ആർ | റീജിയണൽ മാനേജർ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കോട്ടയം | 1 വർഷം |
| 10 | അസിസ്റ്റന്റ് ഡയറക്ടർ | സുരേഷ്. യു | പ്രോഗ്രാം ഓഫീസർ. നവകേരളം | 1 വർഷം |
| 11 | ഡെപ്യൂട്ടി ഡയറക്ടർ | ദിദിക.സി | ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപഥത്തിൽ | 1 വർഷം |
| 12 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 | സുമ.എം.കെ | അസിസ്റ്റന്റ്, ബഹു.ചീഫ് മിനിസ്റ്ററുടെ പേഴ്സണൽ സ്റ്റാഫ് | 1 വർഷം |
| 13 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 | ഗിരിജ എസ്. | മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ്, എറണാകുളം | 1 വർഷം |
| 14 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 | സോന.എ | കേരള ഹൗസ്, ന്യൂഡൽഹി | 1 വർഷം |
| 15 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 | ദീപ പി.ഒ | കുടുംബശ്രീ, കണ്ണൂർ ജില്ലാ മിഷൻ | 1 വർഷം |
| 16 | ഓഫീസ് അറ്റൻഡന്റ് | അജിത്പി.ജോൺ | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കോട്ടയം | 1 വർഷം |

| | | | | |
|---|---|---|---|---|
| 17 | ഫെയർ കോപ്പി സൂപ്രണ്ട് | മനോജ്കുമാർ.എൻ | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കണ്ണൂർ | 1 വർഷം |
| 18 | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | ഷൈലജ.എം.കെ | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, എറണാകുളം | 1 വർഷം |
| 19 | എൽ.ഡി.ടൈപ്പിസ്റ്റ് | വിദ്യാശേഖർ.എം | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ | 1 വർഷം |
| 20 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് -II | റിജി,എസ് | മെഡിക്കൽ കോളേജ് (IIMS),പാലക്കാട് | 1 വർഷം |
| 21 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റി ഗേറ്റർ ഗ്രേഡ്-II | സരിത.സി.കെ | എസ്.എസ്.എ ജില്ല പ്രോജക്ട് ഓഫീസ് വയനാട് | 1 വർഷം |
| 22 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റി ഗേറ്റർ ഗ്രേഡ്-II | ഷീബ.എം.കെ | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, പ്രാദേശിക ഓഫീസ്, കോഴിക്കോട് | 1 വർഷം |
| 23 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റി ഗേറ്റർ ഗ്രേഡ്-II | ഫൗസിയ ചക്കിപറമ്പൻ | അസിസ്റ്റന്റ്, കേരള ഹജ്ജ് കമ്മിറ്റി ഓഫീസ്, മലപ്പുറം | 1 വർഷം |
| 24 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റി ഗേറ്റർ ഗ്രേഡ്-II | നയന.എസ്.കൃഷ്ണൻ | കുടുംബശ്രീ സംസ്ഥാനമിഷൻ, തിരുവനന്തപുരം | 1 വർഷം |

## അദ്ധ്യായം-4
## പരിശീലന പരിപാടികൾ
### സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം

സ്ഥിതിവിവരക്കണക്ക് മേഖലയിലെ നൂതന രീതികൾ പരിചയപ്പെടുത്തുന്നതിനും വകുപ്പ് നടത്തിവരുന്ന വിവിധ സർവേകളിലെ ആശയങ്ങളും, രീതിശാസ്ത്രവും, വിവരശേഖരണ അപഗ്രഥനരീതികളും പരിചയപ്പെടുത്തുന്നതിലേക്കുമായി വകുപ്പ് ഉദ്യോഗസ്ഥർക്കായി പരിശീലന പരിപാടികളും ശിൽപശാലകളും സംഘടിപ്പിക്കാറുണ്ട്. വകുപ്പ് ഉദ്യോഗസ്ഥരുടെ ശേഷി വർദ്ധിപ്പിച്ച് പദ്ധതികളുടെ ആസൂത്രണത്തിനും അവലോകനത്തിനുമുതകുന്ന കൃത്യതയുള്ള വിവരങ്ങൾ ശേഖരിച്ച് അപഗ്രഥിക്കുക എന്നതാണ് വകുപ്പ് ഇത്തരം പരിശീലനപരിപാടികളിലൂടെ ലക്ഷ്യം വെയ്ക്കുന്നത്). 2022-23 സാമ്പത്തിക വർഷം 13 ഇൻസർവീസ് പരിശീലന പരിപാടികളിലായി 1100 ഉദ്യോഗസ്ഥർക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്.

**പട്ടിക 4.1**
**2022-23 ൽ കമ്പ്യൂട്ടർ ഡിവിഷൻ നടത്തിയ പരിശീലനങ്ങൾ/ശില്പശാലകൾ (പങ്കെടുത്ത ജീവനക്കാരുടെ എണ്ണം സഹിതം)**

| Sl. No | Name Of Training | No.of Participants | No. of Days | Remarks |
|---|---|---|---|---|
| 1 | Artificial Intelligence & Data Analytics | 19 | 45 | DUK |
| 2 | Refreshment Training on PHP and MySQL | 6 | 5 | SASA |
| 3 | Training on Hardware and Networking | 13 | 3 | Computer Division |
| 4 | Training on PHP and MySQL | 26 | 30 | IMG |
| 5 | Training on Administrative Matters | 90 | 5 | IMG Kochi, Kozhikode, Thiruvananthapuram |
| 6 | E-Office training | 30 | 1 | SASA |
| 7 | E-Office training | 200 | 1 | Training for Directorate staff at Directorate Training hall |
| 8 | Training on PFMS | 22 | 1 | SASA |
| 9 | Training on Data Analytics | 19 | 2 | SASA |

പട്ടിക 4.2

2022-23 ൽ SASA നടത്തിയ പരിശീലനങ്ങൾ/ശില്പശാലകൾ (പങ്കെടുത്ത ജീവനക്കാരുടെ എണ്ണം സഹിതം)

| Sl No | Name Of Training | No.of Participants | No. of Days | Remarks |
|---|---|---|---|---|
| 1 | Training on Big Data Analytics | 27 | 3 | |
| 2 | Training on Effective Office Management | 29 | 2 | |
| 3 | Training on Data Presentation and Report Writing | 24 | 2 | |
| 4 | Training on Spatial Data Analytics | 25 | 3 | |
| 5 | Training on ASI Concepts on Accounts preparation and Financial Management | 32 | 2 | |
| 6 | Training on Right to Information Act 2005 | 131 | 1 | Online |
| 7 | Training on Awareness on Data Analysis Techniques | 30 | 2 | |
| 8 | Training on Effective Office Management | 31 | 2 | |
| 9 | Training on GDP Computation | 85 | 1 | Online |
| 10 | Training on Vital Statistics (Demography Science) | 99 | 1 | Online |
| 11 | Training on Data Presentation and Report writing | 21 | 2 | |
| 12 | Training on Advanced Excel (DPI Statistics Wing) | 15 | 5 | |
| 13 | Training on Data Analysis using Python & R | 22 | 5 | |

## അദ്ധ്യായം – 5
## വകുപ്പിലെ പ്രധാന പദ്ധതികളും വിഭാഗങ്ങളും
### 5.1 എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ആൻ ഏജൻസി ഫോർ റിപ്പോർട്ടിംഗ് അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് (ഇ.എ.ആർ.എ.എസ് )

സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ ഓരോ കാർഷിക വർഷവും സാമ്പിൾ സർവേയിലൂടെ ശേഖരിച്ച് ക്രോഡീകരിച്ച് വിശകലനം ചെയ്യുന്നതിനും, ആയത് റിപ്പോർട്ടാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും മറ്റ് ഏജൻസികൾക്കും നൽകുന്നതിനുമായി എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ആൻ ഏജൻസി ഫോർ റിപ്പോർട്ടിംഗ് അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് (ഇ.എ.ആർ.എ.എസ്)എന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതി ഈ വകുപ്പ് നടപ്പിലാക്കിവരുന്നു.

കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്കായി ഓരോ വർഷവും വിനിയോഗിക്കുന്ന ഭൂവിസ്തൃതി, ഓരോ കാർഷികവിളകളും കൃഷിചെയ്യുന്ന വിസ്തൃതി, അവയുടെ ഉല്പാദനം, ഉല്പാദനക്ഷമത, വിളകളുടെ ജലസേചനം സംബന്ധമായ വിവരങ്ങൾ, പ്രധാനമന്ത്രി ഫസൽ ബീമായോജന (PMFBY) വിള ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകളുടെ ശരാശരി വിളവ് മുതലായ സുപ്രധാന സ്ഥിതിവിവരക്കണക്കുകൾ ഈ പദ്ധതിയിലൂടെ ശേഖരിക്കുന്നു.

ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ 13 ഇനങ്ങളായി തരം തിരിച്ച് ശേഖരിക്കുന്നതിലൂടെ യഥാർത്ഥ കൃഷിഭൂമിയുടെ വിസ്തൃതി, വിവിധ ഇനം തരിശ്ഭൂമി, കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥല വിസ്തൃതി, മറ്റു കാർഷികേതര ഉപയോഗങ്ങൾക്കായുള്ള ഭൂവിസ്തൃതി തുടങ്ങിയവ തിട്ടപ്പെടുത്തുവാൻ കാർഷിക സ്ഥിതിവിവരക്കണക്ക് സർവേയിലൂടെ സാധിക്കുന്നു. കാർഷിക ഭൂവിനിയോഗം ശേഖരിക്കുമ്പോൾ കാലികവിളകൾ, വാർഷിക വിളകൾ, ദീർഘകാല വിളകൾ എന്നിവയുടെ വിവരങ്ങളും ജലസേചന മാർഗത്തിനായി ഉപയോഗിക്കുന്ന വിവിധ സ്രോതസ്സുകളുടെ വിവരങ്ങളും പ്രത്യേകം ശേഖരിക്കുന്നു.

സംസ്ഥാനത്തെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളെ ആകെ 811 സോണുകളായി തിരിച്ച് ഓരോ സോണിലും ഓരോ ഇൻവെസ്റ്റിഗേറ്റർ ഫീൽഡുതല ജോലികൾ നിർവഹിക്കുന്നു. ഫീൽഡ് തലജോലികളും ശേഖരിക്കുന്ന വിവരങ്ങളുടെ കൃത്യതയും താലൂക്ക്തല ഓഫീസർമാർ, ജില്ലാതല ഓഫീസർമാർ എന്നിവർ പരിശോധിക്കുന്നതിന് പുറമേ അത്യാവശ്യ ഘട്ടങ്ങളിൽ സംസ്ഥാനതല ഓഫീസർമാരും പരിശോധനകൾ നടത്തിവരുന്നു.

ഫീൽഡിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ നിർദിഷ്ട ഫോറങ്ങളിലാക്കി താലൂക്കുതലത്തിലും തുടർന്ന് ജില്ലാതലത്തിലും സൂക്ഷ്മപരിശോധന നടത്തി നിർദിഷ്ട തീയതികളിൽ ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നു. തുടർന്ന്, എസ്റ്റിമേഷൻ, ക്രോഡീകരണം,

വിശകലനം, റിപ്പോർട്ട് തയ്യാറാക്കൽ, പ്രസിദ്ധീകരണം തുടങ്ങിയ ജോലികൾ ഡയറക്ടറേറ്റിലെ ഇ.എ.ആർ.എ.എസ് വിഭാഗത്തിൽ നിർവഹിക്കുന്നു.

2020-21 വർഷത്തെ കാർഷികസ്ഥിതിവിവരക്കണക്ക് റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റായ www.ecostatkerala.gov.in-ൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 കാർഷികവർഷത്തെ എല്ലാ ജോലികളും പൂർത്തിയാക്കുകയും റിപ്പോർട്ട് തയാറാക്കുകയും ചെയ്തിട്ടുണ്ട്. ആയത് ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. 2022-23 കാർഷിക വർഷത്തെ സർവേ ജോലികൾ 01/07/2022 ൽ ആരംഭിച്ചു. സൂപ്പർവൈസറി ഉദ്യോഗസ്ഥർക്കുള്ള സംസ്ഥാനതല പരിശീലന പരിപാടി 05/07/2022, 06/07/2022 എന്നീ തീയതികളിൽ നടത്തുകയുണ്ടായി. സൂപ്പർവൈസറി ഉദ്യോഗസ്ഥർക്കും ഫീൽഡ്തല ഉദ്യോഗസ്ഥർക്കും ജില്ലാതലത്തിലുള്ള പരിശീലന പരിപാടികൾ വർഷാരംഭം തന്നെ അതത് ജില്ലകളിൽ വച്ചും നടത്തുകയുണ്ടായി. കൂടാതെ, സാമ്പിൾ ചെക്ക് സർവേയുടെ ഫീൽഡുതല ഉദ്യോഗസ്ഥർക്കുള്ള സംസ്ഥാനതല പരിശീലന പരിപാടി 09/02/2023-ന് ഡയറക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് സംഘടിപ്പിച്ചു.

2022-23 കാർഷിക വർഷത്തെ വിള പ്രവചന റിപ്പോർട്ടുമായി ബന്ധപ്പെട്ട പ്രധാന വിളകളുടെ ഒന്നും രണ്ടും മൂന്നും അഡ്വാൻസ് എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ കേന്ദ്രസർക്കാരിന് യഥാസമയം അയച്ചു കൊടുക്കുകയും റിപ്പോർട്ട് ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കമുക്, ഏത്തവാഴ, മറ്റുവാഴകൾ, കുരുമുളക്, തെങ്ങ്, മരിച്ചീനി, നെല്ല്, ഇഞ്ചി, മഞ്ഞൾ, കശുവണ്ടി തുടങ്ങിയ വിളകളുടെ വിളപ്രവചന റിപ്പോർട്ട് കേന്ദ്ര സർക്കാരിന് യഥാസമയം അയച്ചു കൊടുത്തിട്ടുണ്ട്. 2022-23 വർഷത്തെ ഹോർട്ടികൾച്ചർ വിളകളുടെ ഒന്നും രണ്ടും അഡ്വാൻസ് എസ്റ്റിമേറ്റുകൾ മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

2022-23 കാർഷിക വർഷത്തെ നിലം ഭൂമി സർവേയുടെ ഒന്നും രണ്ടും മൂന്നും സന്ദർശനങ്ങളും കരഭൂമി സർവേയുടെ ഒന്നാം സന്ദർശനവും പൂർത്തിയായിട്ടുണ്ട്. കരഭൂമി സർവേ രണ്ടാം സന്ദർശനം പുരോഗമിക്കുന്നു. വിരിപ്പ്, മുണ്ടകൻ എന്നീ സീസണുകളിലെ നെല്ലിന്റെ വിസ്തൃതി തയ്യാറാക്കി ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് യഥാസമയം അയച്ചു കൊടുത്തിട്ടുണ്ട്. പുഞ്ച നെല്ലിന്റെ വിസ്തൃതി തയ്യാറാക്കി വരുന്നു. ജനറൽ ക്രോപ്പ് എസ്റ്റിമേഷൻ സർവേയിലെ വിരിപ്പ്, മുണ്ടകൻ സീസണുകളിലെ നെല്ലിന്റെ വിളപരീക്ഷണങ്ങൾ പൂർത്തിയായിട്ടുണ്ട്. മറ്റു വിളകളുടെ വിള പരീക്ഷണങ്ങൾ പുരോഗമിക്കുന്നു.

2022-23 വർഷത്തെ വിരിപ്പ് സീസണിലെ നെല്ലിന്റെ പഞ്ചായത്തുതല ശരാശരി വിളവ് കണക്ക് റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന കൃഷി വകുപ്പിനും ദേശീയ കാർഷികവിള ഇൻഷുറൻസ് കമ്പനിക്കും യഥാസമയം നൽകിയിട്ടുണ്ട്. മുണ്ടകൻ സീസണിലെ നെല്ലിന്റെ പഞ്ചായത്തുതല വിളവ് (Mean Yield)തയ്യാറാക്കി വരുന്നു.

2022-23 കാർഷിക വർഷത്തെ വിരിപ്പ് നെല്ലിന്റെ ഉൽപാദനം കണക്കാക്കി കേന്ദ്ര സർക്കാരിന് നൽകി. കൂടാതെ വിരിപ്പ് നെല്ലിന്റെ ഉൽപാദനവുമായി ബന്ധപ്പെട്ട ജില്ലാതല Sampling: error ഉൾപ്പെടെ Crop Estimation Survey (CES) ടേബിൾ തയ്യാറാക്കി NSSO-യ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 2021-22 കാർഷികവർഷത്തെ റാബി-1 സീസണിലെ മരച്ചീനി, ഏത്തവാഴ എന്നിവയുടെ പഞ്ചായത്തുതലത്തിലും ബ്ലോക്കുതലത്തിലുമുള്ള ശരാശരി വിളവ് റിപ്പോർട്ടുകൾ തയ്യാറാക്കി കൃഷി വകുപ്പിനും ദേശീയ കാർഷിക വിള ഇൻഷുറൻസ് കമ്പനിക്കും യഥാസമയം നൽകി. റാബി -II സീസണിലെ മരച്ചീനി, മറ്റുവാഴ എന്നിവയുടെ ബ്ലോക്കുതലത്തിലും, പഞ്ചായത്തുതലത്തിലുമുള്ള ശരാശരി വിളവ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. 2021-22 കാർഷിക വർഷത്തെ വിരിപ്പ് നെല്ലിന്റെ ഉൽപാദനം ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2021-22 കാർഷിക വർഷത്തെ മരച്ചീനി, ഏത്തവാഴ, അടയ്ക്ക, തേങ്ങ, കുരുമുളക് എന്നിവയുടെ CES ടേബിൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ നാഷണൽ സാമ്പിൾ സർവേ ഓഫീസും (NSSO) വകുപ്പും (DES) സംയുക്തമായി നടപ്പിലാക്കി വരുന്ന Improvement of Crop Statistics (ICS) പദ്ധതി, ഇ.എ.ആർ.എ.എസ് സർവേയിലെ പോരായ്മകൾ കണ്ടുപിടിച്ച് പരിഹരിക്കുന്നതിനായി നടപ്പുവർഷത്തിലും നടപ്പിലാക്കിവരുന്നു. 2021-22 വർഷത്തെ കോക്കനട്ട് CES ടേബിൾസ് തയ്യാറാക്കി NSO യ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 2021-22 വർഷത്തെ വിരിപ്പ്, മുണ്ടകൻ, പുഞ്ച സീസണുകളിലെ നെല്ലിന്റേയും മറ്റ് വിള പരീക്ഷണങ്ങളായ കുരുമുളക്, അടയ്ക്ക, ഏത്തവാഴ, നാളികേരം, മരച്ചീനി എന്നിവയുടേയും, 2022-23 വർഷത്തെ വിരിപ്പ്, മുണ്ടകൻ നെല്ലിന്റേയും സ്റ്റേറ്റ്, സെൻട്രൽ സാമ്പിളുകളുടെ AS-2.0 ഷെഡ്യൂളുകളുടെ ടാബുലേഷൻ ജോലികൾ പൂർത്തിയാക്കി ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 2021-22 വർഷത്തെ വിരിപ്പ്, മുണ്ടകൻ, പുഞ്ച സീസണുകളിലെയും 2022-23 വർഷത്തെ വിരിപ്പ് സീസണിലെയും ഏരിയ എന്യൂമറേഷൻ AS-1.0 ഷെഡ്യൂളുകൾ ഗവൺമെന്റ് ഓഫ് ഇന്ത്യ-യ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 2022-23 വർഷത്തെ മുണ്ടകൻ സീസണിലെ ഏരിയ എന്യൂമറേഷൻ AS-1.0 ഷെഡ്യൂളുകളുടേയും വിളപരീക്ഷണങ്ങളുടെ AS-2.0 ഷെഡ്യൂളുകളുടേയും ടാബുലേഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തെ "ആനുവൽ റിവ്യൂ ഓഫ് ക്രോപ്പ് സ്റ്റാറ്റിസ്റ്റിക്സ് സിസ്റ്റം ഇൻ കേരള ത്രൂ ദി സ്കീം ഫോർ ഇംപ്രൂവ്മെന്റ് ഓഫ് ക്രോപ്പ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട്" പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. 2021-22 വർഷത്തെ "ആനുവൽ റിവ്യൂ ഓഫ് ക്രോപ്പ് സ്റ്റാറ്റിസ്റ്റിക്സ് സിസ്റ്റം ഇൻ കേരള ത്രൂ ദി സ്കീം ഫോർ ഇംപ്രൂവ്മെന്റ് ഓഫ് ക്രോപ്പ് സ്റ്റാറ്റിസ്റ്റിക്സ്" എന്ന പുസ്തകം പ്രസിദ്ധീകരണത്തിനായി തയ്യാറായി വരുന്നു.

ഇ.എ.ആർ.എ.എസ് ജോലികൾ കൂടുതൽ കാര്യക്ഷമവും സുഗമവുമാക്കുന്നതിന്റെ ഭാഗമായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ പുതിയ സോഫ്റ്റ്വെയർ രൂപീകരണത്തിന്റെ ജോലികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ

ഇ.എ.ആർ.എ.എസ് ജോലി ഡിജിറ്റൈസ് ചെയ്യാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകളിലേക്ക് 426 ടാബുകൾ വിതരണം ചെയ്തിട്ടുണ്ട്. തുടർന്നുള്ള 385 സോണുകളിലേക്കും സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാർ, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർ, അഡീഷണൽ ജില്ലാ ഓഫീസർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർക്കും കൂടി ടാബുകൾ വിതരണം ചെയ്തു കഴിഞ്ഞാൽ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളുടെ ആദ്യഘട്ടം പൂർത്തീകരിക്കുന്നതാണ്.

### 5.2 വാർഷിക വ്യവസായ സർവേ വിഭാഗം (Annual Survey of Industries (ASI))

സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ വ്യവസായമേഖല മുഖ്യ പങ്ക് വഹിക്കുന്നു. വ്യാവസായിക സ്ഥിതിവിവരക്കണക്കുകളുടെ മുഖ്യ സ്രോതസ്സാണ് വാർഷിക വ്യവസായ സർവേ. ടി സർവേ മുഖേന സംഘടിത മേഖലയിൽ ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന യൂണിറ്റുകളെ സംബന്ധിച്ചുള്ള അടിസ്ഥാന സ്ഥിതിവിവരക്കണക്ക് ശേഖരിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംഘടിത മേഖലയിലെ ഫാക്ടറികളുടെ എണ്ണം, **invested Capital, Working Capital, Input, Output, Net Fixed Capital Formation, Gross Fixed Capital Formation, Gross Value Added, Net Value Added, Net Income, Profit** എന്നിവയും കൂടാതെ ഫാക്ടറികളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, **man-days employed, emoluments paid** എന്നീ ഘടകങ്ങളുമാണ് ഈ സർവേയിൽ വിലയിരുത്തുന്നത്.

കളക്ഷൻ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആക്ട് 2008 പ്രകാരമാണ് സർവേ നടത്തിവരുന്നത്. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (എൻ.എസ്.ഒ), ഇൻഡസ്ട്രിയൽ സ്റ്റാറ്റിസ്റ്റിക്സ് വിംഗ് ആണ് സർവേയ്ക്കാവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നത്. ഫാക്ടറീസ് ആക്ട് 1948 ലെ സെക്ഷൻ 2m(i), 2m(ii) പ്രകാരം രജിസ്റ്റർ ചെയ്ത ഫാക്ടറികൾ, ബീഡി ആന്റ് സിഗാർ വർക്കേഴ്സ് ആക്ട് 1966 എന്നിവ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾ, ഫാക്ടറീസ് ആക്ടിൽ രജിസ്റ്റർ ചെയ്യാത്തതും കമ്പനീസ് ആക്ട് 1956, ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ബിസിനസ് രജിസ്റ്റർ ഓഫ് എസ്റ്റാബ്ലിഷ്മെന്റിൽ ഉൾപ്പെട്ട നൂറോ അതിലധികമോ ജീവനക്കാരുള്ള സ്ഥാപനങ്ങളുമാണ് സർവേയുടെ പരിധിയിൽ ഉൾപ്പെടുന്നത്.

എ.എസ്.ഐ. ഫ്രെയിമിലെ ഓരോ വ്യവസായ യൂണിറ്റുകളെയും സാമ്പിൾ സെക്ടർ, സെൻസസ് സെക്ടർ എന്നീ ഗ്രൂപ്പുകളായി തിരിക്കുന്നു. എഴുപത്തിയഞ്ചോ അതിൽ കൂടുതലോ തൊഴിലാളികൾ ഉള്ള യൂണിറ്റുകളാണ് സെൻസസ് സെക്ടറിൽ വരുന്നത്. സാമ്പിൾ സെക്ടറും, സെൻസസ് സെക്ടറും എൻ.എസ്.ഒ. യുടെ പരിധിയിലാണ്. സാമ്പിൾ സെക്ടറിലെ ഒരു ഭാഗം ഡി.ഇ.എസ് നടത്തുന്ന സർവേയുടെ പരിധിയിൽ വരുന്നു.

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (എൻ.എസ്.ഒ) സർവ്വേയ്ക്കാവശ്യമായ സാമ്പിൾ യൂണിറ്റുകൾ തിരഞ്ഞെടുത്ത് നൽകുന്നു.

സർവേ നടത്തിപ്പിനായി ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരെ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസറായി നിയമിക്കുന്നു. സാമ്പത്തിക വർഷമാണ് അടിസ്ഥാന വർഷമായി കണക്കാക്കുന്നത്. 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട സാമ്പിൾ യൂണിറ്റുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നു. സർവേയുമായി ബന്ധപ്പെട്ട് ജില്ലാതല ഉദ്യോഗസ്ഥർക്ക് (ഡെപ്യൂട്ടി ഡയറക്ടർ, റിസർച്ച് ഓഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ) എല്ലാ വർഷവും പരിശീലന പരിപാടി നടത്തി വരുന്നുണ്ട്. ജില്ലാതലത്തിൽ സാമ്പിൾ യൂണിറ്റുകൾക്ക് ഡെപ്യൂട്ടി ഡയറക്ടർ സർവേ നോട്ടിഫിക്കേഷൻ പ്രകാരം നോട്ടീസ്, ഷെഡ്യൂൾ എന്നിവ അയയ്ക്കുകയും ഫീൽഡ് ജോലിയ്ക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത യൂണിറ്റുകൾ സന്ദർശിച്ച് വിവരശേഖരണം നടത്തുകയും ചെയ്യുന്നു. ശേഖരിച്ച വിവരങ്ങളുടെ ഡാറ്റാ എൻട്രി നടത്തുന്നത് എൻ.എസ്.ഒ. ലഭ്യമാക്കിയിട്ടുള്ള **e-Schedule package** ഉപയോഗിച്ചാണ്. ടി വിവരങ്ങൾ ജില്ലാതലത്തിലും ഡയറക്ടറേറ്റ് തലത്തിലും സൂക്ഷ്മപരിശോധന നടത്തുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന വിവരങ്ങളും നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ നിന്നും ലഭിക്കുന്ന സെൻട്രൽ വാലിഡേറ്റഡ് ഡാറ്റയും സംയോജിപ്പിച്ച **STATA Software** ഉപയോഗിച്ച് ഡാറ്റാ വിശകലനം നടത്തിയാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് എ.എസ്.ഐ. വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നത്.

**2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ**

- എ.എസ്.ഐ 2020-21 സർവേ 2022-23 സാമ്പത്തിക വർഷത്തിലാണ് നടത്തിയത്. എ.എസ്.ഐ 2020-21 സർവേയുടെ വിവരശേഖരണം, ഡാറ്റാ എൻട്രി എന്നീ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത സർവേയുടെ സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് യൂണിറ്റ് ലെവൽ ഡാറ്റ ലഭ്യമാകുന്ന മുറയ്ക്ക് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.
- എ.എസ്.ഐ 2019-20 വർഷത്തെ സർവേ, റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്ക് **Tabulation, Pooling of Central & State Sample data** എന്നീ ജോലികൾ പുരോഗമിക്കുന്നു. റിപ്പോർട്ട് 2023 മെയ് 31 നകം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 5.3. വ്യാവസായിക ഉൽപാദന സൂചിക (ഐ.ഐ.പി)

കേരള സംസ്ഥാനത്തിന്റെ വ്യാവസായിക രംഗത്തുണ്ടാകുന്ന വളർച്ചാനിരക്ക് കണക്കാക്കുന്നതിനും വ്യാവസായിക ഉൽപാദനത്തിലെ ഹ്രസ്വകാല മാറ്റങ്ങൾ മനസിലാക്കുന്നതിനും വ്യാവസായിക ഉൽപാദനസൂചിക കണക്കാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തെ വ്യാവസായിക ഉൽപാദനസൂചിക

കണക്കാക്കുക, കൂടാതെ സംഘടിത അസംഘടിത മേഖലകളിലെ മൊത്ത വിലസൂചിക തയ്യാറാക്കുക എന്നിവയാണ് വകുപ്പിലെ ഐ.ഐ.പി. വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ.

സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ (സി.എസ്.ഒ) നിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുത്ത 190 സ്ഥാപനങ്ങളിൽ നിന്നായി 134 ഇനം ഉൽപന്നങ്ങളുടെ ഉൽപാദനവും, ഖനന മേഖലയുമായി ബന്ധപ്പെട്ട ഉൽപാദനവും ഐ.ബി.എം. നാഗ്പൂരിൽ നിന്നും അയച്ചുതരുന്നത്. വൈദ്യുതമേഖലയുമായി ബന്ധപ്പെട്ട ഉൽപ്പാദനവും (നാഷണൽ പവർ പോർട്ടലിൽ നിന്നും ലഭിക്കുന്നത്) ഉപയോഗിച്ച് ശാസ്ത്രീയമായാണ് വ്യാവസായിക ഉൽപാദന സൂചിക തയ്യാറാക്കുന്നത്.

പാദവാർഷികമായാണ് വ്യാവസായിക ഉൽപ്പാദന സൂചിക തയ്യാറാക്കുന്നത്. അതിൽ മാസാടിസ്ഥാനത്തിലുള്ള സൂചികയും ഉൾപ്പെടുന്നു. 2022-23 ലെ നാലു പാദങ്ങളിലേയും സൂചിക തയ്യാറാക്കി ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് അയച്ചുകൊടുക്കുകയും വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സംഘടിത അസംഘടിത മേഖലകളിലെ മൊത്തവില സൂചികയുടെ ബേസ് ഇയർ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

### 5.4. സർവേയും പഠനവും

ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ചും സമ്പദ്വ്യവസ്ഥയുടെ വിവിധ മേഖലകളിൽ നിലനിൽക്കുന്ന വിവര ദൗർലഭ്യത്തെക്കുറിച്ചും മനസ്സിലാക്കി സർവേയും പഠനങ്ങളും നടത്തി അവ പരിഹരിക്കുന്നതിനാവശ്യമായ ഡാറ്റാബേസ് രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വകുപ്പ് അഡ്ഹോക് സർവേകളും പഠനങ്ങളും പതിവായി നടത്തുന്നു. ഇതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം കേരളത്തിലെ വന്ധ്യതയുടെ പ്രചുര്യവും ചികിത്സയും സംബന്ധിച്ച പഠനം, കോവിഡ് മഹാമാരിയുടെ ആഘാതം മലയാളി പ്രവാസികളിൽ - പഠനം എന്നീ 2 സർവേകൾ നടത്തുകയുണ്ടായി.

1. സർവേ പ്രവർത്തനങ്ങൾ

**1.1 കേരളത്തിലെ വന്ധ്യതയുടെ പ്രാചുര്യവും ചികിൽസയും സംബന്ധിച്ച പഠനം:**

നമ്മുടെ സമൂഹത്തിൽ വന്ധ്യത ഇന്നൊരു രോഗാവസ്ഥയായി മാറിയിരിക്കുന്നു. അതിലൂടെ വൈദ്യശാസ്ത്ര രംഗത്ത് ഒരു കച്ചവടവൽക്കരണം രൂപപ്പെട്ടിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട സമഗ്ര വിവരശേഖരണത്തിന്റെ ഭാഗമായി പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന വന്ധ്യത ക്ലിനിക്കുകളുടെ ലിസ്റ്റ് തയ്യാറാക്കുക, വന്ധ്യത ക്ലിനിക്കുകളിൽ ലഭ്യമാകുന്ന സേവനങ്ങളുടേയും സൗകര്യങ്ങളുടേയും വ്യാപ്തി മനസിലാക്കുക, ക്ലിനിക്കുകളിൽ നിന്നും

ദമ്പതികൾക്ക് കിട്ടുന്ന സേവനം എത്രമാത്രം സ്വീകാര്യമാണെന്നും ചെലവേറിയതാണെന്നും കണ്ടെത്തുക, വന്ധ്യതയിലെ ലിംഗ അസമത്വം, വിദ്യാഭ്യാസ യോഗ്യത, സാമ്പത്തിക ഭദ്രത എന്നിവയെ കുറിച്ച് വിലയിരുത്തുക, വന്ധ്യത അനുഭവിക്കുന്ന ദമ്പതികൾ അഭിമുഖീകരിക്കുന്ന ശാരീരിക മാനസിക സാമൂഹിക പ്രശ്നങ്ങൾ മനസിലാക്കുക, വന്ധ്യതയ്ക്ക് കാരണമാകുന്ന വിവിധ അവസ്ഥകളെ കുറിച്ച് മനസ്സിലാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളെ മുൻനിർത്തി പഠനം നടത്തുന്നതിനായി 15 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു.

അതിൻപ്രകാരം സർവേയുടെ വിവരശേഖരണപ്രവർത്തനം രണ്ട് ഘട്ടങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്. സ്ക്രൂട്ടിനി, റിപ്പോർട്ട് തയ്യാറാക്കൽ ഉൾപ്പെടെയുള്ള അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

കേരളത്തിലെ വന്ധ്യതയുടെ പ്രാചുര്യവും ചികിത്സയും സംബന്ധിച്ച പഠനം

| ക്രമ നം. | പരിശീലനപരിപാടികളുടെ തരം | പരിശീലന പരിപാടികളുടെ എണ്ണം | പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|
| 1 | സംസ്ഥാനതല ഓൺലൈൻ പരിശീലന പരിപാടി - ഒന്നാംഘട്ടം | 1 | 838 |
| 2 | സംസ്ഥാനതല ഓൺലൈൻ പരിശീലന പരിപാടി - രണ്ടാം ഘട്ടം | 1 | 50 |
| 3 | ജില്ലാതല ഓൺലൈൻ പരിശീലന പരിപാടി - രണ്ടാം ഘട്ടം | 14 | 798 |

### 1.2 കോവിഡ് മഹാമാരിയുടെ ആഘാതം മലയാളി പ്രവാസികളിൽ - പഠനം

കേരളത്തെ ഇന്ന് നാം കാണുന്ന രൂപത്തിൽ കെട്ടിപ്പടുക്കുന്നതിൽ പ്രവാസി സമൂഹത്തിനുള്ള പങ്ക് നിർവചനങ്ങൾക്ക് അതീതമാണ്. കോവിഡ് കാലഘട്ടത്ത് കേരളം അഭിമുഖീകരിച്ച പ്രശ്നങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നതാണ് പ്രവാസികളുടെ മടങ്ങിവരവ്. ഇതിൽ വലിയൊരു വിഭാഗം ലോക്ഡൗൺ സൃഷ്ടിച്ച തൊഴിൽ നഷ്ടത്തിന്റെ ഇരകളുമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട സമഗ്ര വിവരശേഖരണത്തിന്റെ ഭാഗമായി കോവിഡ് കാലത്ത് പ്രവാസികൾ നേരിട്ട വെല്ലുവിളികൾ യഥാസമയം പരിഹരിക്കുന്നതിനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾ എത്രമാത്രം ഗുണം കണ്ടുവെന്ന് വിലയിരുത്തുക, കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽരഹിതരായി തിരിച്ചെത്തിയ ശേഷം മടങ്ങിപ്പോകാൻ കഴിയാത്ത പ്രവാസികളുടെ സാമൂഹിക-സാമ്പത്തിക അവസ്ഥയെ കുറിച്ച് മനസ്സിലാക്കുക, മടങ്ങിപ്പോകാത്തവർക്ക് സംസ്ഥാനത്ത് തന്നെ തൊഴിൽസംരംഭങ്ങൾ ഒരുക്കുക, അവർക്ക് ഉചിതമായി പുനരധിവാസ പാക്കേജ്

തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് നയപരിപാടികൾ രൂപപ്പെടുത്തുന്നതിന് ചാലക ശക്തിയാകുന്ന സ്ഥിതിവിവരക്കണക്കുകൾ രൂപപ്പെടുത്തുക, പ്രവാസികളുടെ തൊഴിൽ നൈപുണ്യം നമ്മുടെ നാട്ടിൽ ഏതുരീതിയിൽ ഉപയോഗപ്പെടുത്തിയെന്ന് മനസ്സിലാക്കുക, പ്രവാസികളുടെ വിദ്യാഭ്യാസ യോഗ്യത, വിദേശത്ത് ചെയ്തിരുന്ന തൊഴിൽ, സാമൂഹിക പശ്ചാത്തലം എന്നിവ മനസ്സിലാക്കുക, സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലകളിൽ പ്രവാസികൾ ആരംഭിച്ചിട്ടുള്ള സംരംഭകത്വ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുക, പ്രവാസികൾ അഭിമുഖീകരിക്കുന്ന ഇതര പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കുക, പ്രവാസികളുടെ അഭിരുചികൾ മനസ്സിലാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളെ മുൻനിർത്തി പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. സർവേ പരിശീലന പരിപാടികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താഴെ കാണുന്ന പ്രകാരം നടത്തിയിട്ടുണ്ട്. അതിൻപ്രകാരം സർവേയുടെ വിവരശേഖരണ പ്രവർത്തനം രണ്ട് ഘട്ടങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്. സ്ക്രൂട്ടിനി, റിപ്പോർട്ട് തയ്യാറാക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**കോവിഡ് മഹാമാരിയുടെ ആഘാതം മലയാളി പ്രവാസികളിൽ - പഠനം**

| ക്രമ നം | പരിശീലന പരിപാടികളുടെ തരം | പരിശീലന പരിപാടികളുടെ എണ്ണം | പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|
| 1 | സംസ്ഥാനതല ഓൺലൈൻ പരിശീലന പരിപാടി - ഒന്നാംഘട്ടം | 1 | 823 |
| 2 | സംസ്ഥാനതല ഓൺലൈൻ പരിശീലന പരിപാടി - രണ്ടാം ഘട്ടം | 1 | 50 |
| 3 | ജില്ലാതല ഓൺലൈൻ പരിശീലന പരിപാടി - രണ്ടാം ഘട്ടം | 14 | 787 |

**പ്രസിദ്ധീകരണങ്ങൾ**

റിപ്പോർട്ടുകൾ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

**5.5. ദേശീയ സാമ്പിൾ സർവേ (എൻ.എസ്.എസ്)**

കേന്ദ്ര സർക്കാരിന്റെ ദേശീയ സാമ്പിൾ സർവേ ഓഫീസ് (NSO) ദേശീയതലത്തിൽ നടത്തിവരുന്ന സാമൂഹിക-സാമ്പത്തിക സർവേകളിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കൊപ്പം കേരളവും പങ്ക് ചേർന്ന് സർവേ നടത്തുന്നു. പ്രസ്തുത സർവേയിൽ നിന്നു ലഭിക്കുന്ന വിവരങ്ങൾ ദേശീയതലത്തിലും സംസ്ഥാനതലത്തിലും സാമൂഹിക സാമ്പത്തിക ആസൂത്രണത്തെയും നയരൂപീകരണത്തേയും സഹായിക്കുന്നു. എൻ.എസ്.എസ്. സർവേ ക്രമമായ ഇടവേളകളിൽ തുടർച്ചയായ റൗണ്ടുകളിലൂടെ

നടത്തപ്പെടുന്ന സർവേയാണ്. സാധാരണയായി ഓരോ റൗണ്ടും ഒരു വർഷത്തെ കാലയളവിൽ സമകാലീന വിഷയങ്ങളെ ആസ്പദമാക്കി പഠനം നടത്തുന്നു. (ആയത് നിശ്ചയിക്കുന്നത് ദേശീയ തലത്തിൽ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസും നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുമാണ്). സംസ്ഥാനത്തിനു വേണ്ടി പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നത് സാമ്പത്തിക സ്ഥിതിവിവരക്കണക്കു വകുപ്പിലെ ദേശീയ സാമ്പിൾ സർവേ വിഭാഗമാണ്.

**പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ**

76-ാം റൗണ്ട് **Drinking Water, Sanitation, hygiene and Housing Condition in Kerala - Persons with disabilities in Kerala** എന്നീ രണ്ടു വിഷയങ്ങളുടെ സ്റ്റേറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

**മറ്റുപ്രവർത്തനങ്ങൾ**

75-ാമത് റൗണ്ടിൽ **House hold Social Consumption: Health, House Social Consumption: Education** എന്നീ വിഷയങ്ങൾ ആണ് ഉള്ളത്. മേൽപ്പടി രണ്ടു വിഷയങ്ങളുടേയും സ്റ്റേറ്റ് റിപ്പോർട്ടും **Education Pooled** റിപ്പോർട്ടും തയ്യാറാക്കി വരുന്നു.

77-ാമത് റൗണ്ട് സർവേയിൽ **Land and Livestock Holdings of Households and Situation Assessment of Agriculture Households, Debt and Investment** എന്നീ രണ്ടു വിഷയങ്ങളാണ് ഉള്ളത്. ആയതിന്റെ സ്റ്റേറ്റ് ടാബുലേഷൻ പൂർത്തികരിച്ചു. **78**-ാം റൗണ്ടിന്റെ **'Multiple Indicator Survey'** ഡാറ്റ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുണ്ട്.

79-ാം റൗണ്ട് **(July 2022-June 2023)** സർവേയിൽ **AYUSH, Comprehensive Annual Modular Survey (CAMS)** എന്നീ രണ്ട് വിഷയങ്ങളാണ് ഉള്ളത്. ആയതിന്റെ മൂന്ന് സബ്റൗണ്ട് വരെയുള്ള ഫീൽഡ്തല വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. ഇവയുടെ ഡാറ്റ എൻട്രി നടന്നു വരുന്നു.

**i) 2022-23 NSS മായി ബന്ധപ്പെട്ട പരിശീലനങ്ങൾ**

| പരിശീലനത്തിന്റെ വിശദാംശങ്ങൾ | തീയതി / സ്ഥലം | പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം. |
|---|---|---|
| എൻ.എസ്.എസ് 79-ാം റൗണ്ടിന്റെ സംസ്ഥാനതല പരിശീലനം | 07/07/2022, 08/07/2022 തൈക്കാട് പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസ് | 100 |
| എൻ.എസ്.എസ് 79-ാമത് റൗണ്ടിന്റെ സ്കൂട്ടിനി പരിശീലനം | 15/11/2022, 16/11/2022 വകുപ്പ് ആസ്ഥാന പരിശീലന ഹാൾ | 60 |
| എൻ.എസ്.എസ് 79-ാമത് റൗണ്ടിന്റെ എസ്റ്റിമേഷൻ ആന്റ് ഡാറ്റാ വാലിഡേഷൻ പരിശീലനം | 07/01/2023 SASA യിലെ പരിശീലന ഹാൾ | 50 |

**ii) ജോയിന്റ് ഇൻസ്പെക്ഷൻ**

എൻ.എസ്.എസ് 79-ാം റൗണ്ടിന്റെ ഡാറ്റയുടെ ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനായി എൻ.എസ്.ഒ.-യും വകുപ്പുമായി ചേർന്ന് 29/12/2022 തീയതിയിൽ തിരുവനന്തപുരം ജില്ലയിലും 15/03/2023 തീയതി മലപ്പുറം ജില്ലയിലും 30/03/2023 തീയതി കൊല്ലം ജില്ലയിലും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയിരുന്നു. ആയതിൽ മേൽപ്പടി സർവേയുമായി ബന്ധപ്പെട്ട് വകുപ്പിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് എൻ.എസ്.ഒ വിലയിരുത്തി. ഓരോ സബ് റൗണ്ടിലും ജോയിന്റ് ഇൻസ്പെക്ഷൻ നടന്നു വരുന്നു.

**iii) ഫീൽഡുതല ഇൻസ്പെക്ഷൻ**

79-ാം റൗണ്ട് ഡാറ്റയുടെ ക്വാളിറ്റി ഉറപ്പ് വരുത്തുവാനായി 22/02/2023 തീയതിയിൽ ഡയറക്ടറേറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥർ പത്തനംതിട്ട ജില്ലയിൽ ഫീൽഡുതല പരിശോധന നടത്തി. നിലവിൽ ജില്ലകളിൽ ഫീൽഡുതല പരിശോധന തുടർന്നു വരുന്നു.

## 5.6 തൊഴിൽ ഭവന നിർമ്മാണ സ്ഥിതിവിവരക്കണക്ക് വിഭാഗം

### 1. ബിൽഡിംഗ് സ്റ്റാറ്റിസ്റ്റിക്സ്

ഭവന നിർമ്മാണ മേഖലയിലെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ദേശീയ ഭവനനിർമ്മാണ വകുപ്പിന് അയച്ചു കൊടുക്കുന്നതിനുമായി മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആരംഭിച്ചതാണ് ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്കൽ സെൽ. ഇതിന്റെ ഭാഗമായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, നഗരകാര്യ വകുപ്പ് എന്നിവിടങ്ങളിൽ ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ നിലവിൽ വരുകയും ചെയ്തു. കെട്ടിടനിർമ്മാണ മേഖലയിലെ സാമഗ്രികളുടെ വിലയും തൊഴിലാളികളുടെ വേതന നിരക്കുകളും കെട്ടിടനിർമ്മാണം സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളും ശേഖരിക്കുകയും ക്രോഡീകരിക്കുകയും നാഷണൽ ബിൽഡിംഗ് ഓർഗനൈസേഷന് കൈമാറുകയും പ്രസിദ്ധപ്പെടുത്തുകയുമാണ് ഈ സെല്ലിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

വകുപ്പിന്റെ ജില്ലാ ഓഫീസുകൾ മുഖാന്തിരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ബിൽഡിംഗ് സ്റ്റാറ്റിസ്റ്റിക്സ് കൃത്യമായി ശേഖരിക്കുകയും ക്രോഡീകരിക്കുയും ചെയ്യുന്നു. ഓരോ സാമ്പത്തിക വർഷത്തിലും നിർമ്മാണം പൂർത്തീകരിച്ച റസിഡൻഷ്യൽ, നോൺ-റസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണം, ഉടമസ്ഥാവകാശം, മേൽക്കൂരയുടെ തരം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുകയും

സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. 2020-21 സാമ്പത്തിക വർഷം വരെയുള്ള ബിൽഡിംഗ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2021-22 ലെ ബിൽഡിംഗ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നു. 2022-23 വർഷത്തെ ബിൽഡിംഗ് സ്റ്റാറ്റിസ്റ്റിക്സ് തയാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവിവരം, കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ വേതനവിവരം.**

എല്ലാ ത്രൈമാസത്തിലും ഈ വിവരങ്ങൾ ജില്ലാതലത്തിൽ ശേഖരിക്കുകയും സംസ്ഥാനതലത്തിൽ അവയുടെ ത്രൈമാസ റിപ്പോർട്ടുകളും വാർഷിക ശരാശരി റിപ്പോർട്ടുകളും തയ്യാറാക്കുകയും ചെയ്യുന്നു. 2022-23 ലെ കെട്ടിട നിർമ്മാണ മേഖലയിലെ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവിവരവും തൊഴിലാളികളുടെ വേതനവിവരവും സംബന്ധിച്ച രണ്ടാം ത്രൈമാസം (30/09/2022 ന് അവസാനിച്ച ത്രൈമാസം) വരെയുള്ള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കോടതി നടപടികളുടെ ആവശ്യങ്ങൾക്കും വിജിലൻസിനും വിവിധ ഗവേഷകർക്കും ഈ വിവരങ്ങൾ ഉപയോഗപ്രദമാണ്. സംസ്ഥാന വരുമാനം നിർണ്ണയിക്കുന്നതിനും കെട്ടിടനിർമ്മാണ ചെലവ് സൂചിക തയ്യാറാക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് വിംഗ് നടത്തുന്ന നിർമ്മാണ പരിപാലന പ്രവർത്തനങ്ങളുടെ കംപ്ലെയൻസ് ഓഡിറ്റിംഗിനായി അക്കൗണ്ടന്റ് ജനറൽ ഓഫീസ് ഈ വിവരങ്ങൾ ഉപയോഗിക്കുന്നു.

**3. അർബൻ സ്റ്റാറ്റിസ്റ്റിക്സ് ഫോർ ഹ്യൂമൻ റിസോഴ്സ് & അസസ്മെന്റ് (USHA)**

പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അർബൻ സ്റ്റാറ്റിസ്റ്റിക്സ് ഫോർ ഹ്യൂമൻ റിസോഴ്സ് & അസസ്മെന്റ് (USHA)എന്ന പദ്ധതിയുടെ സംസ്ഥാനത്തെ നിർവഹണം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്സ് സെല്ലാണ് നിർവഹിക്കുന്നത്. കേന്ദ്ര പാർപ്പിട നഗരകാര്യ വകുപ്പിന്റെ കീഴിൽ വരുന്ന നാഷണൽ ബിൽഡിംഗ് ഓർഗനൈസേഷനാണ് ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങളും ഫണ്ടും നൽകി വരുന്നത്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കോർപ്പറേഷനുകളിലും ആലപ്പുഴ, കോട്ടയം, പാലക്കാട്, മലപ്പുറം, കാസറഗോഡ് എന്നീ മുനിസിപ്പാലിറ്റികളിലും 2011-12 മുതൽ നൽകിയിട്ടുള്ള കെട്ടിട നിർമ്മാണ പെർമിറ്റുകളെയും കംപ്ലീഷൻ സർട്ടിഫിക്കറ്റുകളെയും സംബന്ധിച്ച വിവരങ്ങൾ, ഈ നഗരങ്ങളിലെ പൂർത്തീകരിച്ച കെട്ടിടങ്ങളുടെ വിപണി/ വാടക നിരക്കുകൾ, കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ വേതനവിവരം,

സാമഗ്രികളുടെ വിലവിവരം എന്നിവ ശേഖരിക്കുകയും എൻ.ബി.ഒ.യുടെ നിർദ്ദേശങ്ങളനുസരിച്ച് വിവരങ്ങൾ കൈമാറുകയും ചെയ്യുന്നു. 31/03/2023 വരെയുള്ള വിവരശേഖരണം എല്ലാ നഗരങ്ങളിലും പൂർത്തിയാക്കിയിട്ടുണ്ട്.

ഉഷ സ്കീമിന്റെ ഭാഗമായി 2011-12 സാമ്പത്തിക വർഷം അടിസ്ഥാനമാക്കി കെട്ടിട നിർമ്മാണ ചെലവ് സൂചിക **(Building Constructions Cost Index)** തയ്യാറാക്കണമെന്ന് നാഷണൽ ബിൽഡിംഗ് ഓർഗനൈസേഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2021-22 വരെയുള്ള സൂചിക തയ്യാറാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ NBO-യുടെ BRICKS സോഫ്റ്റ്‌വെയറിൽ ഡാറ്റ എൻട്രി ചെയ്യുന്നു. അടിസ്ഥാന സൗകര്യങ്ങൾ മാത്രമുള്ള ഒരു വീടിന്റെ നിർമ്മാണത്തിനാവശ്യമായ ചെലവിൽ കാലാനുസൃതമായി വരുന്ന മാറ്റമാണ് ടി സൂചിക പ്രതിഫലിപ്പിക്കുന്നത്. നിലവിലെ ഭവന നിർമ്മാണ ചെലവുകൾ മുൻ കാലയളവിലെ ചെലവുമായി താരതമ്യം ചെയ്യുന്നതിന് ഒരു അളവുകോലായി ഈ സൂചിക ഉപയോഗിക്കാൻ സാധിക്കും. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും സർക്കാരിന് ഈ വിവരങ്ങൾ വളരെ ഉപയോഗപ്രദമാണ്.

## 5.7 തൊഴിൽ സ്ഥിതിവിവരണക്കണക്ക് ഭാഗം

### 1. വ്യവസായ ശാലകളിലെ വ്യവസായേതര തർക്ക റിപ്പോർട്ട് (Report on unrest other than Industrial Disputes)

വ്യവസായ സ്ഥാപനങ്ങളിലെ വ്യവസായ തർക്കങ്ങൾ ഒഴികെയുള്ള കാരണങ്ങളാൽ ഉണ്ടാകുന്ന അസ്വസ്ഥതകളെക്കുറിച്ചുള്ള പ്രതിമാസ റിപ്പോർട്ട് ജില്ലാ ലേബർ ഓഫീസുകളിൽ നിന്നും ശേഖരിക്കുന്നു. ഈ റിപ്പോർട്ടിൽ തർക്കം നേരിട്ട് ബാധിച്ച തൊഴിലാളികളുടെ എണ്ണം, നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ, നഷ്ടപ്പെട്ട വേതനം തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയിരിക്കുന്നു. ഈ ഡാറ്റ ജില്ലാ ഓഫീസുകൾ മുഖാന്തരം ശേഖരിക്കുകയും DES ൽ ക്രോഡീകരിച്ച് പ്രതിമാസ റിപ്പോർട്ടുകളാക്കി ലേബർ ബ്യൂറോ ഓഫ് ഇന്ത്യക്ക് സമർപ്പിക്കുകയും ചെയ്യുന്നു.

വ്യവസായ സംരംഭങ്ങളിലെ വ്യവസായിക തർക്കങ്ങളൊഴികെയുള്ള പ്രശ്നങ്ങളെക്കുറിച്ചുള്ള **(Report on unrest other than Industrial Disputes)** 2023 ഫെബ്രുവരി വരെയുള്ള റിപ്പോർട്ടുകൾ ലേബർ ബ്യൂറോയ്ക്ക് നൽകിയിട്ടുണ്ട്.

### 2. വേതന ഘടന സർവേ

സംസ്ഥാനത്തിലെ വ്യാപാര, കെട്ടിട നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വേതന ഘടന, അതിലുണ്ടാകുന്ന വ്യതിയാനങ്ങൾ, നമ്മുടെ സാമ്പത്തിക മേഖലയിൽ അത് ഉണ്ടാക്കുന്ന മാറ്റങ്ങൾ മുതലായ കാര്യങ്ങൾ പഠിക്കുക

എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കുന്ന ഒരു സർവേയാണ് വേതന ഘടന സർവേ. നിർമാണ മേഖലയിലെ തൊഴിലാളികളുടെ ദിവസ വേതനവും വ്യാപാര മേഖലയിലെ തൊഴിലാളികളുടെ മാസ വേതനവുമാണ് ഈ സർവേയിലൂടെ ശേഖരിക്കുന്നത്. അഞ്ചു വർഷമാണ് സർവേയുടെ കാലദൈർഘ്യം. 2017-22 ന്റെ റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചുവരുന്നു. ഇപ്പോൾ 2022-27 വർഷത്തെ സർവേ നടന്നുകൊണ്ടിരിക്കുന്നു. നിർമ്മാണ വ്യാപാരമേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വേതന വിവരങ്ങൾ മനസ്സിലാക്കാൻ ഈ സർവേ വിവരങ്ങൾ സഹായിക്കുന്നു. ഈ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതന മാനദണ്ഡങ്ങൾ ക്രമീകരിക്കുന്നതിന് നയവേതന മാനദണ്ഡങ്ങൾ ക്രമീകരിക്കുന്നതിന് നയരൂപകർത്താക്കൾക്ക് വേതനനിരക്ക് വിവരങ്ങൾ ഉപയോഗിക്കാം. കൂടാതെ ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും വേതനനിരക്കിലെ വ്യത്യാസങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ ഇത് നൽകുന്നു. തൊഴിൽ വിപണികളുടെ പ്രവണതകളും കാലക്രമേണ അവ എങ്ങനെ വരുന്നു എന്നും മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു.

3. മെറ്റേർണിറ്റി ബെനഫിറ്റ് ആക്ട് 1961 റിപ്പോർട്ട്

പ്ലാന്റേഷനുകളിലും ഫാക്ടറികളിലും തൊഴിൽ ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് മെറ്റേർണിറ്റി ബെനഫിറ്റ് ആക്ട്-1961 പ്രകാരം നൽകുന്ന പ്രസവാനുകൂല്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ വാർഷികാടിസ്ഥാനത്തിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് കാര്യാലയം, ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്സ് ഡയറക്ടറുടെ കാര്യാലയം തുടങ്ങിയവയിൽ നിന്നും ശേഖരിക്കുന്നു. ഈ ഡാറ്റ ഉപയോഗിച്ച് മെറ്റേർണിറ്റി ബെനഫിറ്റ് ആക്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കി വർഷം തോറും ലേബർ ബ്യൂറോയ്ക്ക് അയയ്ക്കുന്നു. ഈ റിപ്പോർട്ടിൽ റിട്ടേണുകൾ സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം, പ്രസവാനുകൂല്യം ക്ലെയിം ചെയ്ത സ്ത്രീകളുടെ എണ്ണം, സ്വീകരിച്ചതും കൊടുത്തതുമായ ക്ലെയിമുകളുടെ എണ്ണം, പ്രസവാനുകൂല്യത്തിന്റെ ആകെ തുക (ബോണസ് ഉൾപ്പെടെ) തുടങ്ങിയവ അടങ്ങിയിരിക്കുന്നു. പ്രസവാനുകൂല്യ നിയമ പ്രകാരം നൽകിയിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച വാർഷിക റിപ്പോർട്ട് 2021 വരെയുള്ളത് ലേബർ ബ്യൂറോയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

5.8. സംസ്ഥാന വരുമാന വിഭാഗം

ഐക്യരാഷ്ട്രസഭയുടെ നാഷണൽ സിസ്റ്റംസ് ഓഫ് അക്കൗണ്ട്സിന്റെ ചുവടുപിടിച്ചു കൊണ്ട് സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ്(CSO) തയാറാക്കിയ മാർഗനിർദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാന വരുമാനം കണക്കാക്കുന്ന അതിപ്രധാനമായ ജോലി സംസ്ഥാനവരുമാന വിഭാഗമാണ് നിർവഹിച്ചുവരുന്നത്.

സംസ്ഥാന വാർഷിക വരുമാനവും പ്രതിശീർഷവരുമാനവും തന്നാണ്ട് വിലനിലവാരത്തിലും സ്ഥിരവിലനിലവാരത്തിലും കണക്കാക്കി വരുന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി. **Economic Cum Purpose Classification** അടിസ്ഥാനമാക്കിയുള്ള സംസ്ഥാന ബജറ്റിന്റെ തരംതിരിവ്, മൂലധന നിക്ഷേപം നിർണ്ണയിക്കൽ എന്നിവയും ഈ വിഭാഗം തയ്യാറാക്കുന്നു. ഈ വിഭാഗം നിർണ്ണയിക്കുന്ന വിവിധ വരുമാനക്കണക്കുകൾ കേന്ദ്രസർക്കാരിന്റെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിലെ നാഷണൽ അക്കൗണ്ട്സ് വിഭാഗവുമായി ചർച്ച നടത്തി അന്തിമമായി പ്രസിദ്ധീകരിക്കുന്നു. പ്രസ്തുതകണക്കുകൾ സംസ്ഥാന ഗവൺമെന്റിനും, കേന്ദ്രഗവൺമെന്റിനും, പ്ലാനിംഗ് ബോർഡിനും മറ്റ് ബന്ധപ്പെട്ട ഏജൻസികൾക്കും നൽകി വരുന്നു. ജില്ലാ അടിസ്ഥാനത്തിൽ വരുമാനം തയ്യാറാക്കുന്ന ജോലിയും ഈ വിഭാഗം ചെയ്തു വരുന്നു.

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവയുടെ ഫണ്ട് വിനിയോഗം, അവയുടെ ബജറ്റ് വിശകലനം, മൂലധന നിക്ഷേപത്തിന്റെ അളവ് എന്നിവയുടെ നിർണ്ണയവും ഈ വിഭാഗം ചെയ്തു വരുന്നു. സംസ്ഥാന വരുമാനം, ജില്ലാ വരുമാനം, സംസ്ഥാന ബഡ്ജറ്റിന്റെ **Economic Cum Purpose Classification,** സംസ്ഥാന വരുമാനവും രാജ്യത്തിന്റെ ആകെ വരുമാനവും തമ്മിലുള്ള താരതമ്യ പഠനം തുടങ്ങിയ റിപ്പോർട്ടുകൾ ഈ വിഭാഗത്തിൽ നിന്നും തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. ഓരോ സാമ്പത്തിക വർഷവും ടി ജോലികളാണ് ഈ വിഭാഗം ചെയ്തു വരുന്നത്. **GSDP/NSDP 2021-22 (Quick)** എസ്റ്റിമേറ്റ് വരെ തയ്യാറായിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്

ജില്ലാ തലത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സി.എസ്.ഒ-യുടെ നിർദ്ദേശപ്രകാരം സംസ്ഥാന വരുമാന നിർണ്ണയത്തിൽ കൂടുതൽ സൂക്ഷ്മത വരുത്തുന്നതിനു വേണ്ടി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ സാമ്പത്തിക വർഷത്തേയും ധനകാര്യ സ്റ്റേറ്റ്മെന്റ് ശേഖരിച്ച് **Economic Cum Purpose Classification**-ന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.

**2020-21** വരെയുള്ള മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഷിക ധനകാര്യ കണക്കുകൾ ഡാറ്റ എൻട്രി പൂർത്തീകരിച്ച് സി.എസ്.ഒ.-യ്ക്ക് നൽകിയിട്ടുണ്ട്. **2020-21** വരെയുള്ള പ്രസ്തുത റിപ്പോർട്ട് **(Provisional)** തയ്യാറാക്കിയിട്ടുണ്ട്. **2021-22** തയ്യാറാക്കി വരുന്നു.

### പൊതുമേഖല സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്

സംസ്ഥാനത്തെ വിവിധ പൊതുമേഖല സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ കണക്കുകൾ ശേഖരിച്ച് വിശകലനം നടത്തി സംസ്ഥാന വരുമാനത്തിലേക്കുള്ള വിഹിതം തയ്യാറാക്കുന്നു. 2019-20 വർഷം വരെയുള്ള വാർഷിക ധനകാര്യ പത്രികകളുടെ വിശകലനം പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 വർഷത്തെ പത്രികകളുടെ ശേഖരണവും ഡാറ്റ എൻട്രിയും പൂർത്തീകരിച്ചു വരുന്നു. 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ ശേഖരിച്ചു വരുന്നു.

### സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്

സി.എസ്.ഒ.-യുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ വിവിധ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതുനുമുള്ള പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

### മൊത്ത സ്ഥിര മൂലധന രൂപീകരണം (Gross Fixed Capital Formation)

2018-19 വരെയുള്ള GFCF റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 2019-20, 2020-21, 2021-22 വർഷങ്ങളിലെ GFCF റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### 5.9 കൃഷിച്ചെലവ് സർവേ വിഭാഗം

27/10/1979 ലെ GO(RT) 466/1979/PLG നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പ്രധാന വിളകളുടെ കൃഷിച്ചെലവ് സർവേ സംബന്ധിച്ച വാർഷിക വിവരം ശേഖരിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 1980-81 മുതൽ കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള 38 താലൂക്കുകളിലാണ് സർവേ നടത്തി വരുന്നത്. തെരഞ്ഞെടുത്തിട്ടുള്ള വിളകളായ നെല്ല്, (3 സീസൺ) തെങ്ങ്, കമുക്, മരച്ചീനി, ഏത്തവാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, പാവൽ (3 സീസൺ) വള്ളി പയർ, (3 സീസൺ), പൈനാപ്പിൾ, ഏലം (ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ മാത്രം) കുമ്പളം, വെള്ളരി, പടവലം, വെണ്ട, കാബേജ്, കാരറ്റ്, ഉരുളൻകിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി, തക്കാളി (3 സീസൺ) എന്നിവയുടെ കൃഷിച്ചെലവ് സംബന്ധിക്കുന്ന വിവരങ്ങളാണ് ഈ സർവേയിലൂടെ ശേഖരിക്കുന്നത്.

കൃഷിച്ചെലവ് സർവേയിലൂടെ കേരളത്തിലെ പ്രധാന വിളകളുടെ ഓരോ ഹെക്ടറിലും കൃഷി ചെയ്യുന്നതിനുള്ള ചെലവിനെ പറ്റിയുള്ള വിവരങ്ങളും ഒരു ഹെക്ടർ കൃഷി ചെയ്യുമ്പോൾ കർഷകന് അതിൽ നിന്നും കിട്ടുന്ന വരുമാനവും ടി സർവേയിലൂടെ കണക്കാക്കുന്നു. സർവേയുടെ കാലയളവ് ഒരു കാർഷിക വർഷമാണ് (ജൂലൈ-ജൂൺ).

കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കാർഷിക അഭിവൃദ്ധി കൈവരിക്കുന്നതിനു വേണ്ടി നൂതന കാർഷിക പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും കാർഷികോല്പന്നങ്ങൾക്ക് തറവില ലഭ്യമാക്കുന്നതിലൂടെ കർഷകർക്ക് അനുബന്ധ മേഖലയിലുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനും കൃഷിച്ചെലവ് സർവേ ഫലങ്ങൾ ഉപയോഗിക്കുന്നു. കൂടാതെ ദേശീയ സംസ്ഥാന വരുമാന നിർണ്ണയത്തിനും കാർഷിക വിളകളുടെ താങ്ങുവില നിർണ്ണയിക്കുന്നതിനും പ്രൈസ് കമ്മീഷന്റെ വിവിധ ആവശ്യങ്ങൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകൾ കൃഷിച്ചെലവ് സർവേ ഫലങ്ങൾ ഉപയോഗിച്ചു വരുന്നു. 2020-21 വർഷത്തെ കൃഷിച്ചെലവ് സർവേയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. 2021-22 വർഷത്തെ കൃഷിച്ചെലവ് സർവേയുടെ റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി അന്തിമഘട്ടത്തിലാണ്. 2022-23 വർഷത്തെ കൃഷിച്ചെലവ് സർവേയുടെ ഫീൽഡ്തല പ്രവർത്തനങ്ങൾ തെരഞ്ഞെടുത്ത 38 താലൂക്കുകളിലും നടന്നുവരുന്നു.

### 5.10 കാർഷിക സെൻസസ്

ഐക്യരാഷ്ട്ര സംഘടനയുടെ ഭക്ഷ്യ കാർഷിക സംഘടന (എഫ്.എ.ഒ) ലോക വ്യാപകമായി സംഘടിപ്പിച്ചു വരുന്ന ലോകകാർഷിക സെൻസസിന്റെ ഭാഗമായി കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും 1970-71 മുതൽ അഞ്ച് വർഷത്തിലൊരിക്കൽ തുടർച്ചയായി കാർഷിക സെൻസസ് നടത്തി വരുന്നു. കേരളത്തിൽ കാർഷിക സെൻസസിന്റെ നടത്തിപ്പ് ചുമതല ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനാണ്. ഇതിന്റെ ഭാഗമായി 11-ാമത് കാർഷിക സെൻസസ് 2022 ഡിസംബറിൽ ആരംഭിച്ചു.

#### സർവേയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ

കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്ന പദ്ധതികൾ തയ്യാറാക്കുന്നതിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുക, ഈ മേഖലയുമായി ബന്ധപ്പെട്ട നയരൂപീകരണം, അന്തർദേശീയ തലത്തിൽ രാജ്യത്തെ കാർഷിക മേഖലയുടെ സ്ഥിതി വിലയിരുത്തുന്നതിന് ആവശ്യമായ വിവരശേഖരണം നടത്തുക തുടങ്ങിയവയാണ് കാർഷിക സെൻസസിന്റെ മുഖ്യ ലക്ഷ്യം. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ ഭൂവിനിയോഗം, ഭൂവുടമസ്ഥത, കാർഷിക വിളകളുടെ വിതരണം, ജലസേചനം, വളം, കീടനാശിനി എന്നിവയുടെ ഉപയോഗം, കാർഷിക ഉപകരണങ്ങൾ, കന്നുകാലി സമ്പത്ത് തുടങ്ങിയ സ്ഥിതിവിവരക്കണക്കുകൾ കർഷകരിൽ നിന്നും നേരിട്ട് ശേഖരിക്കുന്നു.

സർവേ നടത്തിപ്പ്

മൂന്നുഘട്ടങ്ങളിലായാണ് കാർഷിക സെൻസസ് നടക്കുന്നത്. സംസ്ഥാനത്ത് ഇതുവരെ പത്ത് കാർഷിക സെൻസസും, ഒൻപത് ഇൻപുട്ട് സർവേയും പൂർത്തിയായിട്ടുണ്ട്. പത്ത് കാർഷിക സെൻസുകളുടെയും ഒൻപത് ഇൻപുട്ട് സർവേകളുടെയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ അഗ്രിക്കൾച്ചറൽ സെൻസസിലും ലിസ്റ്റിംഗ് സർവേ, കാർഷിക വിവരശേഖരണം നടത്തുന്ന സർവേ, ഇൻപുട്ട് സർവേ എന്നിങ്ങനെ 3 ഘട്ടങ്ങൾ ഉൾപ്പെടുന്നു. ഇതിൽ ലിസ്റ്റിംഗ് സർവേ നടത്തുന്നതിന് ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡുകളിലെ ഓരോ വീടും സന്ദർശിച്ച് നേരിട്ട് അതത് വാർഡിലെ താമസക്കാരായ കർഷകന്റെ കൈവശാനുഭവ കൃഷിഭൂമിയുടെയും (ഹോൾഡിംഗുകൾ) കൈവശാനുഭവ കർഷകന്റേയും വിവരങ്ങൾ അന്വേഷിച്ച് സാമൂഹ്യവിഭാഗം തിരിച്ച് ഓൺലൈൻ വെബ് പോർട്ടലിൽ രേഖപ്പെടുത്തുന്നു. സ്ഥാപന ഹോൾഡിങ്ങിനെ സംബന്ധിച്ച വിവരം, കൂട്ടുകൃഷി സംബന്ധിച്ച വിവരം എന്നിവയും പ്രത്യേകമായി ശേഖരിക്കുന്നു. ഇത്തരത്തിൽ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്ന് സാമ്പിൾ ആയി തെരഞ്ഞെടുക്കുന്ന കർഷകരിൽ നിന്ന് രണ്ടും മൂന്നും ഘട്ട സർവേ വിവരങ്ങൾ ശേഖരിക്കുന്നു. ഇതിലെ ഒന്നാം ഘട്ടമായ ലിസ്റ്റിംഗ് സർവേ 2022 ഡിസംബറിൽ ആരംഭിച്ചു.

മുൻ കാർഷിക സെൻസസുകളിൽ നിന്ന് വിഭിന്നമായി ഒന്നാംഘട്ട സർവേയിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി വാർഡുകളും/കോർപ്പറേഷൻ ഡിവിഷനുകളും സർവേയുടെ പരിധിയിൽ വന്നു. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ/അസിസ്റ്റന്റ് ഗ്രേഡ്-I & സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ/അസിസ്റ്റന്റ് ഗ്രേഡ്-II മാരുടെ മേൽ നോട്ടത്തിൽ താൽകാലികമായി തെരഞ്ഞെടുക്കുന്ന എന്യൂമറേറ്റർമാർ വിവരശേഖരണം നടത്തുന്നു. വിവരശേഖരണത്തിനായി സ്മാർട്ട് ഫോൺ/ടാബ്ലെറ്റ് എന്നിവയിൽ ഉപയോഗിക്കാവുന്ന ഓൺലൈൻ ആപ്ലിക്കേഷൻ/സോഫ്റ്റ്‌വെയർ കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

11-ാമത് കാർഷിക സെൻസസിന്റെ സംസ്ഥാനതല പരിശീലനപരിപാടി 14/09/2022 ൽ നടത്തുകയുണ്ടായി. തുടർന്ന് ജില്ലാ/താലൂക്കുതല പരിശീലനപരിപാടികൾ പൂർത്തീകരിച്ച് ഒന്നാംഘട്ട വിവരശേഖരണം ആരംഭിച്ചു. 2022 ഡിസംബറിൽ ആരംഭിച്ച സർവേ പൂർത്തിയാക്കുന്നതിന് ആറു മാസത്തിൽ കൂടുതൽ സമയം ആവശ്യമാണ്. കേന്ദ്രാവിഷ്കൃതമായി നടത്തുന്ന ഈ സർവേയുമായി ബന്ധപ്പെട്ട് 2022-23 ൽ ആവശ്യമായ മുഴുവൻ സാമ്പത്തിക സഹായവും കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായി. കാർഷിക സെൻസസ് വിഭാഗത്തിന് പ്രസ്തുത സർവേയ്ക്കായി ഡയറക്ടറേറ്റിൽ പത്ത് തസ്തികകൾക്കാണ് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ളത്.

5.11 വിലയിരുത്തൽ വിഭാഗം

മണ്ണ് സംരക്ഷണ വകുപ്പ് എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന മണ്ണ് സംരക്ഷണ പദ്ധതികളെക്കുറിച്ച് പഠനം നടത്തുകയാണ് ഇവാല്യുവേഷൻ വിഭാഗത്തിന്റെ പ്രധാന ചുമതല. പഠനം നടത്തുന്നതിനായി ഓരോ ജില്ലയിലും മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന നീർത്തട പദ്ധതി/ഫ്ലഡ് പ്രൊട്ടക്ഷൻ പദ്ധതിയിൽ നിന്നും സിംപിൾ റാൻഡം സാംബ്ലിംഗ് വഴി ഒരു പദ്ധതി തെരഞ്ഞെടുത്ത് പദ്ധതി പ്രദേശത്തെ മുഴുവൻ ഗുണഭോക്താക്കളേയും സന്ദർശിച്ച് വിവരശേഖരണം നടത്തുന്നു. കൂടാതെ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ 20% പദ്ധതി പ്രദേശത്തിന് പുറത്തുള്ള കർഷകരെയും വിവരശേഖരണത്തിൽ ഉൾപ്പെടുത്തുന്നു. നടപ്പിലാക്കിയ പദ്ധതികളുടെ ഗുണഫലങ്ങളും അപാകതകളും കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ കാർഷികവിളകളുടെ വിസ്തൃതിയും ഉൽപാദനവും പദ്ധതി പ്രദേശത്തിന്റെ ജല ലഭ്യത, മണ്ണിന്റെ ഫലഭൂയിഷ്ടത, മണ്ണിന്റെ ഘടന, ജലനിരപ്പ്, മണ്ണിലെ ഈർപ്പത്തിന്റെ അളവ് തുടങ്ങി മറ്റു പുരോഗതികളും കണ്ടെത്തുന്നു.

മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതി, കർഷകർക്കും ഗുണഭോക്താക്കൾക്കും എത്രമാത്രം പ്രയോജനപ്പെടുന്നു, പദ്ധതിക്കുശേഷം പ്രസ്തുത പ്രദേശത്തിന്റെ മാറ്റം എന്നിവ പഠന വിധേയമാക്കുന്നു. പഠനശേഷം ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും റിപ്പോർട്ടുകൾ തയ്യാറാക്കി മണ്ണ് സംരക്ഷണ വകുപ്പിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നു. ഇതുവഴി പഠനവിധേയമാക്കിയ വാട്ടർഷെഡുകളിൽ തുടർവികസനവും ഇതേ മാതൃകയിൽ മറ്റ് വാട്ടർഷെഡുകളിൽ സംരക്ഷണ പ്രവൃത്തികളും നടപ്പിലാക്കുന്നതിന് പഞ്ചായത്തുകൾക്ക് മാർഗനിർദ്ദേശം നൽകുന്നതിന് ലക്ഷ്യമിടുന്നു.

2022-23 വർഷത്തെ മണ്ണ് സംരക്ഷണ വിലയിരുത്തൽ പഠന സർവേയുടെ ഏകദിന പരിശീലനപരിപാടി 13/12/2022 ന് ഡയറക്ടറേറ്റിലെ ട്രെയിനിംഗ് ഹാളിൽ വെച്ച് നടത്തുകയുണ്ടായി. 14 ജില്ലകളിലെയും മണ്ണ് സംരക്ഷണ പഠന സർവേ ചെയ്യുന്ന ഉദ്യോഗസ്ഥർ, ഡയറക്ടറേറ്റിലെ മുതിർന്ന ഉദ്യോഗസ്ഥർ, ഭൂവിനിയോഗ കമ്മീഷണർ, സോയിൽ സർവേ & സോയിൽ കൺസർവേഷൻ വകുപ്പ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ജോയിന്റ് ഡയറക്ടർ തുടങ്ങി 40 പേർ പ്രസ്തുത പരിശീലനപരിപാടിയിൽ പങ്കെടുത്തു. 2022-23 വർഷത്തെ മണ്ണ് സംരക്ഷണ വിലയിരുത്തൽ പഠന സർവേ ജോലികൾ 14 ജില്ലകളിലും പുരോഗമിക്കുന്നു.

2019-20 വർഷത്തെ മണ്ണ് സംരക്ഷണ വിലയിരുത്തൽ പഠന സർവേയുടെ സംസ്ഥാന റിപ്പോർട്ടും 2020-21 വർഷത്തെ മണ്ണ് സംരക്ഷണ വിലയിരുത്തൽ പഠന സർവേയുടെ 14 ജില്ലകളുടെ ജില്ലാതല റിപ്പോർട്ടുകളും പ്രസിദ്ധീകരിച്ചു. 2021-22 വർഷത്തെ മണ്ണ് സംരക്ഷണ വിലയിരുത്തൽ പഠന സർവേയുടെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5.12 വിലശേഖരണ വിഭാഗം

1. **2022-2023 ൽ ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ**

വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായും കമ്പോള വിലനിയന്ത്രണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ വിവിധ സാധനങ്ങളുടെയും സേവനങ്ങളുടെയും വിലവിവരം ശേഖരിച്ച് ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചുവരുന്നു.

50 ഇനം നിത്യോപയോഗ സാധനങ്ങളുടെ ദിവസേനയുള്ള വിലവിവരവും പഴവർഗ്ഗങ്ങളുടെ ആഴ്ചതോറുമുള്ള വിലവിവരവും ശേഖരിച്ച് ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചുവരുന്നു.

i) **50 ഇനം നിത്യോപയോഗ സാധനങ്ങളുടെ ദിവസേനയുള്ള വിലവിവരവും പഴവർഗ്ഗങ്ങളുടെ ആഴ്ചതോറുമുള്ള വിലവിവരവും**

കേരളത്തിലെ പതിനാല് ജില്ലാ ആസ്ഥാനങ്ങളിൽ നിന്ന് അമ്പതിലധികം നിത്യോപയോഗ സാധനങ്ങളുടെ നിത്യേനയുള്ള വിലശേഖരിച്ച് ക്രോഡീകരിച്ച് ഓൺലൈൻ ആയി ബഹു.മുഖ്യമന്ത്രി, ഭക്ഷ്യവകുപ്പ് മന്ത്രി, കൃഷിവകുപ്പ് മന്ത്രി എന്നിവരുടെ ഓഫീസിലും പ്ലാനിംഗ് സെക്രട്ടറി, ഭക്ഷ്യവകുപ്പ് സെക്രട്ടറി, ചീഫ് സെക്രട്ടറി, ആർ.ബി.ഐ, ഹോർട്ടികൾച്ചർ കോർപ്പറേഷൻ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവർക്കും മറ്റ് ഏജൻസികൾക്കും ദിവസേന നൽകിവരുന്നു. ടി വിലവിവരം ദിവസം തോറും വകുപ്പ് വെബ്പോർട്ടൽ വഴി പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ച് വരുന്നു. ഇരുപതിനം സാധനങ്ങളുടെ ആഴ്ചതോറുമുള്ള (വെള്ളിയാഴ്ചത്തെ) വിലശേഖരണം നടത്തുകയും വിവരങ്ങൾ ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം നൽകുകയും ചെയ്യുന്നു.

പഴവർഗ്ഗങ്ങളുടെ ആഴ്ചതോറുമുള്ള മൊത്ത വിലയും ചില്ലറ വിലയും ജില്ലകളിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിച്ച് ഹോർട്ടികൾച്ചർ കോർപ്പറേഷനും മറ്റു ഉപഭോക്താക്കൾക്കും നൽകി വരുന്നു. അതത് ദിവസം അഞ്ച് മണിക്കു മുൻപായി വിലവിവരശേഖര റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു.

അവശ്യസാധനങ്ങളുടെ ചില്ലറ വിൽപ്പന വിലകൾ ഉൾപ്പെടുത്തി എല്ലാ മാസവും പ്രൈസ് ബുള്ളറ്റിനും 2017 നവംബർ മുതൽ പൊതുവിപണി അവലോകനവും തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. അവശ്യസാധനങ്ങളുടെ വിലനിലവാരത്തിലുണ്ടാകുന്ന ഏറ്റകുറച്ചിലുകൾ മനസിലാക്കി കമ്പോളത്തിൽ ഇടപെടൽ നടത്തുന്നതിന് ഇത് സഹായകമാകുന്നു. തൊട്ട് മുൻമാസത്തെ വിലയും വിപണി മാറ്റങ്ങളും അവലോകനം ചെയ്ത് 'കേരള പൊതുവിപണി അവലോകനം' എല്ലാ മാസവും മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു.

ii) പ്രൈസ് മോണിറ്ററിംഗ് സെൽ

കേന്ദ്രസർക്കാരിന്റെ പ്രൈസ് മോണിറ്ററിംഗ് സെല്ലിനു വേണ്ടി സിവിൽ സപ്ലൈസ് വകുപ്പ് ശേഖരിച്ച് നൽകികൊണ്ടിരുന്ന 22 ഇനം അവശ്യ സാധനങ്ങളുടെ മൊത്ത/ചില്ലറ വിലവിവരം ജൂൺ 2019 മുതൽ എല്ലാ പ്രവൃത്തി ദിവസവും ജില്ലാ കേന്ദ്രങ്ങളിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിച്ച് ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി പ്രൈസ് മോണിറ്ററിംഗ് സെല്ലിനു വേണ്ടി സിവിൽ സപ്ലൈസ് വകുപ്പിന് അയച്ചുകൊടുക്കുന്നു. 2021 ഫെബ്രുവരി 1 മുതൽ മൊബൈൽ ആപ്പ് വഴി വകുപ്പ് വയനാട്, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം സെന്ററുകളിൽ നിന്നും 22 ഇനം അവശ്യ സാധനങ്ങളുടെ മൊത്ത /ചില്ലറ വിലകൾ കേന്ദ്ര പ്രൈസ് മോണിറ്ററിംഗ് സെല്ലിന് നേരിട്ട് അയച്ചു നൽകുന്നു. 2021 നവംബർ മുതൽ പുതിയ സെന്ററുകളായി കാസറഗോഡ്, കോട്ടയം, പത്തനംതിട്ട എന്നിവ കൂടി ഉൾപ്പെടുത്തി മൊത്ത വില ഒരു സെന്ററിൽ നിന്ന് ചില്ലറവില High Income, Middle Income, Low Income എന്നിങ്ങനെയുള്ള മൂന്നു മാർക്കറ്റുകളിൽ നിന്നുമാണ് 2021 മുതൽ ശേഖരിക്കുന്നത്.

iii) ഐ.സി.ഡി.എസ്. ഉല്പന്നങ്ങളുടെ വിലവിവരം

സപ്ലൈക്കോയുടെ നിർദ്ദേശപ്രകാരം 21 ഇനം ഐ.സി.ഡി.എസ്. ഉൽപന്നങ്ങളുടെ (1st Quality) പൊതുവിപണിയിലെ വിലവിവരം രണ്ടാഴ്ചയിലൊരിക്കൽ ശേഖരിച്ച് ക്രോഡീകരിച്ച് നൽകി വരുന്നു.

iv) ആഹാരസാധനങ്ങളുടെയും ആശുപത്രി സാധനങ്ങളുടെയും ചില്ലറ വില നിലവാരം

സംസ്ഥാനത്തെ 62 സെന്ററുകളിൽ നിന്നും ആശുപത്രി, മറ്റ് സർക്കാർ ഓഫീസുകൾ എന്നിവയ്ക്കാവശ്യമായ 196 ഇനം ആഹാരസാധനങ്ങളുടെയും, ആശുപത്രി സാധനങ്ങളുടെയും ത്രൈമാസവിലയും തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ എല്ലാ താലൂക്കുകളിൽ നിന്നും 27 ഇനങ്ങളുടെ വിലവിവരം മൃഗശാല വകുപ്പിനുവേണ്ടിയും കൂടാതെ ഒന്നാം ത്രൈമാസത്തിൽ 126 ഇനങ്ങളുടെ വിലവിവരം അധിഷണലായും ശേഖരിച്ച് ക്രോഡീകരിച്ച് ആശുപത്രികൾ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസസ്, ആയുർവേദം, ഹോമിയോപ്പതി, ജയിലുകൾ, മ്യൂസിയം, ലെപ്രസി സാനിറ്റോറിയം തുടങ്ങിയ സ്ഥാപനങ്ങൾക്കും മറ്റ് ഉപഭോക്താക്കൾക്കും കോൺട്രാക്ട് സെറ്റിൽമെന്റിന് വേണ്ടി നൽകി വരുന്നു. ഉപഭോക്തൃവകുപ്പുകളുടെ ആവശ്യപ്രകാരം 2023 വർഷത്തെ ഷെഡ്യൂൾ പുതുക്കിയിട്ടുണ്ട്.

v) ആയുർവേദ പച്ച മരുന്നുകളുടെ വിലവിവരം

തിരുവനന്തപുരം, എറണാകുളം ആയുർവേദ കോളേജുകളുടെ ആവശ്യപ്രകാരം വർഷത്തിലൊരിക്കൽ നാനൂറിൽപരം ആയുർവേദ പച്ചമരുന്നുകളുടെ വില ശേഖരിച്ച് ക്രോഡീകരിച്ച് ആയുർവേദ കോളേജുകൾക്ക് നൽകുന്നു.

vi) 19 ഇനം വനവിഭവങ്ങളുടെ വിലവിവരം

19 ഇനം പ്രത്യേക വനവിഭവങ്ങളുടെ വില മാസം തോറും കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ തടി ഡിപ്പോകളിൽ നിന്ന് ശേഖരിക്കുന്നു. ഇത് ഡയറക്ടറേറ്റിൽ ത്രൈമാസമായി ക്രോഡീകരിച്ച് കേരള ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് അയയ്ക്കുന്നു.

vii) കയറിന്റെയും തൊണ്ടിന്റെയും വിലവിവരം

സംസ്ഥാനത്തെ പ്രധാനപ്പെട്ട കയർ ഉൽപാദനകേന്ദ്രങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിൽ നിന്ന് 15 ഓളം തരത്തിൽപ്പെട്ട കയറിന്റെ വില ആഴ്ച തോറും ശേഖരിച്ച്, ക്രോഡീകരിച്ച് ത്രൈമാസ റിപ്പോർട്ടായി തിരുവനന്തപുരം കയർ വികസന ഡയറക്ടർ, കയർ ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ കൊച്ചി, ഡയറക്ടർ ഓഫ് പ്രിന്റിംഗ്- തിരുവനനന്തപുരം തുടങ്ങിയവർക്ക് അയച്ചുകൊടുക്കുന്നു.

കയർ ബോർഡ് ആവശ്യപ്പെട്ട 28 പുതിയ സെന്ററുകൾ കൂടി ഉൾപ്പെടുത്തി അസംസ്കൃതവും അഴുകിയതുമായ തൊണ്ടിന്റെ വില ആഴ്ചതോറും (വെള്ളിയാഴ്ച) ശേഖരിക്കുകയും ത്രൈമാസ റിപ്പോർട്ടാക്കി മേൽപ്പറഞ്ഞ ഓഫീസുകളിലേക്കും കയർ ബോർഡ്, കൊച്ചിയ്ക്കും അയക്കുന്നു.

viii) മറ്റിനങ്ങളുടെ വിലവിവരങ്ങൾ

ഇടുക്കി, ആലപ്പുഴ ഒഴികെയുള്ള 12 ജില്ലകളിലെ ചിരട്ടയുടെ വിലശേഖരിച്ച് ക്രോഡീകരിച്ച് ഉപഭോക്തൃ വകുപ്പുകളിലേക്ക് ആവശ്യാനുസരണം അയയ്ക്കുന്നു. പാഴ്കടലാസിന്റെ വിലവിവരം 14 ജില്ലകളിൽ നിന്നും മാസം തോറും ശേഖരിച്ച് ക്രോഡീകരിച്ച് ത്രൈമാസമായി കൺട്രോളർ ഓഫ് സ്റ്റേഷനറി, തിരുവനന്തപുരത്തിന് അയച്ചുകൊടുക്കുന്നു.

7 ഇനം സുഗന്ധവ്യഞ്ജനങ്ങളുടെ വിലവിവരം ആഴ്ചതോറും വയനാട്, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും ശേഖരിക്കുന്നു. ഈ വില ക്രോഡീകരിച്ച് ത്രൈമാസ റിപ്പോർട്ട് തയ്യാറാക്കി സ്പൈസസ് ബോർഡ്, സുഗന്ധഭവൻ, കൊച്ചി, ഡയറക്ടറേറ്റ് ഓഫ് കൊക്കോ & അരക്കനട്ട്, മിനിസ്ട്രി ഓഫ് അഗ്രിക്കൾച്ചർ, ഗവൺമെന്റ് ഓഫ് ഇന്ത്യ തുടങ്ങിയ സ്ഥാപനങ്ങൾക്ക് അയയ്ക്കുന്നു.

**ix) അയോഡൈസ്ഡ് ഉപ്പിന്റെ ആഴ്ചതോറുമുള്ള മൊത്ത/ചില്ലറ വില**

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നി ജില്ലകളിൽ നിന്നും ആഴ്ചതോറും ശേഖരിച്ച് സാൾട്ട് കമ്മീഷണർ ജയ്പൂർ, ഡെപ്യൂട്ടി സാൾട്ട് കമ്മീഷണർ ചെന്നൈ എന്നിവർക്ക് ത്രൈമാസ റിപ്പോർട്ട് അയച്ചു കൊടുക്കുന്നു. എല്ലാ ജില്ലകളിൽ നിന്നും മാസം തോറും ശേഖരിച്ച് സിവിൽ സപ്ലൈസ് വകുപ്പിന് അയച്ചുകൊടുക്കുന്നു.

കൊക്കോയുടെ വില ആഴ്ചതോറും ആലപ്പുഴ, കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം (2 സെന്ററുകൾ), തൃശ്ശൂർ ജില്ലകളിൽ നിന്ന് ശേഖരിച്ച് 3 മാസം കൂടുമ്പോൾ ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് ആൻഡ് കൊക്കോ ഡവലപ്പ്മെന്റ്, കൊച്ചിയ്ക്ക് അയച്ചുകൊടുക്കുന്നു.

**x) കാർഷിക ഉൽപ്പന്നങ്ങളുടെ വിലവിവരം**

സംസ്ഥാനത്തെ 77 താലൂക്കുകളിൽ നിന്നും രണ്ടാഴ്ച കൂടുമ്പോൾ ശേഖരിക്കുന്ന 81 ഇനം കാർഷിക ഉൽപന്നങ്ങളുടെ കൃഷിയിടത്തിൽ നിന്നും ശേഖരിക്കുന്ന മൊത്തവിലയുടെ ശരാശരിവില മാസം തോറും പ്രസിദ്ധീകരിച്ചു വരുന്നു. കോടതി ആവശ്യങ്ങൾക്കും ഇലക്ട്രിസിറ്റിബോർഡിനും ഗവേഷണ പഠനത്തിനും മറ്റു ഉപഭോക്താക്കൾക്കും (ആവശ്യപ്പെടുന്നതനുസരിച്ച്) പകർപ്പ് നൽകുന്നുണ്ട്. 2019 ജനുവരി മുതൽ കേരളത്തിലെ പുതുക്കിയ താലൂക്കുകൾ കൂടി ഉൾപ്പെടുത്തി 77 താലൂക്കുകളിൽ നിന്നുള്ള വിലവിവരം ശേഖരിച്ച് ക്രോഡീകരിച്ച് വരുന്നു. ഈ റിപ്പോർട്ട് എല്ലാ ജില്ലാ കളക്ടർമാർക്കും ത്രൈമാസമായി അയച്ചു കൊടുക്കുന്നു. നാളികേരത്തിന്റെ വില നാളികേര വികസന ബോർഡിന് ത്രൈമാസമായി അയച്ചു കൊടുക്കുന്നു. ആവശ്യപ്പെടുന്നതിനനുസരിച്ച് ഉപഭോക്താക്കൾക്ക് റിപ്പോർട്ട് നൽകി വരുന്നു.

**xi) കാർഷികോല്പന്നങ്ങളുടെ ചില്ലറ വില വിവരം**

77 താലൂക്കുകളിൽ നിന്നും മാസംതോറും ശേഖരിച്ച് അയച്ചു തരുന്ന 63 ഇനം കാർഷിക ഉല്പന്നങ്ങളുടെ കൃഷിയിടത്തെ ചില്ലറവില വിവരം ഡയറക്ടറേറ്റിൽ ക്രോഡീകരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് അയച്ചു കൊടുക്കുന്നു.

മേൽ പറഞ്ഞവ കൂടാതെ വിവിധ വിലസൂചികകൾ മാസം തോറും തയ്യാറാക്കി വിവിധ ഡിപ്പാർട്ട്മെന്റുകൾക്കും സ്ഥാപനങ്ങൾക്കും അയച്ചുകൊടുക്കുന്നു.

<u>വിവിധ സൂചികകൾ</u>

**i. ഉപഭോക്തൃ വില സൂചിക**

തെരഞ്ഞെടുത്ത 22 കേന്ദ്രങ്ങളിൽ നിന്നും III-A ഷെഡ്യൂളിൽ 125 ഇനം സാധനങ്ങളുടെ വില ആഴ്ചയിലും III-B ഷെഡ്യൂളിൽ 82 ഇനം സാധനങ്ങളുടെ വില

മാസത്തിലും ശേഖരിക്കുന്നു. ഈ വിലവിവരം ഉപയോഗിച്ച് മാസം തോറും ഉപഭോക്തൃവില സൂചിക (കർഷക തൊഴിലാളികളുടെയും വ്യാവസായിക തൊഴിലാളികളുടെയും) തയ്യാറാക്കുന്നു. മിനിമം വേതന ആക്ട് പ്രകാരമുള്ള തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കുന്നതിനും വേരിയബിൾ ഡി.എ. നിശ്ചയിക്കുന്നതിനും ഈ സൂചിക ഉപയോഗിക്കുന്നു. ഇതിന് പുറമേ സർക്കാരിന്റെ പദ്ധതി ആസൂത്രണത്തിനും കോടതി കേസുകളുമായി ബന്ധപ്പെട്ട് കുടുംബചെലവ് കണക്കാക്കുന്നതിനും ഈ സൂചിക ഉപയോഗിക്കുന്നു.

**ii. കാർഷിക ഉൽപന്നങ്ങളുടെ മൊത്ത വില സൂചിക**

കമ്പോള വിലനിലവാര പദ്ധതിയനുസരിച്ച് ശേഖരിക്കുന്ന കാർഷിക വിഭവങ്ങളുടെ മൊത്ത വില്പന വില ഉപയോഗിച്ച് മൊത്ത വില്പന വിലയുടെ ശരാശരി മാറ്റത്തിന്റെ അളവ് മനസിലാക്കുന്നതിന് മൊത്ത വില്പന വില സൂചിക മാസം തോറും തയ്യാറാക്കുന്നു. (അടിസ്ഥാന വർഷം 2015-16=100).

**iii. കാർഷിക വരുമാന /ചെലവ് താരതമ്യ പഠന സൂചിക**

കർഷകരുടെ വരുമാനവും കാർഷിക ജീവിത ചെലവും തമ്മിലുള്ള അനുപാതം ഉപയോഗിച്ച് പാരിറ്റി ഇൻഡക്സ് തയ്യാറാക്കുന്നു. (അടിസ്ഥാന വർഷം 1952-53=100)

**iv. കാർഷിക വേതന സൂചിക**

കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വേതനം ഉപയോഗിച്ച് വേതന സൂചിക തയ്യാറാക്കുന്നു. (Wage Index) (അടിസ്ഥാന വർഷം 2019-20=100) എല്ലാ വിലശേഖരണങ്ങളും ഉൾപ്പെടുത്തി 2020 ലെ പ്രൈസ് സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ചു. 2021, 2022 ലെ പ്രൈസ് സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരണത്തിന് തയ്യാറാക്കി കൊണ്ടിരിക്കുന്നു.

പ്രൈസ് മോണിറ്ററിംഗ് സെല്ലിനുള്ള വിലവിവരം ഉൾപ്പെടെ ദിവസേന ശേഖരിക്കുന്ന വില വിവരങ്ങൾ ഓൺലൈൻ ആയി നൽകുന്നതിന് ജില്ലാതല വിലശേഖരണം ഉദ്യോഗസ്ഥർക്ക് ടാബുകളിൽ ഉപയോഗിക്കുന്നതിനുള്ള നെറ്റ് കണക്ഷൻ ഉൾപ്പെടെയുള്ള സിം കാർഡും അനുവദിച്ചിട്ടുണ്ട്.

പ്രസിദ്ധീകരിച്ച വിലവിവര റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിവിധ ഏജൻസികൾക്ക് റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്.

വിലശേഖരണ വിഭാഗത്തിലെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും മാറ്റങ്ങളും പരിഷ്കാരങ്ങളും നിർദ്ദേശിക്കുന്നതിനുമായി വകുപ്പിലെ മുൻഡയറക്ടർ ശ്രീ.എ.മീരാസാഹിബ് ചെയർമാനായി വിദഗ്ധ സമിതി എസ്.എസ്.എസ്.പി.-യുടെ കീഴിൽ രൂപീകരിച്ചിരുന്നു. കമ്മിറ്റി റിപ്പോർട്ട് സർക്കാർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹോൾസെയിൽ പ്രൈസ് ഇൻഡക്സ്, വേജ് ഇൻഡക്സ് എന്നിവയുടെ അടിസ്ഥാന വർഷം യഥാക്രമം 2015-16=100, 2019-20=100 ആയി പുതുക്കിയിട്ടുണ്ട്. അവ ഡിപ്പാർട്ട്മെന്റിന്റെ ഓൺലൈൻ സോഫ്റ്റ്‌വെയർ ആയ ഡോസിലേക്ക് ഉൾപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

പാരിറ്റി ഇൻഡക്സ് അടിസ്ഥാന വർഷം (2019-2020) പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുക്കിയ ഷെഡ്യൂളുകൾ പ്രകാരം മാസംതോറുമുള്ള വിവരശേഖരണം നടന്നുകൊണ്ടിരിക്കുന്നു.

വിലയും വില സൂചികയും വിദഗ്ധ സമിതിയുടെ നിർദ്ദേശാനുസരണം ഹോൾസെയിൽ റീട്ടെയിൽ പ്രൈസ് ശേഖരിക്കുന്ന ഷെഡ്യൂളുകൾ പുതുക്കിയിട്ടുണ്ട്. ഈ വിലകൾ ഡിപ്പാർട്ടമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നടപടി തുടരുന്നു.

v. കൺസ്യൂമർ പ്രൈസ് ഇൻഡക്സ് (റൂറൽ അർബൻ ആന്റ് കമ്പയിൻഡ്)

കൺസ്യൂമർ പ്രൈസ് ഇൻഡക്സ് (റൂറൽ, അർബൻ ആന്റ് കമ്പയിൻഡ്) കണക്കാക്കുന്നതിനുള്ള വെയിംഗ് ഡയഗ്രം സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് പരിശോധിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിലെ 149 കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന 500-ൽ പരം സാധനങ്ങളുടെയും സേവനങ്ങളുടെയും വിലവിവരവും ഹൗസ്റെന്റ് സർവേയിലൂടെ ശേഖരിക്കുന്ന വീട്ടുവാടകയും വിശകലനം ചെയ്ത ശേഷം ഗ്രാമ-നഗര ഉപഭോക്തൃ വില സൂചിക മാസംതോറും തയ്യാറാക്കുന്നു. 2020 ജനുവരി മുതൽ പ്രസ്തുത സൂചിക തയ്യാറാക്കി വരുന്നു.

വിവിധ വില വിവരം ശേഖരിക്കുന്ന ഫീൽഡ് ജീവനക്കാർക്കും സൂപ്പർവൈസറി ജോലി വഹിക്കുന്ന താലൂക്ക്/ജില്ലാതല ഉദ്യോഗസ്ഥർക്കും ഇൻസർവീസ് പരിശീലനം നൽകി വരുന്നു.

നിലവിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന കൺസ്യൂമർ പ്രൈസ് ഇൻഡക്സ് (AL&IW) ന്റെ അടിസ്ഥാന വർഷം പുതുക്കുന്നതിനുള്ള കുടുംബ ബജറ്റ് സർവേ നടത്തുന്നതിന്റെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## 5.13 മാർക്കറ്റ് ഇന്റലിജൻസ് വിഭാഗം

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുമുള്ള 42 മാർക്കറ്റ് സെന്ററുകളിൽ നിന്നായി പ്രധാന ഇനം കാർഷിക ഉൽപന്നങ്ങളുടെ നിത്യേനയുള്ള മൊത്തവില ഓൺലൈനായി ശേഖരിച്ച് (28 സെന്ററുകളിൽ നിന്നുള്ള വിവരം ഈ ഓഫീസിലും 14 സെന്ററുകളിൽ നിന്നുള്ള വിവരം കോഴിക്കോട് റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ കീഴിലും) ടി വിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ട് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, ആകാശവാണി (തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) ദൂരദർശൻ ഫാംന്യൂസ്,

കൃഷിദർശൻ, കൃഷി ഡയറക്ടർ, സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ, ആകാശവാണി (FM), സപ്ലൈകോ, ഹോർട്ടികോർപ്പ്, നാളികേര വികസന ബോർഡ് എന്നിവിടങ്ങളിലേക്ക് നൽകുകയും ദിവസേന ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മേൽ വിവരങ്ങളുടെ ആഴ്ചതോറുമുള്ള (വെള്ളിയാഴ്ചത്തെ) അവലോകന റിപ്പോർട്ട് ആകാശവാണി തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ നിലയങ്ങളിലേയ്ക്ക് പ്രക്ഷേപണത്തിനായി ഇ-മെയിൽ മുഖേന നൽകിവരുന്നു.

"Whole Sale Price Index" തയ്യാറാക്കുന്നതിലേക്കായി കേരളത്തിലെ വിവിധ ജില്ലകളിലെ 46 മാർക്കറ്റ് സെന്ററുകളിൽ നിന്നും ശേഖരിച്ചു വരുന്ന പ്രധാന ഇനം കാർഷിക ഉൽപന്നങ്ങളുടെ മൊത്തവില ആഴ്ചതോറും ശേഖരിക്കുന്നു.

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള 41 മാർക്കറ്റ് സെന്ററുകളിൽ നിന്നായി പ്രധാന ഇനം കാർഷിക ഉൽപന്നങ്ങളുടെ ആഴ്ചതോറുമുള്ള മൊത്ത വരവിന്റേയും മാർക്കറ്റിൽ നിന്നും പോകുന്ന ഉൽപന്നങ്ങളുടേയും വിവരങ്ങൾ ശേഖരിച്ച് "Report on Market Arrivals" എന്ന റിപ്പോർട്ട് വർഷം തോറും പ്രസിദ്ധീകരിക്കുന്നു. 2021-ലെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നായി തെരഞ്ഞെടുത്ത 3 മാർക്കറ്റ് സെന്ററുകളിൽ നിന്നും (തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ) പ്രധാനപ്പെട്ട കാർഷിക ഉൽപന്നങ്ങളുടെ മൊത്തവരവിന്റെയും മൊത്തവിലയുടെയും ആഴ്ചതോറുമുള്ള വിവരങ്ങൾ ശേഖരിച്ച് തയ്യാറാക്കിയ പ്രതിമാസ റിപ്പോർട്ട് കൊച്ചിയിലെ RBI ഓഫീസിലേക്ക് ഇ-മെയിൽ മുഖേന നൽകുന്നുണ്ട്.

കേരളത്തിലെ വിവിധ മാർക്കറ്റ് സെന്ററുകളിൽ നിന്നും ശേഖരിക്കുന്ന കശുവണ്ടിയുടേയും കമ്പോള മൊത്ത വിലയുടേയും അടിസ്ഥാനത്തിൽ എം.ഐ പ്രൈസസ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ട് പ്രകാരം ബഹു.അഗ്രിക്കൾച്ചർ കമ്മീഷണർ ചെയർമാനായുള്ള തോട്ടണ്ടി വിലനിർണ്ണയ സമിതിയാണ് കശുവണ്ടിയുടെ താങ്ങുവില നിശ്ചയിക്കുന്നത്. കേരളത്തിലെ വിവിധ മാർക്കറ്റ് സെന്ററുകളിൽ നിന്നും കൊക്കോയുടെ മൊത്തവില ശേഖരിച്ച് 3 മാസം കൂടുമ്പോൾ പ്രൈസ് വിഭാഗത്തിന് നൽകുന്നു.

കേരളത്തിലെ വിവിധ മാർക്കറ്റ് സെന്ററുകളിൽ നിന്നും ശേഖരിക്കുന്ന കശുവണ്ടിയുടേയും കൊക്കോയുടേയും ആഴ്ചതോറുമുള്ള മൊത്തവില ശേഖരിച്ച് **Directorate of Cashewnut and Cocoa Development, Ministry of Agriculture & Farmer Welfare Department of Agriculture Co-operation & Farmer Welfare, Kera Bhavan, Kochi** എന്ന കേന്ദ്ര ഗവൺമെന്റ് ഓഫീസിലേക്ക് ഇ-മെയിൽ മുഖേന നൽകുന്നുണ്ട്.

5.14 ജനന-മരണ സ്ഥിതിവിവരക്കണക്ക് വിഭാഗം

വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ കീഴിൽ സിവിൽ രജിസ്ട്രേഷൻ സിസ്റ്റം, (സി.ആർ.എസ്.), സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം (എസ്.ആർ.എസ്.), സ്പോട്ട് ചെക്ക് സർവേ എന്നിങ്ങനെ മൂന്ന് ഉപവിഭാഗങ്ങളുണ്ട്.

A. സിവിൽ രജിസ്ട്രേഷൻ

ജനനം, മരണം തുടങ്ങിയ നിർണ്ണായക സംഭവങ്ങളുടെ തുടർച്ചയായതും സ്ഥിരമായതും നിർബന്ധിതവുമായ റിക്കാർഡിംഗ് സംവിധാനമാണ് സിവിൽ രജിസ്ട്രേഷൻ. 1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് (RBD Act 1969) നിലവിൽ വന്നതോടെയാണ് ഇന്ത്യയിൽ ജനന-മരണ രജിസ്ട്രേഷന് ഒരു ഏകീകൃത നിയമം ഉണ്ടായത്. ഈ ആക്ട് പ്രകാരം ജനനം, മരണം, നിർജ്ജീവ ജനനം എന്നിവ രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. 1970 ഏപ്രിൽ 1 മുതലാണ് ജനന-മരണ രജിസ്ട്രേഷൻ നിയമം സംസ്ഥാനത്ത് നിലവിൽ വന്നത്.

സംസ്ഥാന ഘടന

I. ചീഫ് രജിസ്ട്രാർ

പഞ്ചായത്ത് വകുപ്പിലെ ജോയിന്റ് ഡയറക്ടറാണ് നിലവിൽ ജനന-മരണ രജിസ്ട്രേഷന്റെ സംസ്ഥാന ചീഫ് രജിസ്ട്രാർ ആയി പ്രവർത്തിക്കുന്നത്.

II.അഡീഷണൽ ചീഫ് രജിസ്ട്രാർ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ അഡീഷണൽ ഡയറക്ടർ (ജനറൽ) ആണ് അഡീഷണൽ ചീഫ് രജിസ്ട്രാറുടെ ചുമതല വഹിക്കുന്നത്.

III. ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ

സംസ്ഥാന തലത്തിൽ ജനനവും മരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിന് ചീഫ് രജിസ്ട്രാറിനെ സഹായിക്കുന്നത് ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ ആണ്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ (വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ്) ആണ് ഡെപ്യൂട്ടി ചീഫ് രജിസ്ട്രാറുടെ ചുമതല വഹിക്കുന്നത്.

IV. ഡിസ്ട്രിക്ട് രജിസ്ട്രാർ

14 ജില്ലകളിലും പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർമാരാണ് ജില്ലാ രജിസ്ട്രാർമാരായി സേവനമനുഷ്ഠിക്കുന്നത്.

V.അഡീഷണൽ ഡിസ്ട്രിക്ട് രജിസ്ട്രാർ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ 14 ജില്ലാ ആഫീസുകളിലെയും ഡെപ്യൂട്ടി ഡയറക്ടർമാരാണ് അഡീഷണൽ ഡിസ്ട്രിക്ട് രജിസ്ട്രാർമാരായി പ്രവർത്തിക്കുന്നത്.

VI. രജിസ്ട്രാർ

ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിമാർ, കോർപ്പറേഷനുകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ, മുനിസിപ്പാലിറ്റികളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ, കണ്ണൂർ കന്റോൺമെന്റ് എക്സിക്യൂട്ടീവ് ആഫീസർ എന്നിവരാണ് രജിസ്ട്രാറിന്റെ ചുമതല നിർവഹിക്കുന്നത്.

നടപടിക്രമം

ജനനം, മരണം, നിർജ്ജീവ ജനനം എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങളാണ് ഇതുവഴി ശേഖരിക്കുന്നത്. ജനനം രേഖപ്പെടുത്തുന്ന ഫോറത്തിൽ മാതാപിതാക്കളുടെ സ്ഥിരതാമസം സൂചിപ്പിക്കുന്ന സ്ഥലം, കുടുംബത്തിന്റെ മതം, പിതാവിന്റെ വിദ്യാഭ്യാസ യോഗ്യത, മാതാവിന്റെ വിദ്യാഭ്യാസ യോഗ്യത, മാതാവിന്റെയും പിതാവിന്റെയും തൊഴിൽ, മാതാവിന് വിവാഹ സമയത്ത് പൂർത്തിയായ വയസ്സ്, ഗർഭകാലം, പ്രസവം നടക്കുമ്പോൾ മാതാവിന് പൂർത്തിയായ വയസ്സ്, പ്രസവ സമയത്ത് ലഭിച്ച ശുശ്രൂഷ, പ്രസവ രീതി, ജനന സമയത്ത് കുട്ടിയുടെ തൂക്കം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു. മരണം രേഖപ്പെടുത്തുന്ന ഫോറത്തിൽ മരണപ്പെട്ടയാളുടെ മതം, തൊഴിൽ, മരണത്തിനു മുമ്പ് ഏതു രീതിയിലുള്ള വൈദ്യശുശ്രൂഷയാണ് ലഭിച്ചത്, മരണ കാരണം, മരിച്ച വ്യക്തി സ്ത്രീയാണെങ്കിൽ മരണം നടന്നത് ഗർഭിണി ആയിരുന്നപ്പോഴാണോ, പ്രസവ സമയത്താണോ, പ്രസവം നടന്ന് ആറാഴ്ചക്കകമാണോ എന്നുള്ള വിവരങ്ങൾ ശേഖരിക്കുന്നു.

ഓൺലൈൻ സംവിധാനത്തിലൂടെ ജനന-മരണ രജിസ്ട്രേഷനുകൾ നടത്തുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനുമായി ഇൻഫർമേഷൻ കേരള മിഷൻ (IKM) പ്രത്യേക സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്. ജനനം, മരണം, നിർജ്ജീവ ജനനം എന്നിവ രേഖപ്പെടുത്തുന്ന ഫോറങ്ങൾക്ക് ലീഗൽ പാർട്ട്, സ്റ്റാറ്റിസ്റ്റിക്കൽ പാർട്ട് എന്നിങ്ങനെ രണ്ടു ഭാഗങ്ങൾ ഉണ്ട്. സ്റ്റാറ്റിസ്റ്റിക്കൽ പാർട്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ അതത് രജിസ്ട്രേഷൻ യൂണിറ്റുകളിൽ നിന്നും സേവന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നു. പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പിൽ നിന്നും വാർഷിക റിപ്പോർട്ടായ 'ആന്വൽ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ്' റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്യുന്നു. കൂടാതെ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശം അനുസരിച്ചുള്ള വിവിധ ടേബിളുകൾ തയ്യാറാക്കി നൽകുകയും ചെയ്തു വരുന്നു. ജനനം, മരണം, നിർജ്ജീവ ജനനം എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ടി വിവരങ്ങൾ ഉപയോഗിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ **Sex Ratio at Birth, Masculinity Proportion, Aged Child Ratio, Aged Dependency Ratio, Crude Birth Rate, General Fertility Rate, Age Specific Fertility Rate,**

Total Fertility Rate, Gross Reproduction Rate, Child Woman Ratio, Crude Death Rate, Infant Mortality Rate, Neo-natal Mortality Rate, Early neo-natal Mortality Rate, Late neo-natal Mortality Rate, Post neo-natal Mortality Rate, Peri neo-natal Mortality Rate, Still Birth Rate, Maternal Mortality Ratio മുതലായവ കണക്കാക്കുന്നു.

2020 വർഷത്തെ റിപ്പോർട്ട് തയാറാക്കി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തു. കൂടാതെ, 2021 വർഷത്തെ റിപ്പോർട്ട് പൂർത്തിയാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2022 വർഷത്തെ 'ആന്വൽ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട്' തയ്യാറാക്കി വരുന്നു.

### B. സാമ്പിൾ രജിസ്ട്രേഷൻ

ഒരു രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് അവിടുത്തെ ജനസംഖ്യയെ സംബന്ധിച്ച് ശരിയായ കണക്കുകൾ അത്യന്താപേക്ഷിതമാണ്. സാധാരണയായി 10 വർഷത്തിലൊരിക്കൽ നടത്തുന്ന കാനേഷുമാരി (ജനസംഖ്യാ സെൻസസ്) മുഖേനയാണ് ജനസംഖ്യാ വിവരങ്ങൾ ശേഖരിക്കുന്നത്. ജനസംഖ്യയിൽ വർഷാവർഷം ഉണ്ടാകുന്ന വ്യതിയാനം വിശകലനം ചെയ്യുവാൻ ഇവ സഹായകമാവുന്നില്ല. ഒരു പ്രദേശത്ത് നടക്കുന്ന ജനനവും മരണവും അടിസ്ഥാനമാക്കിയാണ് അവിടുത്തെ ജനസംഖ്യ കണക്കാക്കുന്നത്. കൂടാതെ ആരോഗ്യമേഖലയിൽ നടപ്പാക്കുന്ന പല പദ്ധതികളും അവലോകനം ചെയ്യാൻ ജനന-മരണ നിരക്കുകകൾ അത്യാവശ്യമാണ്. വർഷംതോറുമുള്ള ജനന-മരണ കണക്കുകൾ ലഭിക്കുന്നത് 1969 ൽ നിലവിൽ വന്ന Registration of Birth & Death Act (RBD) അനുസരിച്ച് പ്രവർത്തിക്കുന്ന സിവിൽ രജിസ്ട്രേഷൻ സിസ്റ്റം മുഖേനയാണ്.

ജനനവും മരണവും 21 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് മേൽപ്പറഞ്ഞ ആക്ട് അനുശാസിക്കുന്നു. എല്ലാ ജനനവും മരണവും കൃത്യമായി രജിസ്റ്റർ ചെയ്യപ്പെടുന്നതായി കാണുന്നില്ല. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾ ആധുനിക വൈദ്യസഹായം ലഭിക്കുന്നതിനായി നഗരപ്രദേശങ്ങളിലെ ആശുപത്രികളെയാണ് സാധാരണയായി ആശ്രയിക്കാറുള്ളത്. സിവിൽ രജിസ്ട്രേഷൻ സിസ്റ്റം അനുസരിച്ച് ജനന-മരണങ്ങൾ എവിടെ സംഭവിക്കുന്നുവോ അവിടെയുള്ള രജിസ്ട്രേഷൻ യൂണിറ്റിലാണ് (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ) അവ രജിസ്റ്റർ ചെയ്യപ്പെടുന്നത്. ആയതിനാൽ ഗ്രാമത്തിലെയും നഗരത്തിലേയും ജനന-മരണനിരക്കുകൾ ലഭ്യമാക്കുന്നതിനായി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം (SRS)'.

**പദ്ധതിയുടെ ലക്ഷ്യങ്ങൾ**

1. ദേശീയതലത്തിലും സംസ്ഥാന തലത്തിലും ജനന-മരണ നിരക്കുകൾ വിശ്വസനീയമായി നിർണ്ണയിക്കുക എന്നതാണ് ഈ സർവേയുടെ പ്രധാന ലക്ഷ്യം.
2. ഗ്രാമപ്രദേശത്തെയും പട്ടണപ്രദേശത്തെയും ജനന-മരണ നിരക്കുകൾ പ്രത്യേകം പ്രത്യേകമായി (Rural/Urban) കണക്കാക്കുവാൻ സാധിക്കുന്നു എന്നതാണ് ഈ സർവേയുടെ പ്രത്യേകത.
3. ഭാരതത്തിലെ ഓരോ സംസ്ഥാനത്തെയും വർഷം തോറുമുള്ള ജനസംഖ്യ, ജനന-മരണ നിരക്കുകൾ, സന്താനോല്പാദന ശേഷിയുള്ള വിവാഹിതരായ സ്ത്രീകളുടെ എണ്ണം എന്നിവ കണക്കാക്കുവാൻ ഈ പദ്ധതി സഹായിക്കുന്നു.

1964-65 ൽ ആരംഭിച്ച ഈ സർവേയിൽ കേരളത്തിൽ 20 റൂറൽ സാമ്പിളും 5 അർബർ സാമ്പിളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2011 സെൻസസ് പ്രകാരം ഇപ്പോൾ ഗ്രാമ പ്രദേശങ്ങളിലെ 175 സാമ്പിളും പട്ടണ പ്രദേശങ്ങളിലെ 105 സാമ്പിളും ഈ പഠനത്തിനു വേണ്ടി തെരഞ്ഞെടുത്തിരിക്കുന്നു. 10 വർഷത്തിലൊരിക്കൽ നടക്കുന്ന കാനേഷുമാരി (ജനസംഖ്യ സെൻസസ്) ആധാരമാക്കി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയാണ് സാമ്പിളുകൾ തെരഞ്ഞെടുക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ പദ്ധതി നടത്തിപ്പ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിനാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

**പദ്ധതിയുടെ ഘടന**

a) അടിസ്ഥാന സർവേ (Base Line Survey)

b) തുടർച്ചയായ എന്യൂമറേഷൻ (Continuous Enumeration)

c) അർദ്ധവാർഷിക സർവേ (Half Yearly Survey)

d) ഒത്തുനോക്കൽ (Matching)

e) പുനഃപരിശോധിക്കൽ (Re-verification)

2022 ഒന്നാം അർദ്ധവാർഷിക സർവേയുടെ വിവരങ്ങൾ ക്രോഡീകരിച്ച് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ ഓഫീസിൽ അയച്ചുകൊടുത്തിട്ടുണ്ട്. 2022 രണ്ടാം അർദ്ധ വാർഷിക സർവേയുമായി ബന്ധപ്പെട്ട ഫീൽഡുതല ജോലികൾ പുരോഗതിയിലാണ്. 2022-23 സാമ്പത്തിക വർഷം എസ്.ആർ.എസ്. - മായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് 29/11/2022 ൽ ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ എസ്.ആർ.എസ്. മായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഒരു ദിവസത്തെ പരിശീലന പരിപാടി നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

C. സ്പോട്ട് ചെക്ക് സർവേ

സംസ്ഥാനത്തെ പട്ടണപ്രദേശങ്ങളിലെ ജനന-മരണ സ്ഥിതിവിവരക്കണക്കുകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ 28 മുനിസിപ്പാലിറ്റികളിലെയും 6 കോർപ്പറേഷനുകളിലെയും തെരഞ്ഞെടുക്കപ്പെട്ട വാർഡുകളിൽ സംഭവിക്കുന്ന എല്ലാ ജനനവും മരണവും രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷനിൽ ഉണ്ടാകുന്ന കുറവ് കണ്ടെത്തുക, ജനന-മരണ നിരക്കുകൾ കണക്കാക്കുക, മരണ കാരണങ്ങൾ ശേഖരിക്കുക എന്നിവയാണ് സ്പോട്ട് ചെക്ക് സർവേ കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ രജിസ്റ്റർ ചെയ്യപ്പെടാത്ത ജനനമോ മരണമോ ഉണ്ടെങ്കിൽ അവ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഈ സർവേയുടെ 2018 വർഷം (അടിസ്ഥാന വർഷം 2017) വരെയുള്ള വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. 2019, 2020 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു. കൂടാതെ 2021 വർഷത്തെ (അടിസ്ഥാന വർഷം 2020) വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഡാറ്റ എൻട്രി ജോലികൾ നടന്നു വരുന്നു. 2022 വർഷത്തെ (അടിസ്ഥാന വർഷം 2021) വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ജോലികൾ ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകളിൽ നടന്നു വരുന്നു. 2023 ലെ വാർഡ് സെലക്ഷൻ ജോലികൾ പൂർത്തീകരിച്ചു. സ്പോട്ട്ചെക്ക് സർവേയുമായി ബന്ധപ്പെട്ട് 34 മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിൽ 39 സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1 തസ്തികകളും, 5 റിസർച്ച് അസിസ്റ്റന്റ് തസ്തികകളും ഉൾപ്പെടെ ആകെ 44 തസ്തികകളാണ് നിലവിൽ ഉള്ളത്. 2022-23 സാമ്പത്തിക വർഷം ടി ഉദ്യോഗസ്ഥർക്ക് 15/12/2022 ന് ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തിയിട്ടുണ്ട്.

### 5.15 മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത് (MCCD)

1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം ആശുപത്രികളിൽ നടക്കുന്ന മരണങ്ങളുടെ മരണകാരണം മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന ഫോം-4 ലെ വിവരങ്ങൾ ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർമാർ ശേഖരിച്ച് ICD-10 കോഡ് ഉപയോഗിച്ച് മൂലകാരണം കോഡ് ചെയ്ത് ക്രോഡീകരിക്കുന്ന റിപ്പോർട്ട് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയ്ക്ക് അയച്ചു കൊടുക്കുകയും വിശദമായ റിപ്പോർട്ട് തയ്യാറാക്കി വാർഷികമായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന സ്കീം ആണ് എം.സി.സി.ഡി. മരണകാരണങ്ങൾ കണ്ടെത്തി അവ വിശകലനം ചെയ്ത് ലിംഗം, വയസ് അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കലാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും ആലപ്പുഴ മുനിസിപ്പാലിറ്റിയിലും ആണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ 5 സെന്ററുകളിൽ നിന്നുള്ള 150 ആശുപത്രികളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നു.

2020 ലെ വാർഷിക റിപ്പോർട്ട് '**Report on Medical Certification of Cause of Death**' 2020 പ്രസിദ്ധീകരിച്ചു. 2021 ലെ വാർഷിക റിപ്പോർട്ട് തയ്യാറായി വരുന്നു. 2022 ലെ സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച ഡാറ്റ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയ്ക്ക് അയച്ച് കൊടുത്തു. എം.സി.സി.ഡി ഡാറ്റ എൻട്രിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ **Automated Data Sheet** ൽ ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർമാർക്ക് ഒരു ദിവസത്തെ പരിശീലനം ഡയറക്ടറേറ്റിൽ വെച്ച് നൽകി.

### 5.16 ആസൂത്രണ പ്രസിദ്ധീകരണ ഏകോപന വിഭാഗം

#### 5.16.1. ആസൂത്രണം

വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ടുകൾ തയ്യാറാക്കുക, വാർഷികപദ്ധതി, പഞ്ചവത്സര പദ്ധതി, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, വിഷയ നിർണ്ണയസമിതി നോട്ടുകൾ, ഭരണാനുമതിക്കുള്ള പ്രൊപ്പോസലുകൾ തുടങ്ങിയവ തയാറാക്കി ഗവൺമെന്റിന് സമർപ്പിക്കുന്നത് ഈ വിഭാഗമാണ്. എക്സ്പെന്റിച്ചർ വിവരങ്ങൾ യഥാസമയം പ്ലാൻ സ്പെയ്സിൽ അപ്ഡേറ്റ് ചെയ്യുന്നത് ആസൂത്രണ വിഭാഗമാണ്. കടാതെ വകുപ്പ് നടത്തിവരുന്ന വിവിധ ഇൻസർവീസ് ട്രെയിനിംഗുകൾ, ഐ.എം.ജി. നടത്തുന്ന പരിശീലന പരിപാടികൾ, സംസ്ഥാനത്തിന് പുറത്ത് നടക്കുന്ന വിവിധ ശില്പശാലകൾ, തുടങ്ങിയവയിൽ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും ഈ വിഭാഗത്തിലാണ്. കേന്ദ്രഗ്രാമവികസന മന്ത്രാലയം രാജ്യത്തുടനീളമുള്ള ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസന മേഖലയിലും വിവിധങ്ങളായ സേവനമേഖലകളിലും ഉള്ള നിരവധിയായ പദ്ധതികളുടെ ഫലപ്രാപ്തി ലക്ഷ്യമിട്ട് വികസന വിടവുകൾ കണ്ടെത്തി ഗ്രാമപഞ്ചായത്ത് വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ മിഷൻ അന്ത്യോദയ സർവേയുടെ വിവരശേഖരണം നടത്തി ഡാറ്റ എൻട്രി ജോലികൾ പൂർത്തികരിച്ചിട്ടുണ്ട്.

#### 5.16 2. പ്രസിദ്ധീകരണ വിഭാഗം

സംസ്ഥാന സാമ്പത്തിക വ്യവസ്ഥിതിയുടെ വിവിധ മേഖലകളിലെ സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് വിശകലനം ചെയ്ത് റിപ്പോർട്ട് തയാറാക്കുകയും വകുപ്പിലും മറ്റു വകുപ്പുകളിലും സർവേകളിലൂടെയും അല്ലാതെയും ശേഖരിക്കുന്ന ഡാറ്റകൾ സംയോജിപ്പിച്ച് പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്നതാണ് ഈ വിഭാഗത്തിന്റെ ചുമതല. വിവിധ സെക്ഷനുകളിൽ പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതു കൂടാതെ കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരിനും മറ്റ് ഏജൻസികൾക്കും നൽകുന്നു.

2022-23 വർഷത്തിൽ വകുപ്പിൽ നിന്നും താഴെ പറയുന്ന റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

<u>വകുപ്പു പ്രസ്സിൽ നിന്നും അച്ചടിച്ച് പ്രസിദ്ധീകരിച്ചവ</u>

| ക്രമ നം. | അച്ചടിച്ചു നൽകിയ ഷെഡ്യൂൾ/റിപ്പോർട്ട് | സെക്ഷൻ | എണ്ണം | അച്ചടിച്ചു നൽകിയ തീയതി |
|---|---|---|---|---|
| 1 | മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡത്ത് – കരട് റിപ്പോർട്ട് 2020-21 | എം.സി.സി.ഡി | 1 | 02/04/2022 |
| 2 | ഇവാല്യുവേഷൻ സർവേ റിപ്പോർട്ട് - 2020-21 | ഇവാല്യൂവേഷൻ | 7 (ജില്ലകൾ) | 11/04/2022 |
| 3 | വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് കരട് റിപ്പോർട്ട് – 2021 | വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് | 1 | 26/04/2022 |
| 4 | കരട് റിപ്പോർട്ട് | എൻ.എസ്.എസ് | 40 | 28/04/2022 |
| 5 | കരട് റിപ്പോർട്ട് | എൻ.എസ്.എസ് | 40 | 30/04/2022 |
| 6 | കരട് റിപ്പോർട്ട് GSDP and NSDP with base year from 2011-12 to 2020-21 | സ്റ്റേറ്റ് ഇൻകം | 1 | 04/05/2022 |
| 7 | മൊത്ത സ്ഥിര മൂലധന രൂപീകരണം 2021 | സ്റ്റേറ്റ് ഇൻകം | 1 | 05/05/2022 |
| 8 | കമ്പോള മൊത്തവില നിലവാര ബുള്ളറ്റിൻ | എം.ഐ | 15 | 12/05/2022 |
| 9 | വാർഷിക പ്രവർത്തന റിപ്പോർട്ട് 2022-23 | പ്ലാനിംഗ് | 4*5 | 31/05/2022 |
| 10 | സമ്പത്തിക ലക്ഷ്യ വർഗ്ഗീകരണം കരട് റിപ്പോർട്ട് 2021 | സ്റ്റേറ്റ് ഇൻകം | 1 | 03/06/2022 |
| 11 | വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് കരട് റിപ്പോർട്ട് - 2021 | വി.എസ് | 3 | 08/06/2022 |
| 12 | 71st റൗണ്ട് സർവേ റിപ്പോർട്ട് (ജനുവരി 14-ജൂൺ 14) | എൻ.എസ്.എസ് | 1 | 10/06/2022 |
| 13 | കരട് റിപ്പോർട്ട് | ഇ.എ.ആർ.എ.എസ് | 1 | 21/06/2022 |
| 14 | കരട് റിപ്പോർട്ട് | ഇ.എ.ആർ.എ.എസ് | 1 | 30/06/2022 |
| 15 | 76th റൗണ്ട് സർവേ റിപ്പോർട്ട് (ജൂലൈ 18 – ഡിസംബർ 18) | എൻ.എസ്.എസ് | 2 | 04/07/2022 |

| | | | | |
|---|---|---|---|---|
| 16 | കേരളത്തിലെ വന്ധ്യതാ ക്ലിനിക്കുകൾ - ഷെഡ്യൂൾ ബി | സർവേ &ഡിസൈൻ | 6 പേജ് – 50 | കേരളത്തിലെ വന്ധ്യതയുടെ സാധ്യതയും ചികിത്സയുടെ വ്യാപ്തിയും സംബന്ധിച്ച സർവേ 2022-23 07/02/2023 |
| 17 | കേരളത്തിലെ എ.ആർ.ടി ബാങ്ക്സ് -ഷെഡ്യൂൾ സി | സർവേ &ഡിസൈൻ | 2 പേജ് - 50 | |
| 18 | ദമ്പതികളിൽ നിന്നുള്ള വിവരശേഖരണം -ഷെഡ്യൂൾ ഇ | സർവേ &ഡിസൈൻ | 7 പേജ് - 50 | |
| 19 | ഷെഡ്യൂൾ ബി യുടെ ഇൻസ്ട്രക്ഷൻ | സർവേ &ഡിസൈൻ | 8 പേജ് – 50 | |
| 20 | ഷെഡ്യൂൾ ഇ യുടെ ഇൻസ്ട്രക്ഷൻ | സർവേ &ഡിസൈൻ | 11 പേജ് – 50 | |
| 21 | കോവിഡ് മഹാമാരിയുടെ ആഘാതം മലയാളി പ്രവാസികളിൽ 2022-23 - ഷെഡ്യൂൾ ബി | സർവേ &ഡിസൈൻ | 10 പേജ് - 50 | പ്രവാസികളിൽ നിന്നുള്ള വിവര ശേഖരണം 07/02/2023 |
| 22 | കോവിഡ് മഹാമാരിയുടെ ആഘാതം മലയാളി പ്രവാസികളിൽ 2022-23 ഇൻസ്ട്രക്ഷൻ | സർവേ &ഡിസൈൻ | 14 പേജ് - 50 | |
| 23 | വിഷയ നിർണ്ണയ സമിതി റിപ്പോർട്ട് | പ്ലാനിംഗ് | 46 കോപ്പി – 60 പേജ് each | |
| 24 | വിഷയ നിർണ്ണയ സമിതി റിപ്പോർട്ട് | പ്ലാനിംഗ് | 1 കോപ്പി | |
| 25 | വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് കരട് റിപ്പോർട്ട് | വി.എസ് | 1 കോപ്പി (220 പേജ്) | 23/02/2023 |

5.16 3. ഏകോപനം

വിവിധ മേഖലകളുടെ ഡാറ്റാ ശേഖരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 42 വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. അതത് വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുകയാണ് ഈ വിഭാഗത്തിന്റെ ലക്ഷ്യം. മറ്റു വകുപ്പുകളിലെ 'സ്റ്റാറ്റിസ്റ്റിക്കൽ സെൽ' ഉദ്യോഗസ്ഥരുടെ യോഗം കൂടുകയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്യുന്നു.

5.17 ഇൻഫ്രാസ്ട്രക്ചർ ആന്റ് എൻവയോൺമെന്റ് സ്റ്റാറ്റിസ്റ്റിക്സ്

സ്റ്റാറ്റിസ്റ്റിക്കൽ ഘടനയെ കൂടുതൽ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി രൂപീകരിച്ചതാണ് ഐ.&ഇ.എസ്. വിഭാഗം. ഇൻഫ്രാസ്ട്രക്ചർ സ്റ്റാറ്റിസ്റ്റിക്സ്, എൻവയോൺമെന്റ് സ്റ്റാറ്റിസ്റ്റിക്സ് എന്നീ രണ്ടു റിപ്പോർട്ടുകളാണ് ഈ സെക്ഷനിൽ നിന്നും പ്രസിദ്ധീകരിക്കുന്നത്.

5.17. 1. ഇൻഫ്രാസ്ട്രക്ചർ സ്റ്റാറ്റിസ്റ്റിക്സ്

സംസ്ഥാനത്തുള്ള ഗതാഗതം, വാർത്താവിനിമയം, ഊർജ്ജം, ജലസേചനം. സ്റ്റോറേജ്, കുടിവെള്ള വിതരണം, ശുചിത്വം എന്നീ മേഖലകളിലെ വിവരങ്ങൾ വിവിധ സർക്കാർ, സർക്കാരിതര ഓഫീസുകൾ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് അവലോകനം നടത്തി ജില്ല തിരിച്ച് ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചു വരുന്നു. 2015-16 വരെയുള്ള ഇൻഫ്രാസ്ട്രക്ചർ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ട് ഉൾപ്പെടുത്തി 2019-20 വർഷത്തെ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

5.17. 2. എൻവയോൺമെന്റ് സ്റ്റാറ്റിസ്റ്റിക്സ്

ജൈവവൈവിധ്യം, അന്തരീക്ഷം, മണ്ണും ഭൂമിയും, വെള്ളം, മനുഷ്യാവാസവ്യവസ്ഥ എന്നീ 5 പ്രധാനപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് വിവരശേഖരണം നടത്തി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. സംസ്ഥാനതലത്തിലുള്ള വിവിധ സർക്കാർ ഓഫീസുകൾ, ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു അവലോകനം നടത്തി റിപ്പോർട്ടാക്കി പ്രസിദ്ധീകരിക്കുന്നു. 2015-16 വരെയുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ലൈബ്രറി

കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളുടെ വിവിധ പ്രസിദ്ധീകരണങ്ങൾ, സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ, മറ്റു സ്റ്റാറ്റിസ്റ്റിക്കൽ ഏജൻസികൾ തുടങ്ങിയവയിൽ നിന്ന് ലഭ്യമാകുന്ന റിപ്പോർട്ടുകൾ, പ്രസിദ്ധീകരണങ്ങൾ, കൂടാതെ വകുപ്പിൽ നിന്ന് അച്ചടിക്കുന്ന പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയുടെ ബൃഹത്തായ ശേഖരം വകുപ്പിന്റെ ലൈബ്രറിയുടെ പുസ്തക ശേഖരത്തിലുണ്ട്. ആസൂത്രണ ഗവേഷണ രംഗത്തുള്ള വികേന്ദ്രീകൃതാസൂത്രണ മേഖലയിൽ പ്രവർത്തിക്കുന്നവരും ഈ ലൈബ്രറിയുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

**5.18 സപ്പോർട്ട് ഫോർ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്ട് (കേന്ദ്രാവിഷ്കൃത പദ്ധതി)**

2022-23 വർഷം സംസ്ഥാനത്തെ സ്ഥിതിവിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള സപ്പോർട്ട് ഫോർ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്ടിലെ ആക്ടിവിറ്റികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനങ്ങളിലെ സ്ഥിതിവിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം (MoSPI) ന്റെ പദ്ധതിയായ ഇന്ത്യാ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്ടിന്റെ (ISSP) ഭാഗമായി 2011-12 ൽ സംസ്ഥാനത്ത് ആരംഭിച്ച പദ്ധതിയാണ് കേരള സ്റ്റേറ്റ് സ്ട്രാറ്റജിക്ക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാൻ (KLSSSP). സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജീവനക്കാർക്ക് ദേശീയ-അന്തർദേശീയ നിലവാരത്തിലുള്ള ഒരു പഠന ഗവേഷണ പരിശീലന സ്ഥാപനം ഈ പദ്ധതിയിൽ ശിപാർശ ചെയ്തിരുന്നു. ആയതിൻ പ്രകാരം സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA) 30/09/2015 ൽ കാട്ടാക്കടയിൽ പ്രവർത്തനം ആരംഭിച്ചു. 01/06/2017 മുതൽ SASA തിരുവനന്തപുരം ജില്ലയിൽ കൈമനത്ത് പ്രവർത്തിച്ചു വരുന്നു.

വകുപ്പിലെയും മറ്റു വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലെയും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ വിവിധ വിഷയങ്ങളിൽ ആവശ്യമായ പരിശീലനങ്ങൾ നൽകുക, സ്ഥിതിവിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന ശില്പശാലകൾ/സെമിനാറുകൾ സംഘടിപ്പിക്കുക, പഠനഗവേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുക, സാങ്കേതിക ഉപദേശം ഇതരസർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകുക തുടങ്ങിയവയാണ് SASA യുടെ പ്രധാന പ്രവർത്തനങ്ങൾ.

**SASA യുടെ 2022-23 വർഷത്തെ പ്രവർത്തനങ്ങൾ**

- 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 13 പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിൽ 10 പരിശീലനപരിപാടികൾ ഓഫ്‌ലൈനായും 3 പരിശീലന പരിപാടികൾ ഓൺലൈനായും നടത്തിയിട്ടുണ്ട്. കൂടാതെ ഡയറക്ടറേറ്റിൽ നിന്നും ഏതാനും പരിശീലന പരിപാടികളും സംഘടിപ്പിക്കുകയുണ്ടായി.
- ഫയർ & സേഫ്റ്റി സംവിധാനം സ്ഥാപിക്കുന്നതിനായി BSNL മുഖേന സിവിൽ വർക്സിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി വരുന്നു. ഇലക്ട്രിക്കൽ വർക്സിന്റെ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കാനുള്ളത്.
- SASA ബിൽഡിംഗിൽ കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ പ്രവർത്തനം ഡിസംബർ 1, 2022 മുതൽ ആരംഭിച്ചു. ആയതിലേക്കായി കമ്മീഷൻ ആവശ്യപ്പെട്ടത് പ്രകാരമുള്ള സ്ഥലസൗകര്യങ്ങൾ SASA യിൽ അനുവദിച്ചിട്ടുണ്ട്.
- വെബ് പോർട്ടൽ നവീകരിക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിനായി സ്റ്റാർട്ട്-അപ്പ് മിഷൻ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു.
- SASA കെട്ടിട്ടത്തിൽ ഔദ്യോഗിക വാഹനങ്ങക്കുള്ള ഷെൽട്ടർ നിർമ്മാണം കമ്പ്യൂട്ടർ/ട്രെയിനിംഗ് ഹാളുകൾ ശീതീകരിക്കൽ, വെബ് പോർട്ടൽ നിർമ്മാണം, ഫയർ & സേഫ്റ്റി, ഇലക്ട്രിക്കൽ പ്രവർത്തനങ്ങൾ എന്നിവയുടെ പൂർത്തീകരണമാണ് അവശേഷിക്കുന്നത്.

**5.19 കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ**

കേരളത്തിന്റെ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വരുമാനം, കൃഷി, വ്യവസായം, പശ്ചാത്തല സൗകര്യം, ധനകാര്യം എന്നീ രംഗങ്ങളിലെ സാമ്പത്തിക സ്ഥിതിവിവരകണക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ദാരിദ്ര്യം, ലിംഗനീതിവിശകലനം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, ജോലി, പരിസ്ഥിതി എന്നീ രംഗങ്ങളിലെ സാമൂഹിക പാരിസ്ഥിതിക സ്ഥിതിവിവരക്കണക്ക് പൊതുമണ്ഡലത്തിൽ വരുത്തുന്നതിനുമായി സെൻസസ്, സാമ്പിൾ സർവേകൾ, സ്ഥിതിവിവരക്കണക്ക് വിശകലനം, സ്റ്റാറ്റിസ്റ്റിക്കൽ ഇൻഫർമേഷൻ സിസ്റ്റം എന്നീ രംഗങ്ങളിലെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വിദ്യകളുടെ പ്രയോഗം നമ്മുടെ സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനുവേണ്ടിയും രൂപീകരിച്ചിട്ടുള്ളതാണ് കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ. സ്ഥിതിവിവരക്കണക്ക് മേഖലയിൽ വൈദഗ്ധ്യമുള്ളവർ അടങ്ങുന്ന മൂന്നു വർഷം കാലാവധിയുള്ള സ്റ്റാറ്റിസ്റ്റിക്കൽ കമ്മിഷൻ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സർവീസിൽ

നിന്നും വിരമിച്ച ശ്രീ.പി.സി.മോഹനൻ ചെയർമാനായും ശ്രീ.എ. മീരാസാഹിബ് (റിട്ട. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്) ഫുൾ ടൈം അംഗമായും പ്രൊഫ. മധുര സ്വാമിനാഥൻ (പ്രൊഫസർ, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബാംഗ്ലൂർ), ഡോ. വി.സുർജിത് വിക്രമൻ (അസ്സോസിയേറ്റ് പ്രൊഫസർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റ്, ഹൈദരാബാദ്) എന്നിവർ പാർട്ട് ടൈം അംഗങ്ങളായും 14/03/2020 ലെ G.O(Ms)NO.11/2020/Plg നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ളതാണ് നിലവിലെ കേരളാ സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ.

06/07/2020-ലെ G.O(Rt) No.279/2020/P&EA നമ്പർ ഉത്തരവ് പ്രകാരം കേരളാ സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചും സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പു ഡയറക്ടറെ കമ്മീഷന്റെ എക്സ് ഒഫീഷ്യോ മെമ്പർ ആയി ഉൾപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്. 01/10/2020-ലെ G.O(Ms)No.26/2020/P&EA സർക്കാർ ഉത്തരവ് പ്രകാരം കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും സേവന വേതന വ്യവസ്ഥകൾ, ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ കമ്മീഷന്റെ ആവിശ്യത്തിനായി മൂന്നു വാഹനങ്ങൾ 2000 ചതുരശ്ര അടി വിസ്തീർണമുള്ള ഓഫീസ് സ്ഥലം എന്നിവ നടപടി ക്രമം പാലിച്ച് വാടക വ്യവസ്ഥയിൽ എടുക്കുന്നതിനും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ മുഴുവൻ സമയ അംഗത്തിന്റെ ചുമതലകളിൽ നിന്നും തന്നെ ഒഴിവാക്കണമെന്ന ശ്രീ.എ.മീരസാഹിബിന്റെ അപേക്ഷ പരിഗണിച്ച് 23/12/2022-ലെ സ.ഉ (സാധാ)നം.472/2022/P&EA നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അദ്ദേഹത്തിന് പൂർണ്ണസമയ അംഗത്വത്തിൽ നിന്ന് വിടുതൽ ചെയ്യുന്നതിന് സർക്കാർ അനുമതി നൽകുകയും കൂടാതെ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറിയെ കമ്മീഷൻ എക്സ് ഒഫീഷ്യോ മെമ്പറായും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറെ മെമ്പർ സെക്രട്ടറിയായും ഉൾപ്പെടുത്തി കേരളാ സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ പുനഃസംഘടിപ്പിച്ച് ഉത്തരവുണ്ടായി.

സ.ഉ.(സാധാ) നം.36/2023/ P&EA തീയതി, 28/01/2023 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരളാ സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കമ്മീഷൻ സെക്രട്ടറി (ജോയിന്റ് ഡയറക്ടർ), അസിസ്റ്റന്റ് ഡയറക്ടർ-1, റിസർച്ച് ഓഫീസർ-1, റിസർച്ച് അസിസ്റ്റന്റ്-1, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്-1, ഓഫീസ് അറ്റൻഡന്റ്-1 എന്നിങ്ങനെ 6 തസ്തികകളിലേക്ക് ഉദ്യോഗസ്ഥരെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ നിന്നും ഫുൾ ടൈം വർക്കിങ്ങ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ നിയമിച്ചു.

കേരളാ സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ പ്രവർത്തിച്ചു വന്ന ബി.എസ്.എൻ.എൽ.ന്റെ ഉടമസ്ഥയിലുള്ള ആർ.റ്റി.റ്റി.സി. കാമ്പസിൽ കമ്മീഷന്റെ സുഗമമായ ഓഫീസ്

പ്രവർത്തനത്തിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഇല്ലാത്തതിനാലും വാടകയിനത്തിൽ വൻ തുക നല്കേണ്ടതിനാലും സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും കെട്ടിടത്തിലേക്ക് മാറുവാൻ വേണ്ടി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. തലസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന സൗകര്യപ്രദമായ കെട്ടിടം കണ്ടെത്തി വിശദമായ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കാൻ സർക്കാർ നിർദ്ദേശിക്കുകയും തുടർന്ന് PWD ബിൽഡിങ്, നിയമസഭ സെക്രട്ടേറിയറ്റ്, ട്രാൻസ് ടവർ മുതലായ സർക്കാർ കെട്ടിടങ്ങൾ സന്ദർശിക്കുകയും അധികാരികളുമായി സംസാരിക്കുകയും ചെയ്തുവെങ്കിലും അനുയോജ്യമായവ ലഭ്യമായിരുന്നില്ല. തുടർന്ന് സർക്കാർ നിർദേശപ്രകാരം, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ പഠന ഗവേഷണ പരിശീലന സ്ഥാപനമായ State Academy on Statistical Administration (SASA) ന്റെ ഒഴിഞ്ഞു കിടക്കുന്ന മുറികളിലേക്ക് കമ്മീഷൻ ഓഫീസ് മാറ്റുകയും 01.12.2022 മുതൽ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

16/03/2023-ലെ സർക്കാർ ഉത്തരവ് നം.സ.ഉ.(കൈ)നം.5/2023/P&EA പ്രകാരം കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ കാലാവധി 13.03.2024 വരെ ദീർഘിപ്പിക്കുകയുണ്ടായി.

**2022-23 വർഷത്തെ പ്രവർത്തനങ്ങൾ**

1. **കമ്മീഷൻ സിറ്റിങ്:-** 21.05.2022, 19.12.2022, 20.12.2022 തീയതികളിൽ കമ്മീഷൻ ഫുൾ കോറം മീറ്റിംഗ് നടത്തുകയുണ്ടായി.
2. **ശില്പശാലകൾ:-** വിവിധയിനം വിലശേഖരണം നടത്തുന്നതിലെ പ്രശ്നങ്ങൾ മനസിലാക്കുന്നതിനായി കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റുമായി സഹകരിച്ച് എറണാകുളം ജില്ലയിൽ വച്ച് 16.02.2023 ന് ജില്ല, താലൂക്ക്തല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ഏകദിന ശില്പശാല നടത്തുകയുണ്ടായി.
3. ഇ.എ.ആർ.എ.എസ്. സംബന്ധമായ വിവര ശേഖരണം നടത്തുന്നതിലെ ഫീൽഡ് തല പ്രശ്നങ്ങൾ പഠിക്കുന്നതിനും രീതിശാസ്ത്രം പരിഷ്കരിക്കുന്നതിനുമായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റുമായി സഹകരിച്ച് ജില്ല താലൂക്കുതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 17.02.2023 തൃശ്ശൂരിൽ ഒരു ഏകദിന ശില്പശാല സംഘടിപ്പിച്ചു.
4. 17.03.2023 ന് തിരുവനന്തപുരം ജില്ലയിലെ പി.എം.ജി യിലുള്ള മോഡൽ ഫിനിഷിങ് സ്കൂളിൽ വച്ച് കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെയും നേതൃത്വത്തിൽ പ്രൈസസ് ഡാറ്റയുമായി ബന്ധപ്പെട്ട് ഡാറ്റ ഉപയോക്താക്കളെ ഉൾപ്പെടുത്തി ഒരു ഏകദിന ശില്പശാല സംഘടിപ്പിച്ചു.

5. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ അഭ്യർത്ഥന സ്വീകരിച്ച് 2023 മാർച്ച് 31, ഏപ്രിൽ 1 തീയതികളിൽ മസ്കറ്റ് ഹോട്ടലിൽ വച്ച് സ്റ്റേറ്റ് ഇൻകം സ്റ്റാറ്റിസ്റ്റിക്സുമായി ബന്ധപ്പെട്ട ശില്പശാല സംഘടിപ്പിക്കുന്നതിൽ പങ്കാളിയായി.

കമ്മീഷൻ സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

a) കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച് പ്രഥമ റിപ്പോർട്ട് 24/08/2022 ന് സർക്കാരിൽ സമർപ്പിച്ചു.

b) കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ വിശദ വിവരങ്ങളടങ്ങിയ പ്രൊപ്പോസൽ 03/11/2022 ന് സർക്കാരിൽ സമർപ്പിച്ചു.

c) സർക്കാർ ആവശ്യപ്പെട്ട പ്രകാരം 27/12/2022 ന് കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ചും കമ്മീഷനിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ചിട്ടുള്ള റിപ്പോർട്ട് 27/12/2022 ന് സർക്കാരിൽ നൽകുകയുണ്ടായി.

d) 19/12/2022 ന് കമ്മീഷനിൽ നടത്തിയ മീറ്റിംഗ് പ്രകാരം ഫീൽഡ്തല ജോലി ചെയ്യുന്ന ഇൻവെസ്റ്റിഗേറ്റർമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനാവശ്യമായ നിർദേശങ്ങൾ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന് നല്കുകയുണ്ടായി.

e) കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് 24/01/2023 ന് സർക്കാരിൽ സമർപ്പിച്ചു.

## 5.20 ചെറുകിട ജലസേചനങ്ങളെക്കുറിച്ച് യുക്തമായി സമർത്ഥിക്കുന്ന സ്ഥിതിവിവര ക്കണക്കുകൾ

കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജലവിഭവ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ 100% കേന്ദ്ര സഹായത്തോടെ 22/08/1988 ലെ സർക്കാർ ഉത്തരവ് (സാധാ) 375/88/പ്ലാനിംഗ് പ്രകാരം കേരള സംസ്ഥാനത്ത് ആരംഭിച്ച പദ്ധതിയാണ്. റാഷണലൈസേഷൻ ഓഫ് മൈനർ ഇറിഗേഷൻ സ്റ്റാറ്റിസ്റ്റിക്സ് (ആർ.എം.ഐ.എസ്). പദ്ധതി പ്രകാരം സംസ്ഥാന ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ആർ.എം.ഐ.എസ്. സെൽ പ്രവർത്തിക്കുന്നു. പ്രസ്തുത സെല്ലിന്റെ നോഡൽ ഓഫീസർ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ആണ്.

ദൗത്യം

രാജ്യത്തിന്റെ കാർഷിക വികസന പദ്ധതികൾക്കാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിലേയ്ക്ക് ചെറുകിട ജലസേചന പദ്ധതികളെക്കുറിച്ചും ഈ മേഖലകളിലെ ജലസ്രോതസുകളെക്കുറിച്ചും സമഗ്രവും വസ്തുനിഷ്ഠവും വിശ്വസനീയവുമായ വിവരശേഖരണം തയ്യാറാക്കുകയാണ് ആർ.എം.ഐ.എസ്. സെല്ലിന്റെ ദൗത്യം.

സെല്ലിന്റെ പ്രധാന പ്രവർത്തനങ്ങൾ

എ) ചെറുകിട ജലസേചന സെൻസസ്

അഞ്ച് വർഷത്തിലൊരിക്കൽ സർക്കാർ /അർദ്ധ സർക്കാർ /സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന ചെറുകിട ജലസേചന പദ്ധതികളെക്കുറിച്ച് സെൻസസ് നടത്തി സമഗ്രവും വസ്തുനിഷ്ഠവുമായ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു. 1986-87 അടിസ്ഥാനവർഷമായി നിശ്ചയിച്ച് ഒന്നാമത് സെൻസസ് നടത്തി 1993-94 അടിസ്ഥാന വർഷമായി രണ്ടാമത് സെൻസസും 2000-01 അടിസ്ഥാനവർഷമായി മൂന്നാമത് സെൻസസും 2006-07 അടിസ്ഥാന വർഷമായി നാലാമത് സെൻസസും 2013-14 അടിസ്ഥാന വർഷമായി അഞ്ചാമത് സെൻസസും പൂർത്തീകരിച്ച് ഓരോ സെൻസസിന്റെയും സംസ്ഥാനതല റിപ്പോർട്ടുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2017-18 അടിസ്ഥാന വർഷമായി ആരംഭിച്ച ആറാമത് ചെറുകിട ജലസേചന സെൻസസും ഒന്നാമത് വാട്ടർബോഡി സെൻസസും ഇതിനോടകം പൂർത്തിയാക്കുകയും ഒന്നാമത് വാട്ടർബോഡി സെൻസസിന്റെ സംസ്ഥാനതല റിപ്പോർട്ടിന്റെ കരട് ചീഫ് എഞ്ചിനീയറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുമുണ്ട്.

ബി) ചെറുകിട ജലസേചന പദ്ധതികളുടെ ത്രൈമാസപുരോഗതി റിപ്പോർട്ടും വാർഷിക റിപ്പോർട്ടും

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളും സാമ്പത്തിക സ്ഥാപനങ്ങളും നടപ്പിലാക്കുന്ന ചെറുകിട ജലസേചന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അതത് വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പാദവാർഷികമായി ശേഖരിച്ച് സമാഹരിച്ച് ക്രോഡീകരിച്ച് സമഗ്ര റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന സർക്കാരിനും കേന്ദ്രസർക്കാരിനും സമർപ്പിക്കുന്നു. കൂടാതെ ഓരോ കാർഷിക വർഷവും അവസാനിക്കുന്ന മുറയ്ക്ക് വാർഷിക റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിക്കുന്നു.

കിണറുകൾ, കുഴൽക്കിണറുകൾ, ഉപരിതല ജലസ്രോതസ്സ് ഉപയോഗിച്ചുള്ള പദ്ധതികൾ (സർഫസ് ഫ്ലോ & സർഫസ് ലിഫ്റ്റ്) എന്നിവയുടെ നിർമ്മാണ ചെലവ്, ഓരോ പദ്ധതികളിലും ജലസേചനം നടത്താൻ ഉദ്ദേശിച്ച വിസ്തൃതി (ഐ.പി.സി.), ജലസേചനം നടത്തിയ വിസ്തൃതി (ഐ.പി.യു), കാർഷികവിളകൾ എന്നിവയുടെ വിവരങ്ങളാണ് ശേഖരിക്കുന്നത്. ചെറുകിടജലസേചന വകുപ്പിന്റെ വിവിധ ഡിവിഷനുകൾ ഭൂജല വകുപ്പ്, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസുകൾ, ജില്ലാ കാർഷിക സഹകരണ ബാങ്കുകൾ, ജില്ലാ ലീഡ് ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നാണ് പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നത്.

സി) ചെറുകിടജലസേചന പദ്ധതികളെക്കുറിച്ചുള്ള വിലയിരുത്തൽ പഠനം

ചെറുകിടജലസേചന പദ്ധതികളെക്കുറിച്ച് വിലയിരുത്തൽ പഠനം നടത്തുക എന്നതും സെല്ലിന്റെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നു. വിവിധ വകുപ്പുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ നടപ്പിലാക്കിയ ഉപരിതല ജലസേചന പദ്ധതികൾ ഭൂഗർഭജലസേചന പദ്ധതികൾ എന്നിവയെപ്പറ്റിയുള്ള വിലയിരുത്തൽ പഠനമാണ് നടത്തുന്നത്. റിപ്പോർട്ട് വർഷം സെല്ലിന്റെ നോഡൽ ഓഫീസർമാരായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ശ്രീമതി. ശ്രീദേവി പി. (അധികചുമതല), ശ്രീ. പ്രിയേഷ് ആർ. (അധികചുമതല) എന്നിവരും സെല്ലിലെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ ശ്രീമതി.സുദർശ ആർ., ശ്രീ.മനോജ് എം. എന്നിവരും റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ ശ്രീ.മുനീഷ് കുമാർ സി.എസ്., ശ്രീ.അനിയൻ കെ. എന്നിവരും സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1 തസ്തികയിൽ ശ്രീ.നിർമ്മൽ ആർ., ശ്രീ.നാദിർഷ ബി., ശ്രീ.അരുൺ ആർ. എന്നിവരും സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട ശ്രീമതി. സ്വാതിസനൽ, ശ്രീമതി.സൗമ്യ ആർ. എസ്. എന്നിവരും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ശ്രീമതി.സബിത ദിവാകരനും സേവനമനുഷ്ഠിച്ചു.

2022-23 വർഷത്തെ പ്രവർത്തനങ്ങൾ

എ) വാർഷിക /പാദവാർഷിക റിപ്പോർട്ടുകൾ

റിപ്പോർട്ട് വർഷം 2020-21 കാർഷിക വർഷം അടിസ്ഥാനമാക്കിയുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കി ഇതിനോടകം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ചെറുകിടജലസേചന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ വിവിധ വകുപ്പുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ആയത് സമാഹരിച്ച് ക്രോഡീകരിച്ച് 3 ത്രൈമാസ പുരോഗതി റിപ്പോർട്ടുകൾ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിച്ചു.

ബി) ചെറുകിട ജലസേചന സെൻസസും വാട്ടർബോഡി സെൻസസും

2017-18 അടിസ്ഥാനവർഷമായി ആരംഭിച്ച ആറാമത് ചെറുകിട ജലസേചന സെൻസസും ഒന്നാമത് വാട്ടർബോഡി സെൻസസും പൂർത്തിയാക്കുകയും ആയത് കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാമത് വാട്ടർബോഡി സെൻസസിന്റെ റിപ്പോർട്ട് കേന്ദ്രജലവിഭവ മന്ത്രാലയം പ്രസിദ്ധീകരിക്കുകയും അംഗീകരിച്ച സംസ്ഥാനതല പട്ടികകളുടെ പ്രസിദ്ധീകരണത്തിന്റെ അടിസ്ഥാനത്തിൽ കരട് റിപ്പോർട്ട് തയ്യാറാക്കി ചീഫ് എഞ്ചിനീയറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതുമാകുന്നു.

5.21 ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗം

1. 2022-23 കാർഷിക വർഷത്തെ ഇ.എ.ആർ.എ.എസ്.-ന്റെ ഡാറ്റ എൻട്രിയും റിപ്പോർട്ട് ജനറേഷനുമായി ഒരു സോഫ്റ്റ്‌വെയർ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്.
2. വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിനായി CRS data collection, Data Validation, Tabulation എന്നിവയ്ക്കായി ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്.
3. 2022-23 വർഷം വകുപ്പ് മുഖേന നടപ്പിലാക്കിയ സർവേകളായ കമ്പോളങ്ങളെ കുറിച്ചുള്ള സർവേ, മാളുകൾ/സൂപ്പർമാർക്കറ്റുകൾ എന്നിവയെക്കുറിച്ചുള്ള സർവേ, സംഭരണ ശാലകളെക്കുറിച്ചുള്ള സർവേ, കേരളത്തിലെ ജൈവകൃഷിയും വിപണനവും സംബന്ധിച്ച സർവേ, സോയിൽ കൺസർവേഷൻ സർവേ എന്നിവയ്ക്കായുള്ള ഡാറ്റ എൻട്രി സോഫ്റ്റ്‌വെയറുകൾ കമ്പ്യൂട്ടർ വിഭാഗം മുഖേന തയ്യാറാക്കിയിട്ടുണ്ട്.
4. വകുപ്പിൽ നടന്നുവരുന്ന 'കേരളത്തിലെ വന്ധ്യതയുടെ പ്രാചുര്യവും ചികിത്സയും സംബന്ധിച്ച പഠനം 2022-23', 'കോവിഡ് മഹാമാരിയുടെ ആഘാതം മലയാളി പ്രവാസികളിൽ'-പഠനം എന്നീ സർവേകൾക്കായുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ കമ്പ്യൂട്ടർ വിഭാഗം മുഖേന പൂർത്തിയായി വരുന്നു.
5. വ്യാപാര വാണിജ്യ മേഖലയിലുള്ള തൊഴിലാളികളുടെ ദിവസവേതനം, കെട്ടിടനിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ ദിവസവേതനം എന്നിവയ്ക്ക് വേണ്ടി Google sheet മുഖാന്തിരം ക്രോഡീകരണം നടന്നു വരുന്നു.
6. ബി.എസ്.എൽ.എൽ.ഡി. സോഫ്റ്റ്‌വെയറിന്റെ അഡ്മിനിസ്ട്രേറ്റീവ് ലെവൽ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ വിഭാഗം മുഖേന നടപ്പിലാക്കിവരുന്നു.
7. വകുപ്പിലെ ജീവനക്കാർ തയ്യാറാക്കിയ ആർട്ടിക്കിളുകളും, വകുപ്പിലെ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി Ecostat news എന്ന പ്രസിദ്ധീകരണം കമ്പ്യൂട്ടർ വിഭാഗം മുഖേന പ്രസിദ്ധീകരിക്കുന്നു. Ecostat news ന്റെ 2 പതിപ്പുകൾ (2022 നവംബർ, 2023 ജനുവരി) പ്രസിദ്ധീകരിച്ചിട്ടുണ്ട്.
8. 3454-02-203-98 ഹെഡിൽ മേൽപ്പറഞ്ഞ കാലയളവിൽ ഡയറക്ടറേറ്റിൽ 22 ലാപ്ടോപ്പുകൾ, 8 പ്രിന്ററുകൾ, 1 LCD interactive panel, 1 MMP Projector, 1 Motorised projector screen എന്നിവ വാങ്ങുകയുണ്ടായി. കൂടാതെ കമ്പ്യൂട്ടർ മൗസ്, കീബോർഡ് എന്നിവ കേടായതിന് പകരം അനുവദിക്കുകയുണ്ടായി.
9. 3454-02-203-95 ഹെഡിൽ മേൽപ്പറഞ്ഞ കാലയളവിൽ 56 ലാപ്ടോപ്പുകൾ, 14 പ്രിന്ററുകൾ, 14 സ്കാനറുകൾ, മൂന്ന് 5 KV UPS-കൾ, ആറ് 3KV UPS കൾ, 4 LCD Projectors, 100 Ah ബാറ്ററികൾ (19 എണ്ണം) എന്നിവ ജില്ലാ/താലൂക്ക് ഓഫീസുകൾക്ക് വാങ്ങി നൽകുകയുണ്ടായി.

10. ഡയറക്ടറേറ്റ്, ജില്ലാ/താലൂക്ക് ഓഫീസുകൾ എന്നിവിടങ്ങളിലേയ്ക്കുള്ള IT ഉപകരണങ്ങളുടെ എ.എം.സി. തുക കമ്പ്യൂട്ടർ വിഭാഗം മുഖേനയാണ് നൽകി വരുന്നത്.

11. ഡയറക്ടറേറ്റ്, ജില്ലാ/താലൂക്ക് ഓഫീസുകളിലേയ്ക്കുള്ള FTTH Connection- ന് വേണ്ട ബില്ലുകൾ കമ്പ്യൂട്ടർ വിഭാഗം മുഖേനയാണ് നൽകുന്നത്.

12. DESCAS സോഫ്റ്റ്‌വെയറിന് പകരമായി ഡിജിറ്റൽ യൂണിവേഴ്സിറ്റി മുഖേന പുതിയ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും 18-01-2023 തീയതിയിൽ കരാർ ഒപ്പു വയ്ക്കുകയും ഇതിന്റെ ഭാഗമായുള്ള ആദ്യ ഷെഡ്യൂളിന്റെ (EARAS) നിർമ്മാണത്തിന് വേണ്ടി FRS പ്രവർത്തനങ്ങൾ EARAS വിഭാഗവുമായി DUK മുഖേന ഏകോപിപ്പിക്കുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. കൂടാതെ, ഇതിന്റെ ഭാഗമായി BTR, digitized Lithomap എന്നിവ ലഭിക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട വകുപ്പുമായുള്ള യോഗങ്ങൾ സംഘടിപ്പിക്കുകയും അനുമതിക്കായി സർക്കാരിന് പ്രൊപ്പോസൽ നൽകുകയും ചെയ്തു.

13. ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനിലെയും ഉപയോഗശൂന്യമായ IT ഉപകരണങ്ങൾ (e-Waste) ശേഖരിച്ച്, വെവ്വേറെ ലിസ്റ്റുകളാക്കി തരംതിരിച്ച് Green Kerala കമ്പനിക്ക് കൈമാറുന്ന പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ വിഭാഗം കൈകാര്യം ചെയ്തു വരുന്നു.

14. വകുപ്പിൽ നടന്ന Online Meeting, Online training Programmes, Online workshops എന്നിവയ്ക്കും കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, സംസ്ഥാനത്തെ മറ്റ് ഏജൻസികൾ എന്നിവയുമായി വകുപ്പ് ഓൺലൈനായി നടത്തിയിട്ടുള്ള എല്ലാ meeting, Training, Workshops എന്നിവയ്ക്കുമുള്ള technical support കമ്പ്യൂട്ടർ വിഭാഗമാണ് നൽകുന്നത്.

**5.22 പ്രാദേശിക സ്ഥിതിവിവരക്കണക്ക് ശേഖരണം (BSLLD)**

കേന്ദ്ര സർക്കാരിന്റെ ഐ.എസ്.എസ്.പി. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കേരളത്തിലെ സ്ഥിതിവിവരക്കണക്ക് ശേഖരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 'ബേസിക് സ്റ്റാറ്റിസ്റ്റിക്സ് ഫോർ ലോക്കൽ ലെവൽ ഡെവലപ്പ്മെന്റ്' (ബി.എസ്.എൽ.എൽ.ഡി.) എന്ന പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. ഐ.എസ്.എസ്.പി. പ്രോജക്ടിലെ വിവിധ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശികതല വികസനത്തിനായുള്ള അടിസ്ഥാന സ്ഥിതി വിവരക്കണക്ക് ശേഖരണം.

2015-16 അടിസ്ഥാന വർഷമാക്കി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ലഭ്യമായ ഡാറ്റ 31 മേഖലകളിലായി ശേഖരിക്കുകയും ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്. 2016-17, 2017-18, 2018-19 എന്നീ വർഷത്തേയ്ക്കുള്ള അപ്ഡേഷനും ഉന്നതവിദ്യാഭ്യാസം, വാഹന രജിസ്ട്രേഷൻ, കുടിവെള്ള യൂണിറ്റുകൾ,

ഗവ. മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രികൾ എന്നീ മേഖലകൾ കൂടുതലായി ഉൾക്കൊള്ളിച്ചു കൊണ്ട് വിവരശേഖരണവും നടത്തുകയുണ്ടായി.

ബി.എസ്.എൽ.എൽ.ഡി. ഡാറ്റാ എൻട്രിയും ക്രോഡീകരണത്തിനും വിശകലനം ചെയ്യുന്നതിനുമായി ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിച്ച് 01/11/2018-ൽ വകുപ്പിന്റെ വെബ്സൈറ്റിൽ ഹോസ്റ്റ് ചെയ്തു. ജില്ല, ബ്ലോക്ക്, പഞ്ചായത്ത്, നിയമസഭ/പാർലമെന്റ് മണ്ഡലം എന്നീ വിവിധ തലത്തിലുള്ള ഡാറ്റയുടെ ഡൈനാമിക് റിപ്പോർട്ടുകൾ സോഫ്റ്റ്‌വെയറിൽ ലഭ്യമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിന് ആവശ്യമായ വിവരങ്ങൾ നൽകേണ്ടതിനാൽ അടിസ്ഥാന വിവരങ്ങൾ മാത്രം ഉൾപ്പെടുത്തി 2019-20 വർഷത്തെ ഷെഡ്യൂളുകൾ പരിഷ്കരിച്ചു. സോഫ്റ്റ്‌വെയറിൽ ഷെഡ്യൂളുകൾക്കനുസൃതമായി മാറ്റങ്ങൾ വരുത്തുകയും വിവരശേഖരണം ഡാറ്റ എൻട്രി എന്നിവ പൂർത്തീകരിക്കുകയും ചെയ്തു. 64 ഷെഡ്യൂളുകളിലായി 25 മേഖലകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ സോഫ്റ്റ്‌വെയറിൽ ഡാറ്റ എൻട്രി ചെയ്ത വിവരങ്ങൾ പരിശോധിച്ച് അപ്രൂവൽ നടത്തി. എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ഡാറ്റ access ചെയ്യുന്നതിന് യൂസർ ഐഡി. Password നൽകിയിട്ടുണ്ട്. മറ്റ് ഡാറ്റ യൂസേഴ്സിനും ആവശ്യപ്പെടുന്ന മുറയ്ക്ക് access നൽകി വരുന്നു. 2022-23 വരെയുള്ള ഡാറ്റ ശേഖരണം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## അദ്ധ്യായം -6

## ധനകാര്യം

### 6.1 ആമുഖം

2022-23 സാമ്പത്തിക വർഷം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ പദ്ധതി-പദ്ധതിയേതര ഇനത്തിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

**6.1 (എ)-പ്ലാൻ പദ്ധതികളുടെ 2022-23 വർഷത്തെ ബജറ്റ് വകയിരുത്തൽ ചെലവ് കണക്കുകൾ (രൂപ ലക്ഷത്തിൽ)**

| ക്രമ നം. | പദ്ധതിയിനം | മേജർ/സബ് മേജർ ഹെഡ് | ബജറ്റ് എസ്റ്റിമേറ്റ് 2022-23 | എസ്.ഡി.ജി.റി അപ്രോപ്രിയേഷൻ അഡീഷണൽ ഓതറൈസേഷൻ എന്നിവയ്ക്ക് ശേഷമുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | സംസ്ഥാനപദ്ധതികൾ | | | |
| 1 | സർവേയും പഠനവും | 3454-02-112-96 | 25 | 25 | 20.32 | 81.28 |
| 2 | ജില്ലയിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ | 3454-02-203-95 | 80 | 80 | 78.74 | 98.43 |
| 3 | സ്ഥിതി വിവരക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം | 3454-02-203-96 | 20 | 20 | 14.29 | 71.45 |
| 4 | ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ | 3454-02-203-98 | 60 | 60 | 46.68 | 77.80 |
| 5 | കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ | 3454-02-112-88 | 146 | 146 | 27.85 | 19.08 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | ഇന്ത്യ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്ട് | 3454-02-112-89 | 141 | | 141 | 55.74 | 39.53 |
| 7 | സംസ്ഥാനത്തെ ജനന-മരണ സ്ഥിതിവിവരക്കണക്കുകൾ ശക്തിപ്പെടുത്തൽ | 3454-02-111-86 | 18 | | 18 | 11.43 | 63.50 |
| 8 | വാഹനം വാങ്ങൽ | 3454-02-203-97(0) | 10 | | 10 | 0 | 0 |
| സംസ്ഥാന പദ്ധതികൾ ആകെ തുക | | | 500 | | 500 | 255.05 | 51.01 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | | |
| 8 | ഇ.എ.ആർ.എ.എസ് (100%) | 3454-02-111-89 | 8000 | | 8000 | 5125.39 | 64.07 |
| 9 | അഗ്രികൾച്ചർ സെൻസസ് | 2401-00-111-99 | 200 | | 200 | 200 | 100 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ ആകെ തുക | | | 8200 | | 8200 | 5325.39 | 64.94 |
| കേന്ദ്രസഹായ പദ്ധതികൾ | | | | | | | |
| 10 | ആർ.എം.ഐ.എസ്(100%) | 3454-02-112-87 | 72 | | 72 | 46.17 | 64.13 |
| കേന്ദ്രസഹായ പദ്ധതികൾ ആകെ തുക | | | 72 | | 72 | 46.17 | 64.13 |

6.1 (ബി)-സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-23

പദ്ധതിയേതര ഇനം

| ക്രമ നം. | പദ്ധതിയേതര ഇനം | മേജർ/സബ് മേജർ ഹെഡ് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-23 | എസ്.ഡി.ജി. റീ അപ്രോപ്രിയേഷൻ അഡീഷണൽ ഓതറൈസേഷൻ എന്നിവയ്ക്ക് ശേഷമുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | സർവേയും പഠനവും | 3454-02-112-96 | 297.62 | 297.62 | 264.81 | 88.98 |
| 2 | സംസ്ഥാന വരുമാന സ്ഥിതിവിവരക്കണക്ക് വിഭാഗം | 3454-02-111-99 | 66.51 | 66.51 | 71.52 | 107.53 |
| 3 | വിലയിരുത്തൽ ഘടകം | 3454-02-111-97 | 122.20 | 122.20 | 119.23 | 97.57 |
| 4 | മുനിസിപ്പാലിറ്റികളിലെ ജനന-മരണസ്ഥിതി വിവരക്കണക്ക് വിഭാഗം ശക്തിപ്പെടുത്തൽ | 3454-02-111-93 | 364.05 | 364.05 | 332.51 | 91.34 |
| 5 | ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ്സ്റ്റാറ്റിസ്റ്റിക്സ് | 3454-02-112-99 | 4998.66 | 5010.16 | 4358.18 | 86.99 |
| 6 | ദേശീയ സാമ്പിൾ സർവേ | 3454-02-112-98 | 400.48 | 400.48 | 373.16 | 93.18 |
| 7 | തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സ്ഥിതിവിവരക്കണക്ക് വിപുലീകരണം | 3454-02-203-99 | 363.06 | 363.06 | 331.64 | 91.35 |
| 8 | ലിംഗസമത്വപദ്ധതിനിർവ്വഹണം | 3454-02-112-91 | 0 | 0 | 0 | 0 |
| ആകെ | | | 6612.58 | 6624.08 | 5851.05 | 88.33 |

**6.2 2022-23 സാമ്പത്തിക വർഷത്തിലെ ശമ്പളം/യാത്രാച്ചെലവ് എന്നിവയെ സംബന്ധിക്കുന്ന വിവരം**

| 2022-23 സാമ്പത്തിക വർഷത്തിലെ ശമ്പളം/യാത്രാച്ചെലവ് എന്നിവയെ സംബന്ധിക്കുന്ന വിവരം | | |
|---|---|---|
| ഓഫീസിന്റെ പേര് | ശമ്പളം | യാത്രാച്ചെലവ് |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റ് | 159547821 | 809469 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, തിരുവനന്തപുരം | 54259267 | 172090 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, കൊല്ലം | 59658101 | 172112 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, പത്തനംതിട്ട | 42671770 | 146682 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, ആലപ്പുഴ | 58364192 | 195843 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, കോട്ടയം | 64536775 | 222734 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, ഇടുക്കി | 42289208 | 248210 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, എറണാകുളം | 79902798 | 284063 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, തൃശ്ശൂർ | 68504682 | 389828 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, പാലക്കാട് | 70161263 | 351258 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, മലപ്പുറം | 68415066 | 119376 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, കോഴിക്കോട് | 62352754 | 113638 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, വയനാട് | 41158103 | 83229 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, കണ്ണൂർ | 73149658 | 332261 |
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, കാസറഗോഡ് | 46163651 | 199216 |
| ആകെ | 991135109 | 3840009 |

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ 2022-23 സാമ്പത്തിക വർഷം കൈകാര്യം ചെയ്തിരുന്ന എസ്.ബി. അക്കൗണ്ടുകളുടെ വിശദവിവരവും, SASA യുടെ കെട്ടിട നിർമ്മാണവും പരിശീലന പരിപാടിയുടെ ചെലവുകൾക്കുമായി SASA ഡയറക്ടർ കൈകാര്യം ചെയ്തിരുന്ന എസ്.ബി.ഐ, റ്റി.എസ്.ബി. അക്കൗണ്ടുകളുടെ വിശദവിവരവും, സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ വകുപ്പിലെ വിവിധോദ്ദേശ്യത്തിനായി തുക കൈകാര്യം ചെയ്തിരുന്ന റ്റി.എസ്.ബി. അക്കൗണ്ടുകളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

**6.3 2022-23 സാമ്പത്തിക വർഷത്തെ പി.ഡി/റ്റി.പി./എസ്.ബി./കറന്റ് അക്കൗണ്ടുകൾ**

| ഓഫീസിന്റെ പേര് | തസ്തികയുടെ പേര് | SB/Current Account | Purpose തുടങ്ങിയ വിവരങ്ങൾ |
|---|---|---|---|
| സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ് | ഡയറക്ടർ | SBI, വികാസ് ഭവൻ 67212520794 | Survey & Studies |
| | ഡയറക്ടർ | SBI, വികാസ് ഭവൻ 39116601083 | EARAS |
| | ഡയറക്ടർ | SBI, വികാസ് ഭവൻ 36874851950 | SSSP |
| | ഡയറക്ടർ | SBI, വികാസ് ഭവൻ 37566008515 | USHA Scheme |
| | ഡയറക്ടർ | SBI, വികാസ് ഭവൻ 40508753018 | RMIS |
| | ഡയറക്ടർ | SBI, വികാസ് ഭവൻ 41478675408 | Agriculture Census |
| | ഡയറക്ടർ | SBI, വികാസ് ഭവൻ 41798208381 | Economic Census |
| | ഡയറക്ടർ | SBI, വികാസ് ഭവൻ 41441039441 | General |
| | ഡയറക്ടർ | SBI, വികാസ് ഭവൻ 41480761176 | Fasal Project |
| | ഡയറക്ടർ | SBI, വികാസ് ഭവൻ 41672469530 | RMIS holding account |
| | സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | 701121400000009 സബ് ട്രഷറി വികാസ് ഭവൻ | വിവിധോദ്ദേശ്യം |

| | | | |
|---|---|---|---|
| SASA | ഡയറക്ടർ SASA | SBI Account SBI വികാസ് ഭവൻ 67340068781 | 2022-23 വർഷത്തിൽ വിനിയോഗിച്ചിട്ടില്ല. |
| | ഡയറക്ടർ SASA | സ്പെഷൽ TSB, അക്കൗണ്ട്, സബ്ട്രഷറി, വികാസ് ഭവൻ 799011400002363 | 2022-23 വർഷത്തിൽ വിനിയോഗിച്ചിട്ടില്ല. |

2022-23 സാമ്പത്തിക വർഷം വകുപ്പിന് പ്ലാൻ സ്കീമുകൾ മുഖേന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്ക് ശീർഷക അടിസ്ഥാനത്തിൽ കൈവരിച്ച നേട്ടം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് 2022-23 | | | | |
|---|---|---|---|---|
| ക്രമ നം. | സ്കീം | യൂണിറ്റ് | ലക്ഷ്യം | നേട്ടങ്ങൾ |
| 1 | 3454-02-112-96- സർവേയും പഠനവും | | 2022-23 സാമ്പത്തികവർഷം കേരളത്തിലെ വന്ധ്യതയുടെ പ്രാചുര്യവും ചികിത്സയും സംബന്ധിച്ച പഠനം, കോവിഡ് മഹാമാരിയുടെ ആഘാതം മലയാളി പ്രവാസികളിൽ പഠനം എന്നീ 2 സർവേകൾ നടത്തുന്നതിന്. | കേരളത്തിലെ വന്ധ്യതയുടെ പ്രാചുര്യവും ചികിത്സയും സംബന്ധിച്ച സർവേയുടെ വിവരശേഖരണ പ്രവർത്തനം രണ്ട് ഘട്ടങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്. സ്ക്രൂട്ടിനി, റിപ്പോർട്ട് തയ്യാറാക്കൽ ഉൾപ്പെടെയുള്ള അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കോവിഡ് മഹാമാരിയുടെ ആഘാതം മലയാളിപ്രവാസികളിൽ എന്ന സർവേയുടെ വിവരശേഖരണ പ്രവർത്തനം രണ്ട് ഘട്ടങ്ങളിലായി പൂർത്തികരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | സ്കൂട്ടിനി, റിപ്പോർട്ട് തയ്യാറാക്കൽ ഉൾപ്പെടേയുള്ള അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| 2 | 3454-02-203-95 ജില്ലകളിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ | എണ്ണം | വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലേയും 61 താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിലെയും കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തുന്നതിനായുള്ള കമ്പ്യൂട്ടർ/ ലാപ്ടോപ്പുകൾ വാങ്ങൽ, മറ്റ് IT അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, അവയുടെ വാർഷിക മെയിന്റനൻസ് തുടങ്ങിയ പ്രവർത്തനങ്ങൾ | 1) 56 ലാപ്ടോപ്പുകൾ വാങ്ങി ജില്ലകൾക്ക് നൽകി.<br>2) ജില്ലാ ഓഫീസുകളിൽ e-office നടപ്പാക്കുന്നതിന്റെ ഭാഗമായി 14 സ്കാനറും, 14 പ്രിന്ററും നൽകി.<br>3) 4 ജില്ലകൾക്ക് LCD Projector വാങ്ങി നൽകി.<br>4) 5 KV UPS കേടായ 5 ജില്ലകളിൽ 3 ജില്ലകൾക്ക് പുതിയ 5KV UPS (with battery)വാങ്ങി നൽകുകയും നിലവിലെ 5KV UPS ന്റെ ബാറ്ററികൾ കേടായ 2 ജില്ലകൾക്ക് പുതിയ ബാറ്ററി അനുവദിക്കുകയും ചെയ്തു. 6 താലൂക്കുകൾക്ക് 3KV UPS കൾ വാങ്ങി നൽകിയിട്ടുണ്ട്.<br>5) 14 ജില്ല ഓഫീസുകൾ, 62 താലൂക്ക് ഓഫീസുകൾ എന്നിവിടങ്ങളിൽ സുഗമമായ internet connectivity ഉറപ്പിക്കുന്നതിനായി |

| | | | | |
|---|---|---|---|---|
| | | | | BSNL FTTH കണക്ഷന് വേണ്ട വാർഷിക ഫണ്ട് അനുവദിച്ചു.<br>6) ജില്ലാ/താലൂക്ക് ഓഫീസുകളിലെ IT അനുബന്ധ ഉപകരണങ്ങളുടെ വാർഷിക മെയിന്റനൻസ് നടപ്പിലാക്കുന്നതിന് വേണ്ട തുക മേൽപ്പറഞ്ഞ ഹെഡിൽ നിന്ന് വിനിയോഗിച്ചു.<br>7) ജില്ലാ/താലൂക്ക് ഓഫീസുകളിലെ ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കാൻ IT consumables, stationery charges എന്നിവ ഈ ഹെഡിൽ നിന്ന് വിനിയോഗിച്ചു.<br>8) CPI (R/U/C) index തയ്യാറാക്കുന്നതിന് വേണ്ടി സോഫ്റ്റ്വെയർ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടന്ന് വരുന്നു. |
| 3 | 3454-02-203-96 സ്ഥിതിവിവര കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം | എണ്ണം | സ്ഥിതിവിവരക്കണക്ക് ശാസ്ത്രമേഖലയിലെ നൂതന രീതികൾ പരിചയപ്പെടുത്തുന്നതിനും വകുപ്പ് നടത്തി വരുന്ന വിവിധ സർവേകളിലെ ആശയങ്ങളും, രീതി ശാസ്ത്രം, വിവരണശേഖരണം, അപഗ്രഥന രീതികളും | 2022-23 സാമ്പത്തിക വർഷം 13 ഇൻസർവീസ് പരിശീലന പരിപാടികളിലായി 1100 ഉദ്യോഗസ്ഥർക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | പരിചയപ്പെടുത്തുന്നതിലേയ്ക്കുമായി വകുപ്പ് ഉദ്യോഗസ്ഥർക്കായി പരിശീലന പരിപാടികളും ശിൽപശാലകളും സംഘടിപ്പിക്കാറുണ്ട്. | |
| 4 | **3454-02-203-98** ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ | എണ്ണം | ഡയറക്ടറേറ്റിലെ ഐ.റ്റി. സംബന്ധമായ അടിസ്ഥാന സൗകര്യ വികസനം | 1) ഡയറക്ടറേറ്റിലെ e-office ഉൾപ്പെടെ വിവിധ വിഭാഗങ്ങളിലെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പത്ത് **i5 laptops**, പന്ത്രണ്ട് **i3 laptops, 8 Network laser jet printers** എന്നിവ വാങ്ങി നൽകി.<br><br>2) പരിശീലനങ്ങൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നതിനായി കേടായ പ്രൊജക്ടറിന് പകരം പുതിയ **LCD Projector (with screen)** വാങ്ങി.<br><br>3)ഡയറക്ടറേറ്റിലെ നിലവിലുള്ള **BSNL FTTH Internet Connection** ന്റെ വാർഷിക ചെലവ് ഈ ഹെഡിൽ നിന്നും വഹിച്ചു.<br><br>4)ഡയറക്ടറേറ്റിലെ **IT** ഉപകരണങ്ങളുടെ **AMC charges, Repair and maintenance charges, consumable charges** എന്നിവ മേൽപറഞ്ഞ ഹെഡിൽ നിന്നും വഹിച്ചു.<br><br>**2022-23** ൽ നടത്തിയ |

| | | | | | |
|---|---|---|---|---|---|
| | | | | | പരിശീലനങ്ങൾ ശില്പശാലകൾ മുതലായവ<br><br>1) വകുപ്പിലെ ജീവനക്കാർക്കായി ഒരു ദിവസത്തെ e-office പരിശീലനം SASA യിൽ വച്ച് സംഘടിപ്പിച്ചു.<br><br>2) PFMS വിഷയമാക്കി ഒരു ദിവസത്തെ പരിശീലനം SASAയിൽ വച്ച് സംഘടിപ്പിച്ചു.<br><br>3) Capacity building in AI and data analytics എന്ന വിഷയത്തിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ വച്ച് 45 ദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. വകുപ്പിലെ ജോയിന്റ് ഡയറക്ടർ മുതൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് വരെയുള്ള 20 ജീവനക്കാർ പങ്കെടുത്തു.<br><br>4) വകുപ്പിലെ ജീവനക്കാർക്കായി Hardware & Networking വിഷയത്തിൽ 2023 ഫെബ്രുവരി 28 മുതൽ 2023 മാർച്ച് 2 വരെ 3 ദിവസത്തെ പരിശീലനം ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗം കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. വിവിധ തസ്തികകളിലെ 17 ജീവനക്കാർ പങ്കെടുത്തു.<br><br>5) കമ്പ്യൂട്ടർ വിഭാഗം ജീവനക്കാർക്കായി |

| | | | | |
|---|---|---|---|---|
| | | | | Refreshment training on PHP and MySQL എന്ന വിഷയത്തിൽ 2023 ഫെബ്രുവരി 13 മുതൽ 17 വരെ 5 ദിവസത്തെ പരിശീലനം SASA യിൽ വച്ച് സംഘടിപ്പിച്ചു. |
| 5 | 3454-02-112-88 കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ | | സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും ഉള്ള ഗുണനിലവാരം ഉറപ്പു വരുത്തുക | 1) കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് മാർച്ച് 2022 വരെയുള്ള ഇടക്കാല റിപ്പോർട്ട് ജനുവരി മാസത്തിൽ കമ്മീഷൻ സർക്കാരിൽ നൽകിയിട്ടുണ്ട്.<br><br>2) കമ്മീഷന്റെ നിർദ്ദേശാനുസരണം ഡാറ്റ കളക്ടർമാരുമായി ആശയവിനിമയം നടത്തുന്നതിനും വിവിധയിനം വിലശേഖരണം നടത്തുന്നതിലെ പ്രശ്നങ്ങൾ മനസിലാക്കു ന്നതിനുമായി എറണാകുളം ജില്ലയിൽ ഫെബ്രുവരി 16 നും ഇ.എ.ആർ.എ.എസ്. സംബന്ധിച്ച വിവരശേഖരണം നടത്തുന്നതിലെ പ്രശ്നങ്ങൾ മനസിലാക്കുന്നതിനുമായി തൃശ്ശൂർ ജില്ലയിൽ ഫെബ്രുവരി 17 നും കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെയർമാന്റെ അധ്യക്ഷതയിൽ ഏകദിന |

| | | | |
|---|---|---|---|
| | | | ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. വിലവിവര ശേഖരണവുമായി ബന്ധപ്പെട്ട ഡാറ്റ യൂസേഴ്സുമായിട്ടുള്ള ഏകദിന ശില്പശാല തിരുവനന്തപുരത്ത് മോഡൽ ഫിനിഷിംഗ് സ്കൂൾ ഹാളിൽ 2023 മാർച്ച് 17 ന് നടത്തുകയുണ്ടായി. |
| 6 | 3454-02-112-89 സ്ഥിതിവിവര കണക്ക് സംവിധാനം ശക്തിപ്പെടുത്തുന്നതിന് സഹായം (ഇന്ത്യാ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്ട്) | സ്ഥിതിവിവരക്കണക്ക് സംവിധാനം ശക്തിപ്പെടുത്തൽ | ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം<br><br>1) SASA യിൽ 2022-23 സാമ്പത്തിക വർഷത്തിൽ ആകെ 13 പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിൽ 10 പരിശീലന പരിപാടികൾ ഓഫ്‌ലൈനായും 3 പരിശീലന പരിപാടികൾ ഓൺലൈനായും നടത്തിയിട്ടുണ്ട്. കൂടാതെ ഡയറക്ടറേറ്റിൽ നിന്നും ഏതാനും പരിശീലന പരിപാടികളും സംഘടിപ്പികയുണ്ടായി.<br><br>2) SASA ബിൽഡിംഗിൽ കേരള സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ പ്രവർത്തനം 2022 ഡിസംബർ 1 മുതൽ പൂർണ്ണമായും ആരംഭിച്ചു. ആയതിലേക്കായി കമ്മീഷൻ ആവശ്യപ്പെട്ടത് |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രകാരമുള്ള സ്ഥല സൗകര്യങ്ങൾ SASA യിൽ അനുവദിച്ചിട്ടുണ്ട്.<br><br>3) SASAയിലെ വെബ്പോർട്ടൽ നവീകരിക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിനായി സ്റ്റാർട്ട്-അപ്പ് മിഷൻ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. ഉപഭോക്തൃ വില സൂചിക (റൂറൽ അർബൻ ആന്റ് കമ്പയിൻഡ്). കൺസ്യൂമർ പ്രൈസ് ഇൻഡക്സ് (റൂറൽ, അർബൻ ആന്റ് കമ്പയിൻഡ്) കണക്കാക്കുന്നതിനുള്ള വെയിംഗ് ഡയഗ്രം സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് പരിശോധിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിലെ 149 കേന്ദ്രങ്ങളിൽ നിന്ന് ശേഖരിക്കുന്ന 500 ൽ പരം സാധനങ്ങളുടെയും സേവനങ്ങളുടേയും വില വിവരവും 'ഹൗസ്റെന്റ് സർവേ'യിലൂടെ ശേഖരിക്കുന്ന വീട്ടുവാടകയും റേഷൻ കടകളിൽ നിന്നും ശേഖരിക്കുന്ന വിലകളും ആഴ്ചതോറുമുള്ള പച്ചക്കറി വിലകളും ശേഖരിച്ച് അപഗ്രഥിച്ച |

| | | | | |
|---|---|---|---|---|
| | | | | ശേഷം ഗ്രാമ-നഗര ഉപഭോക്തൃ വില സൂചിക മാസം തോറും തയ്യാറാക്കുന്നു. 2020 ജനുവരി മുതൽ പ്രസ്തുത സൂചിക തയ്യാറാക്കുന്നു. 2022 മാർച്ച് വരെയുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. |
| 7 | 3454-02-111-86-സംസ്ഥാനത്തെ ജനന മരണ സ്ഥിതിവിവര ക്കണക്കുകൾ ശക്തിപ്പെടുത്തൽ | | മരണ കാരണങ്ങൾ കണ്ടെത്തി അവ വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുക | 2020 എം.സി.സി.ഡി. വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. 2021 ലെ ഡാറ്റ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയ്ക്ക് അയച്ചു കൊടുത്തു. 2021 ലെ റിപ്പോർട്ട് പ്രസിദ്ധീകരണത്തിന് തയ്യാറായി വരുന്നു. 2022 ലെ ഡാറ്റ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയ്ക്ക് അയച്ചു കൊടുക്കുന്നതിനായി തയ്യാറാക്കി കൊണ്ടിരിക്കുന്നു. 2022-23 ൽ എം.സി.സി.ഡി. വിവരശേഖരണവുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ സംബന്ധിച്ച് ഒരു പരിശീലനപരിപാടി 14/12/2022 ൽ ഡയറക്ടറേറ്റിൽ വച്ച് നടത്തി. |

## അധ്യായം. 7

## വകുപ്പ് പ്രസിദ്ധീകരണങ്ങൾ

### 7.1 ആമുഖം

കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളുടെ വിവിധ പ്രസീദ്ധീകരണങ്ങൾ, സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ, മറ്റു സ്റ്റാറ്റിസ്റ്റിക്കൽ ഏജൻസികൾ തുടങ്ങിയവയിൽ നിന്ന് ലഭ്യമാകുന്ന റിപ്പോർട്ടുകൾ, പ്രസിദ്ധീകരണങ്ങൾ, കൂടാതെ വകുപ്പിൽ നിന്ന് അച്ചടിക്കുന്ന പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയുടെ ബൃഹത്തായ ശേഖരം വകുപ്പിന്റെ നവീകരിച്ച ലൈബ്രറിയുടെ പുസ്തക ശേഖരത്തിലുണ്ട്. ആസൂത്രണ ഗവേഷണ രംഗത്തുള്ളവരും വികേന്ദ്രീകൃതാസൂത്രണ മേഖലയിൽ പ്രവർത്തിക്കുന്നവരും ഈ ലൈബ്രറിയുടെ സേവനം ഉപയോഗപ്പെടുത്തുന്നു. വകുപ്പിലെ ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്കായി ഒരു പുതിയ ഓൺലൈൻ സോഫ്റ്റ്‌വെയർ തയ്യാറാക്കുകയുണ്ടായി.

**ടേബിൾ 7.1 1.**

**വകുപ്പ് പ്രസ്സിൽ നിന്നും അച്ചടിച്ച റിപ്പോർട്ടുകളും ഷെഡ്യൂളുകളും**

| ക്രമ നം. | അച്ചടിച്ചു നൽകിയ ഷെഡ്യൂൾ/റിപ്പോർട്ട് | സെക്ഷൻ | എണ്ണം | അച്ചടിച്ചു നൽകിയ തീയതി |
|---|---|---|---|---|
| 1 | മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡത്ത് – കരട് റിപ്പോർട്ട് 2020-21 | എം.സി.സി.ഡി | 1 | 02/04/2022 |
| 2 | ഇവാല്യുവേഷൻ സർവേ 2020-21 | ഇവാല്യൂവേഷൻ | 7 (ജില്ലകൾ) | 11/04/2022 |
| 3 | വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് കരട് റിപ്പോർട്ട് – 2021 | വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് | 1 | 26/04/2022 |
| 4 | കരട് റിപ്പോർട്ട് | എൻ.എസ്.എസ് | 40 | 28/04/2022 |
| 5 | കരട് റിപ്പോർട്ട് | എൻ.എസ്.എസ് | 40 | 30/04/2022 |
| 6 | കരട് റിപ്പോർട്ട് GSDP and NSDP with base year from 2011-12 to 2020-21 | സ്റ്റേറ്റ് ഇൻകം | 1 | 04/05/2022 |

| | | | | |
|---|---|---|---|---|
| 7 | മൊത്ത സ്ഥിര മൂലധന രൂപീകരണം 2021 | സ്റ്റേറ്റ് ഇൻകം | 1 | 05/05/2022 |
| 8 | കമ്പോള മൊത്തവില നിലവാര ബുള്ളറ്റിൻ | എം.ഐ | 15 | 12/05/2022 |
| 9 | വാർഷിക പ്രവർത്തന റിപ്പോർട്ട് 2022-23 | പ്ലാനിംഗ് | 4*5 | 31/05/2022 |
| 10 | സാമ്പത്തിക ലക്ഷ്യ വർഗ്ഗീകരണം കരട് റിപ്പോർട്ട് 2021 | സ്റ്റേറ്റ് ഇൻകം | 1 | 03/06/2022 |
| 11 | വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് കരട് റിപ്പോർട്ട് - 2021 | വി.എസ് | 3 | 08/06/2022 |
| 12 | 71st റൗണ്ട് സർവേ റിപ്പോർട്ട് (ജനുവരി 14-ജൂൺ 14) | എൻ.എസ്.എസ് | 1 | 10/06/2022 |
| 13 | കരട് റിപ്പോർട്ട് | ഇ.എ.ആർ.എ.എസ് | 1 | 21/06/2022 |
| 14 | കരട് റിപ്പോർട്ട് | ഇ.എ.ആർ.എ.എസ് | 1 | 30/06/2022 |
| 15 | 76th റൗണ്ട് സർവേ റിപ്പോർട്ട് (ജൂലൈ 18 – ഡിസംബർ 18) | എൻ.എസ്.എസ് | 2 | 04/07/2022 |
| 16 | കേരളത്തിലെ വന്ധ്യതാ ക്ലിനിക്കുകൾ - ഷെഡ്യൂൾ ബി | സർവേ &ഡിസൈൻ | 6 പേജ് – 50 | കേരളത്തിലെ വന്ധ്യതയുടെ സാധ്യതയും ചികിത്സയുടെ വ്യാപ്തിയും സംബന്ധിച്ച സർവേ 2022-23 07/02/2023 |
| 17 | കേരളത്തിലെ എ.ആർ.ടി ബാങ്ക്സ് - ഷെഡ്യൂൾ സി | സർവേ &ഡിസൈൻ | 2 പേജ് - 50 | |
| 18 | ദമ്പതികളിൽ നിന്നുള്ള വിവരശേഖരണം - ഷെഡ്യൂൾ ഇ | സർവേ &ഡിസൈൻ | 7 പേജ് - 50 | |
| 19 | ഷെഡ്യൂൾ ബി യുടെ ഇൻസ്ട്രക്ഷൻ | സർവേ &ഡിസൈൻ | 8 പേജ് – 50 | |

| | | | | |
|---|---|---|---|---|
| 20 | ഷെഡ്യൂൾ ഇ യുടെ ഇൻസ്ട്രക്ഷൻ | സർവേ &ഡിസൈൻ | 11 പേജ് – 50 | പ്രവാസികളിൽ നിന്നുള്ള വിവര ശേഖരണം 07/02/2023 |
| 21 | കോവിഡ് മഹാമാരിയുടെ ആഘാതം മലയാളി പ്രവാസികളിൽ 2022-23 - ഷെഡ്യൂൾ ബി | സർവേ &ഡിസൈൻ | 10 പേജ് - 50 | |
| 22 | കോവിഡ് മഹാമാരിയുടെ ആഘാതം മലയാളി പ്രവാസികളിൽ 2022-23 ഇൻസ്ട്രക്ഷൻ | സർവേ &ഡിസൈൻ | 14 പേജ് - 50 | |
| 23 | വിഷയ നിർണ്ണയ സമിതി റിപ്പോർട്ട് | പ്ലാനിംഗ് | 46 കോപ്പി – 60 പേജ് each | |
| 24 | വിഷയ നിർണ്ണയ സമിതി റിപ്പോർട്ട് | പ്ലാനിംഗ് | 1 കോപ്പി | |
| 25 | വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് കരട് റിപ്പോർട്ട് | വി.എസ് | 1 കോപ്പി (220 പേജ്) | 23/02/2023 |

ടേബിൾ 7.1.2

2022-23 കാലയളവിൽ ഗവൺമെന്റ് പ്രസ്സിൽ നിന്നും അച്ചടിച്ച റിപ്പോർട്ടുകളും ഷെഡ്യൂളുകളും

| ക്രമ നം. | അച്ചടിച്ചു നൽകിയ ഷെഡ്യൂൾ/റിപ്പോർട്ട് | സെക്ഷൻ | എണ്ണം | അച്ചടിച്ചു നൽകിയ തീയതി |
|---|---|---|---|---|
| 1 | വാർഷിക പ്രവർത്തന റിപ്പോർട്ട് | അഗ്രികൾച്ചർ സെൻസസ്, ഹൗസിംഗ് & ഇൻഡസ്ട്രീസ് | 50*4 | 23/06/2022 |
| 2 | ബിൽഡിംഗ് സ്റ്റാറ്റിസ്റ്റിക്സ് 2019-20 | ലേബർ & ഹൗസിംഗ് | 35 | 26/07/2022 |
| 3 | ഇൻപുട്ട് സർവേ 2016-17 റിപ്പോർട്ട് | | 125 | 03/08/2022 |
| 4 | കൃഷി ചെലവ് സർവേ | കോസ്റ്റ് ഓഫ് കൾട്ടിവേഷൻ | 25 | |
| 5 | ആനുവൽ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് 2020 | വി.എസ് | 150 | 20/09/2022 |
| 6 | ബിൽഡിംഗ് സ്റ്റാറ്റിസ്റ്റിക്സ് 2018-19 | ലേബർ & ഹൗസിംഗ് | 38 | 26/09/2022 |
| 7 | പ്രൈസ് സ്റ്റാറ്റിസ്റ്റിക്സ് 2020 | പ്രൈസ് | 25 കോപ്പി | 15/10/2022 |
| 8 | ആനുവൽ റിവ്യൂ ഓഫ് ക്രോപ്പ് സ്റ്റാറ്റിസ്റ്റിക്സ് 2020 -21 | കോസ്റ്റ് ഓഫ് കൾട്ടിവേഷൻ | 40 | 24/11/2022 |
| 9 | ഇവാല്യുവേഷൻ സർവേ റിപ്പോർട്ട് (പാലക്കാട്, ആലപ്പുഴ) | ഇവാല്യുവേഷൻ | 20 കോപ്പി | 02/12/2022 |
| 10 | എൻ.എസ്.എസ്. 79-ാം റൗണ്ട് സർവേ ഫോമുകൾ | എൻ.എസ്.എസ്. | 27,500 | 23/12/2022 |
| 11 | ആനുവൽ റിപ്പോർട്ട് പ്രിന്റിംഗ് | എം.സി.സി.ഡി | 35 കോപ്പി | 09/01/2023 |
| 12 | എം.ഐ.പ്രൈസ് 2021 Market Arrivals | എം.ഐ.പ്രൈസ് | 15 കോപ്പി | 09/01/2023 |
| 13 | ആനുവൽ സർവേ ഓഫ് ഇൻഡസ്ട്രീസ് 2018-19 Volume I, II | എ.എസ്.ഐ | 40 കോപ്പി | 09/01/2023 |
| 14 | അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് 2020-21 | അഗ്രിക്കൾച്ചർ സെൻസസ് | 150 കോപ്പി | 02/02/2023 |
| 15 | കോവിഡ് മഹാമാരി ആഘാതം-പ്രവാസികളിൽ-സർവേ ഫോറം. | സർവേ ആന്റ് ഡിസൈൻ | 9,500 കോപ്പി | 08/02/2023 |

| | | | | |
|---|---|---|---|---|
| 16 | ഇവാല്യുവേഷൻ സർവേ ഷെഡ്യൂൾ (വെള്ളക്കെട്ട് നിവാരണം-1500, നീർത്തട സംരക്ഷണം-5000, പൊതുനിർദ്ദേശം-165) | ഇവാല്യുവേഷൻ | 6,665 | 13/02/2023 |
| 17 | മണ്ണുസംരക്ഷണ പഠന സർവേ റിപ്പോർട്ട് (12 ജില്ലകൾ) | ഇവാല്യുവേഷൻ | 12*20 | 14/03/2023 |
| 18 | ബി.എസ്.എൽ.എൽ.ഡി ഷെഡ്യൂളുകൾ | ബി.എസ്.എൽ.എൽ.ഡി | 2,200 | 22/03/2023 |
| 19 | ഇവാല്യുവേഷൻ സർവേ റിപ്പോർട്ട് | ഇവാല്യുവേഷൻ | 50 | 22/03/2023 |

2022-23 സാമ്പത്തിക വർഷത്തിൽ വകുപ്പ് പ്രസിദ്ധീകരിച്ച്, വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത പ്രസിദ്ധീകരണങ്ങൾ/റിപ്പോർട്ടുകൾ എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**Table 7.1.3**

**DES-List of publications released during the year 2022-23**

| Sl. No. | Name | Scheme |
|---|---|---|
| 1 | Price Bulletin March 2022 | Prices |
| 2 | Building Statistics 2019-20 | Labour & Housing |
| 3 | GSDP and NSDP with base year 2011-12 from 2011-12 to 2020-21 (Quick) | State Income |
| 4 | Kerala Pothu Vipani Vila Avalokanam March 2022 | Prices |
| 5 | Market Price of Building Materials 2020-21 for Quarter Q1,Q2,Q3 & Q4 | Labour & Housing |
| 6 | Evaluation Study on soil Conservation 2020-21 Thiruvananthapuram District | Evaluation of Soil Conservation |
| 7 | Kerala Pothu Vipani Vila Avalokanam April 2022 | Prices |
| 8 | Evaluation Study on soil Conservation in Kasargod 2020-21 | Evaluation of Soil Conservation |
| 9 | Evaluation Study on soil Conservation in Kannur District 2020-21 | Evaluation of Soil Conservation |
| 10 | Evaluation Study on soil Conservation in Wayanad District 2020-21 | Evaluation of Soil Conservation |
| 11 | Evaluation Study on soil Conservation in Kozhikode District 2020-21 | Evaluation of Soil |

| | | |
|---|---|---|
| | | Conservation |
| 12 | Evaluation Study on soil Conservation in Malappuram District 2020-21 | Evaluation of Soil Conservation |
| 13 | Evaluation Study on soil Conservation in Palakkad District 2020-21 | Evaluation of Soil Conservation |
| 14 | Evaluation Study on soil Conservation in Thrissur District 2020-21 | Evaluation of Soil Conservation |
| 15 | Evaluation Study on soil Conservation in Ernakulam District 2020-21 | Evaluation of Soil Conservation |
| 16 | Evaluation Study on soil Conservation in Idukki District 2020-21 | Evaluation of Soil Conservation |
| 17 | Evaluation Study on soil Conservation in Kottayam District 2020-21 | Evaluation of Soil Conservation |
| 18 | Evaluation Study on soil Conservation in AlappuzhaDistrict 2020-21 | Evaluation of Soil Conservation |
| 19 | Evaluation Study on soil Conservation in Pathanamthitta District 2020-21 | Evaluation of Soil Conservation |
| 20 | Evaluation Study on soil Conservation in Kollam District 2020-21 | Evaluation of Soil Conservation |
| 21 | Annual Vital Statistics report 2020 | Vital Statistics |
| 22 | IIP report 3rd Quarter 2021-22 | Index of Industrial Production |
| 23 | Price Bulletin May 2022 | Prices |
| 24 | Final Estimates of Area and Production of Winter Paddy (Wet) 2021-22 | EARAS |
| 25 | Price Bulletin June 2022 | Prices |
| 26 | Final Estimates of Area and Production of Winter Paddy (Dry) 2021-22 | EARAS |
| 27 | Annual Average Market Price of Building Materials 2017-18 | Labour & Housing |
| 28 | Annual Average Market Price of Building Materials 2018-19 | Labour & Housing |
| 29 | Annual Average Market Price of Building Materials 2019-20 | Labour & Housing |
| 30 | Index of Industrial Production report 4th Quarter 2021-22 | Index of Industrial Production |
| 31 | Annual Average Market Price of Building Materials for the Year 2020-21 | Labour & Housing |
| 32 | Price Bulletin April 2022 | Prices |
| 33 | Kerala Pothu Vipani Vila Avalokanam May 2022 | Prices |
| 34 | NSS 76th round –Report on NSS Socio Economic Survey –Report on | National Sample |

| | | |
|---|---|---|
| | Persons with Disabilities in Kerala | Survey |
| 35 | Market Price of Building Materials and Labour wage rates for 2021-22 Fourth quarter | Labour & Housing |
| 36 | Price Bulletin July 2022 | Prices |
| 37 | Price Statistics 2020 | Prices |
| 38 | IIP report Quarter I 2022-23 | Index of Industrial Production |
| 39 | Annual Review of Crop Statistics System in Kerala 2020-21 | EARAS |
| 40 | Ecostat News November 2022 | Ecostat News |
| 41 | Medical Certification of cause of death 2020 | MCCD |
| 42 | Building Statistics 2020-21 | Labour & Housing |
| 43 | Agriculture Statistics 2020-21 | EARAS |
| 44 | GSDP and NSDP with base year 2011-12 from 2011-12 to 2021-22 | State income |
| 45 | Annual Survey of Industries 2018-19 Volume I | Annual Survey of Industries |
| 46 | Annual Survey of Industries 2018-19 Volume II | Annual Survey of Industries |
| 47 | Gross & Net District value added 2021-22 Quick | State income |
| 48 | National Sample survey 76th round Report on Drinking water, sanitation, Hygiene and Housing condition | National Sample Survey |
| 49 | Market Price of Building Materials and Labour wage rates for 2022-23 First Quarter | Labour & Housing |
| 50 | Final estimates of Area and Production of rice summer 2021-22 | EARAS |
| 51 | Price Bulletin August 2022 | Prices |
| 52 | Price Bulletin September 2022 | Prices |
| 53 | Price Bulletin October 2022 | Prices |
| 54 | CONSUMER PRICE INDEX (R/U/C)-2020 | Prices |
| 55 | CONSUMER PRICE INDEX (R/U/C)-2021 | Prices |
| 56 | CONSUMER PRICE INDEX (R/U/C)JANUARY 2022-MARCH 2022 | Prices |
| 57 | Ecostat News January 2023 | Ecostat News |
| 58 | Evaluation Study on Soil Conservation in Kerala 2019-20 | Evaluation Study on Soil Conservation |
| 59 | KERALA FOREST STATISTICS 2021 | Forest Dept |
| 60 | First Advance estimate of area and production of crops 2022-23 | EARAS |
| 61 | Second Advance estimate of area and production of crops 2022-23 | EARAS |
| 62 | Fourth Advance estimate of area and production of crops 2021-22 | EARAS |
| 63 | Final Advance estimate of area and production of crops 2021-22 | EARAS |

| | | |
|---|---|---|
| 64 | Classification of area on the basis of land Utilisation – Area Under Crops 2021-22 | EARAS |
| 65 | IIP report 2nd Quarter 2022-23 | Index of Industrial Production |
| 66 | Price Bulletin December 2022 | Prices |
| 67 | IIP report 3rd quarter 2022-23 | Index of Industrial Production |
| 68 | Price Bulletin November 2022 | Prices |

## അദ്ധ്യായം.8

## ഇന്റേണൽ ഓഡിറ്റ്

### 8.1 ആമുഖം

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ നിന്ന് 2022-23 കാലയളവിൽ ഓഡിറ്റിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ജില്ലാ/താലൂക്ക് ഓഫീസുകളിൽ എല്ലാ വർഷവും ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ഓഡിറ്റ് നടത്തുകയും വേണ്ട തിരുത്തൽ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

1 ശ്രീ. നിപുൺ ജോസഫ്, സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ
2 ശ്രീ. ശശീന്ദ്രൻ. എസ്., സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (ജീവനക്കാര്യം)
3 ശ്രീ. ദാസ്. കെ.വി., സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (ബഡ്ജറ്റ്)
4 ശ്രീ. അജി ആനന്ദ് വി., റിസർച്ച് അസിസ്റ്റന്റ് (കാർഷിക സെൻസസ്) (ജനറൽ വിഭാഗത്തിന്റെ അധിക ചുമതല)
5 ശ്രീ. നഫ്സൽ മുസ്ലിയാർ വൈ., റിസർച്ച് അസിസ്റ്റന്റ് (ഓഡിറ്റ് വിഭാഗം)
6 ശ്രീ.മുഹമ്മദ് ഷാഫി എ., സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I (അക്കൗണ്ട്സ്)
7 ശ്രീ. കൃഷ്ണകുമാർ എം., സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I (ഓഡിറ്റ് വിഭാഗം)

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലും ജില്ലാതലത്തിലും അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനകളിൽ 10 ഇൻസ്പെക്ഷൻ റിപ്പോർട്ടുകളിലായുള്ള 53 പാരകൾ തീർപ്പാക്കുകയും 38 പാരകൾ കുടിശ്ശികയായും ഉണ്ട്.

### 8.2 ഡയറക്ടറേറ്റിൽ സംഘടിപ്പിച്ചിട്ടുള്ള യോഗങ്ങൾ, വർക്ക് ഷോപ്പ് എന്നിവ സംബന്ധിച്ച്

1. സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷം

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ പിതാവായ പ്രശാന്തചന്ദ്ര മഹലനോബിസിന്റെ ജന്മദിനമായ ജൂൺ 29 ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആഘോഷിക്കുന്നു. ഇതിന്റെ ഭാഗമായി 29/06/2022-ന് പതിനാറാമത് സ്റ്റാറ്റിസ്റ്റിക്സ് ദിനാഘോഷത്തോടനുബന്ധിച്ച് സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

ബഹു:ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി ഷൈനി ജോർജ്ജ് പരിപാടി ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തിന്റെ ആസൂത്രണ സാമ്പത്തിക മേഖലകളിലെ പ്രവർത്തനങ്ങളുടെ ജീവനാഡിയാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് എന്നും, വകുപ്പ് ശേഖരിക്കുന്ന ഡാറ്റയുടെ പ്രാധാന്യത്തെക്കുറിച്ചും ആയതിന്റെ വ്യാപ്തി വർദ്ധിപ്പിക്കേണ്ടതിനെക്കുറിച്ചും ഉദ്ഘാടന പ്രസംഗത്തിൽ പറയുകയുണ്ടായി.

